# അവളെ വിട്ടുപോരിൻ

വെളിപ്പാട് 18:4

## മുഖവുര

''അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് അവന് യേശു എന്ന് പേരിടേണം''. പാപങ്ങളിൽ നിന്നുള്ള വിടുതലാണ് രക്ഷ.

എല്ലാവരും ഓടുന്നു; ഞാനും ഓടുന്നു. എന്തിന്? എന്നു ചോദിച്ചാൽ, സന്തോഷത്തിനും സമാധാനത്തിനും പ്രത്യാശയ്ക്കും വേണ്ടി ഓടുന്നു. പാപം മാഞ്ഞുകിട്ടിയാൽ മാത്രമേ യഥാർത്ഥ സന്തോഷവും സമാധാനവും ഉണ്ടാകയുള്ളൂ. ജീവിതം വിശുദ്ധമായാൽ മാത്രമേ സ്വർഗ്ഗത്തിൽ എത്തും എന്ന പ്രത്യാശയ്ക്ക് ഉറപ്പുള്ളൂ. കല്പനാ ലംഘനമാണ് പാപം എന്ന് 1 യോഹന്നാൻ 3:4 ൽ എഴുതിയിരിക്കുന്നു. ഒരു പൊത്തുപൊരുത്ത ജീവിതംകൊണ്ട് പ്രത്യാശ കിട്ടുന്നു എന്ന് അഭിമാനിക്കുന്നവരാണ് അനേകരും. നാം യഥാർത്ഥത്തിൽ എവിടെയാണ് നിൽക്കുന്നത് എന്ന് ചിന്തിക്കുവാൻ ഈ പുസ്തകം പ്രേരകമാകട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

ദൈവം ദാനിയേലിന് പ്രവചനം കൊടുത്തിട്ടു പറഞ്ഞു, ഇത് അന്ത്യകാലത്തേക്ക് ഉള്ളതാണ്. നാം ജീവിക്കുന്ന ഈ അന്ത്യകാലത്ത് നിവൃത്തിയാകേണ്ട പ്രവചനങ്ങൾ ചരിത്രത്തിൽ നിവൃത്തിയായി - നിവൃത്തിയായിക്കൊണ്ടിരിക്കുന്നു. അത് മനസ്സിലാക്കണം എങ്കിൽ ആദ്യം പ്രവചനം അറിയണം. പിന്നെ ലോകചരിത്രത്തിൽ ആത്മികഗോളത്തിൽ എന്തു നടക്കുന്നു എന്നതിലേക്ക് സൂക്ഷ്മദൃഷ്ടി ഉണ്ടായിരിക്കുകയും വേണം.

ക്രിസ്തീയ സഭയുടെ ആദികാലം മുതലുള്ള ചരിത്രം പ്രവചനപ്രകാരം എവിടെ എത്തിനിൽക്കുന്നു എന്നതാണ് ഈ പുസ്തകം. ആരേയും മോശക്കാരാക്കാനോ കുറ്റാരോപിതരാക്കാനോ ഉദ്ദേശിച്ചല്ല എഴുതിയത്. പക്ഷെ, പലർക്കും അപ്രിയമായ സത്യങ്ങൾ, അവ സത്യമായതുകൊണ്ട് എഴുതേണ്ടിവന്നു. വായനക്കാർ ദയവായി ക്ഷമിച്ചാലും. വായനക്കാരുടെ നില്പ് എവിടെയാണെന്ന് അവർ മനസ്സിലാക്കുവാൻ ഇതുമൂലം ഇടയായാൽ ഞാൻ കൃതാർത്ഥനാണ്.

എന്ന്,

കെ.എസ്. ആൻഡ്രൂസ്
അഴകത്തുമണ്ണിൽ
ചുങ്കത്തറ - 679 334

28-11-2014

## ഉള്ളടക്കം

1. വെളിപ്പാട് പന്ത്രണ്ടാം അദ്ധ്യായത്തിലെ സാത്താന്റെ പോരാട്ടം
2. മഹാസർപ്പം സ്ത്രീയെ ഉപദ്രവിച്ചു
3. ശുദ്ധീകരണ സ്ഥലം
4. സഭ അന്ധകാരത്തിലേക്ക്
5. മഹതിയാം ബാബിലോൺ
6. നവീകരണം
7. പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന് പല സമയങ്ങളിലായി ഉണ്ടായ മാറ്റങ്ങൾ
8. പ്രെറ്ററിസം
9. ഫ്യൂച്ചറിസം
10. പ്രൊട്ടസ്റ്റാനിസം ഫ്യൂച്ചറിസത്തെ ഉൾക്കൊള്ളുന്നു.
11. പ്ലിമൗത്ത് ബ്രദറണിന്റെ സംഭാവന
12. ഡാർബിയുടെ സംഭാവന
13. സൈറസ് ഇൻജേഴ്സൺ സ്കോഫീൽഡിന്റെ സംഭാവന
14. പോപ്പ് ഫ്രാൻസിസും ഏകലോക മതവിശ്വാസവും



അവളെ വിട്ടുപോരീൻ

# 1.

## വെളിപ്പാട് പന്ത്രണ്ടാം അദ്ധ്യായത്തിലെ സാത്താന്റെ പോരാട്ടം

യേശുക്രിസ്തു മൂന്നരവർഷം മാത്രം ഉപദേശിച്ചു. അദ്ദേഹത്തിന്റെ ഉപദേശം ആ തലമുറയിൽത്തന്നെ ലോകത്തെ മാറ്റിമറിച്ചു. 2000 വർഷങ്ങൾക്കു ശേഷവും കോടിക്കണക്കിന് ജനങ്ങൾ അനുയായികളായി ലോകത്ത് നിറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ഇവരിൽ വിരളമായിമാത്രം യേശുവിന്റെ ഉപദേശങ്ങൾ ഇപ്പോൾ കാണുന്നു. ചുറ്റുപാടുകളിൽ നടക്കുന്ന കോളിളക്കങ്ങളോ, കപ്പലിന്റെ ചാഞ്ചാട്ടമോ അറിയാതെ കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് സുഖമായി ഉറങ്ങുന്ന യോനയുടെ അവസ്ഥയിലാണ് ഇന്നത്തെ ക്രൈസ്തവ ലോകം.

ഒരു സ്ത്രീ, ഒരു ശിശു, ഒരു മഹാസർപ്പം – തുടക്കത്തിൽ ഇതൊരു പേടിപ്പിക്കുന്ന കഥയിലെ കഥാപാത്രങ്ങൾ എന്ന് തോന്നും. വാസ്തവത്തിൽ ഇവർ ഒരു പ്രവചനത്തിന്റെ ഭാഗമാണ്. 2000 വർഷങ്ങൾക്കു മുമ്പ് യോഹന്നാൻ അപ്പൊസ്തലന് പത്മോസ് ദ്വീപിൽ വച്ച് വെളിപ്പാടുകൾ നൽകപ്പെട്ടു. അവ എഴുതിയിരിക്കുന്നത് 'വെളിപ്പാട്' എന്നറിയപ്പെടുന്ന പുസ്തകത്തിൽ ആണ്. അതിന്റെ പന്ത്രണ്ടാം അദ്ധ്യായത്തിലെ പ്രവചനം ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് സംഭവിച്ചോ? അതോ, ഇനി സമീപഭാവിയിൽ സംഭവിക്കുവാനിരിക്കുന്നതാണോ? സ്ത്രീയെയും കുഞ്ഞിനെയും മഹാസർപ്പത്തെയും പ്രതിനിധീകരിക്കുന്നത് ആരാണ് എന്ന് ഗ്രഹിക്കുവാൻ ശ്രമിക്കാം.

യോഹന്നാൻ അപ്പൊസ്തലൻ ഒരു ദർശനം കാണുന്നു. നന്മയും തിന്മയും തമ്മിലുള്ള ഒരു വലിയ പോരാട്ടം. സമയത്തിന്റെ

ആരംഭത്തിൽത്തന്നെ തിരശ്ശീലയ്ക്കു പിന്നിൽ ആരംഭിച്ച പോരാട്ടം. ഈ സമയം വരെ ഈ പ്രവചനത്തിന്റെ മർമ്മം രഹസ്യമായി മറെക്കപ്പെട്ടിരുന്നു. രാജ്യങ്ങൾ ഉയരുകയും വീഴുകയും ചെയ്തു. ലോകമെമ്പാടും ഉള്ള അനേക സ്ത്രീപുരുഷന്മാർ തങ്ങൾ അറിഞ്ഞ തിരുവചന സത്യങ്ങൾക്കുവേണ്ടി നിലകൊണ്ടു. ഇതാണ് ക്രിസ്ത്യാനിത്വത്തിന്റെ കഥ. വെളിപ്പാടു പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിലേക്ക് കടക്കാം. സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. അവൾ ഗർഭിണിയായി, നോവുകിട്ടി, വേദനപ്പെട്ടു നിലവിളിച്ചു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു. വെളിപ്പാട് 12:1-4.

ക്രിസ്തുവിന്റെ ജനനത്തിന് ഏകദേശം ഇരുപത് വർഷങ്ങൾക്കു മുമ്പ് റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പലസ്തീൻ പ്രദേശങ്ങൾ ഹെരോദാ രാജാവ് ഭരിച്ചിരുന്നു.

ഈ പ്രവചനം മനസ്സിലാക്കുവാൻ അതിലെ സ്ത്രീ, കുഞ്ഞ്, മഹാസർപ്പം എന്നിവയെ നാം തിരിച്ചറിയേണ്ടിരിക്കുന്നു.

സ്ത്രീ - യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ''.....യിസ്രായേൽ കന്യകേ'' യിരെ. 31:4. യിസ്രായേലിനെ സ്ത്രീയായിട്ടാണ് ദൈവം വിളിക്കുന്നത്. "വിശ്വാസ ത്യാഗിനിയായ യിസ്രായേൽ" യിരെ. 3:8. "വിശ്വാസപാതകിയായ യഹൂദ എന്ന അവളുടെ സഹോദരി" യിരെ. 3:8. യിസ്രായേലിനെയും യഹൂദയെയും സഹോദരികളായി സംബോധന ചെയ്തിരിക്കുന്നു. "അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന് കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിന് അവൾക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു'' എഫെ. 5:26. ഇതിൽനിന്നെല്ലാം സഭയെ സ്ത്രീയായി ചിത്രീകരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം. വെളിപ്പാട് 12 ലെ സ്ത്രീയും സഭതന്നെയാണ്. ക്രിസ്തുവിന്റെ മണവാട്ടി സഭയാണ്.





ഈ സ്ത്രീ പ്രസവിച്ചത് ഒരു ആൺകുഞ്ഞിനെ. കുഞ്ഞ് ആര് എന്ന ചോദ്യത്തിന് രണ്ട് സൂചനകൾ ആണ് ഉള്ളത്. ഒന്നാമത് അവൻ ഇരുമ്പുകോൽ കൊണ്ട് ലോകത്തെ ഭരിക്കും വെളി. 2:27, സങ്കീ. 2:9. ദൈവം രാജ്യങ്ങളെ ഭരിക്കുന്നു എന്ന് കാണിക്കുന്നു. രണ്ടാമത് "കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു" എന്നതാണ്. ദൈവസിംഹാസനത്തിലേക്ക് എടുക്കപ്പെട്ടത് യേശു ആണ്. തീ നിറമുള്ള മഹാസർപ്പം വെളി. 12:3, വെളിപ്പാട് 12:9 -ൽ മഹാസർപ്പം സാത്താനാണെന്ന് കാണാം. പഴയ നിയമത്തിലും പുതിയ നിയമത്തിലും നശിപ്പിക്കുവാൻ നോക്കുന്നത് സാത്താൻ തന്നെയാണ്. ക്രിസ്തു ലോകത്തിൽ വന്നയുടനെ തന്നെ നശിപ്പിക്കുവാൻ നോക്കി. ആ പോരാട്ടം ഇന്നും നിലനിൽക്കുന്നു.

കിഴക്കുനിന്നു വന്ന വിദ്വാന്മാർ, "യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ"? എന്നു ചോദിച്ചു. ഹെരോദാവിന്റെ രാജത്വം പോകുമെന്ന് ഭയപ്പെട്ട രാജാവ് വിദ്വാന്മാരോടു ചോദിച്ചറിഞ്ഞ സമയത്തിന് അനുസരണമായി രണ്ടു വർഷത്തിനകത്ത് ജനിച്ചിട്ടുള്ള എല്ലാ ആൺകുട്ടികളെയും പടയാളികളെ അയച്ച് കൊല്ലിച്ചു. സംസ്ക്കാരശൂന്യമായ ഈ പ്രവൃത്തിക്ക് അസൂയയിൽ നിന്ന് ഉളവായതിനേക്കാൾ ആഴമുണ്ട്. ഇതിനേക്കാൾ വലിയ പോരാട്ടം കാലങ്ങൾക്കു മുമ്പേ നടന്നിരുന്നു. ക്രിസ്തു ലോകത്തിലേക്ക് വന്നയുടനേ നശിപ്പിക്കുവാൻ സാത്താൻ നോക്കി. വെളിപ്പാട് 12-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് കാണുന്നത് സാത്താനും ക്രിസ്തുവുമായുള്ള പഴയ പോരാട്ടം ആണ്. റോമിന്റെ അധിപതിയിൽ കൂടെ തുടരുന്നു.

ഏദനിൽ വച്ച് സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും എന്ന് ദൈവം പറഞ്ഞതുമുതൽ സാത്താൻ ജാഗരൂകനാണ്. യേശുവിന്റെ പരസ്യശുശ്രൂഷയുടെ കാലത്ത് ശത്രുക്കൾ പരസ്യമായി യേശുവിനെ ഉപദ്രവിച്ചു. മലമുകളിൽ നിന്ന് അവനെ തള്ളിയിടുവാൻ നോക്കി. ലൂക്കോസ് 4:29. ''യഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു'' യോഹ. 5:18. യേശു കുരിശിൽ മരിക്കുന്നതിനു മുമ്പ് അവനെ നിശബ്ദനാക്കുവാൻ സാത്താൻ ശ്രമിച്ചു. എന്നാൽ യേശു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ രക്ഷണ്യ പദ്ധതി നശിപ്പിക്കാൻ നോക്കിയ സാത്താൻ പരാജിതനായി.

# 2.

## മഹാസർപ്പം സ്ത്രീയെ ഉപദ്രവിച്ചു

മഹാസർപ്പം സ്ത്രീയെ ഉപദ്രവിച്ചു. വെളി. 12:13.

**ദൈ**വപുത്രൻ ശാരീരികമായി സാത്താന്റെ ആഗിരണ വലയത്തിൽ നിന്നും അകലെ ആയതുകൊണ്ട് സാത്താൻ ക്രിസ്തുവിന്റെ അനുയായികളെ ക്രോധമദ്യം കുടിപ്പിക്കാൻ തുടങ്ങി. റോമിന്റെ ശക്തിയോടെ ഇത് അവൻ ഭംഗിയായി ചെയ്തു. വചനം പറയുന്നു - "തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്ന് മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചുതുടങ്ങി" വെളി. 12:13. യേശുവിനെ ലോകത്തിന് ദാനം ചെയ്തത് യിസ്രായേൽ ആണ്. എന്നാൽ ഉപദ്രവം ഏറ്റത് യിസ്രായേലിന്റെ പിൻതുടർച്ചയായ ക്രിസ്തീയ സഭയാണ് മത്തായി 21:43 :- "അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്ക് കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു". ഫലം കൊടുക്കാതിരുന്ന യിസ്രായേലിനെ ദൈവം തള്ളി തൽസ്ഥാനത്ത് ക്രിസ്തീയ സഭ ഉടലെടുത്തു. സാത്താൻ ഉപദ്രവിച്ചത് ക്രിസ്തീയ സഭയെയാണ്.

റോമൻ സാമ്രാജ്യത്തിൽ വളരെ ചെറിയ കൂട്ടമായിരുന്ന ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടു. ഔദ്യോഗികമായി അവരുടെ മതം അംഗീകരിച്ചതുമില്ല. റോമൻ സാമ്രാജ്യത്തിന്റെ മുഖ്യനയം സംസ്ഥാനങ്ങളുടെ നന്മ ആയിരുന്നു. ഇത് ദൈവങ്ങളെ ശരിയാംവണ്ണം ആരാധിച്ചാൽ സാധ്യമാകും എന്ന് വിശ്വസിച്ചിരുന്നു.

ദൈവങ്ങൾക്ക് യാഗം കഴിക്കണം എന്നില്ലായിരുന്നു. എന്നാൽ ചക്രവർത്തിയേയും ദൈവമായി കണക്കാക്കപ്പെട്ടിരുന്നു. രാജ്യത്ത് അനിഷ്ടമായി എന്തെങ്കിലും സംഭവിച്ചാൽ അത് ക്രിസ്ത്യാനികളുടെ ദൈവനിഷേധം കാരണമാണ് എന്ന് വിശ്വസിച്ചിരുന്നു. അതിന് അവരെ ശിക്ഷിക്കുമായിരുന്നു. പലപ്പോഴും ആ ശിക്ഷ മരണമായിരുന്നു. ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടുന്നതിനെ സഹോദരങ്ങളുമായി അനാശാസ്യ പ്രവർത്തനത്തിനാണ് എന്ന് വരുത്തിത്തീർത്തു. ഇങ്ങനെ





അവർ അനാശാസ്യം നടത്തുന്നു എന്ന് നുണ പ്രചരിപ്പിച്ചു. കൂടാതെ ക്രിസ്ത്യാനികൾ കുഞ്ഞുങ്ങളെ തിന്നുന്നു എന്ന് പ്രചരിപ്പിച്ചു. ക്രിസ്ത്യാനികളെ അവരുടെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിട്ടു. രാജ്യസേവനത്തിൽ അവർക്ക് പങ്കില്ലാതെയാക്കി. അവരുടെ പുസ്തകങ്ങൾ കത്തിച്ചു. അവരുടെ പള്ളികൾ ഇടിച്ചുകളഞ്ഞു. അവരുടെ കൂടിവരവ് നിരോധിച്ചു. ഇവ എല്ലാം രാജ്യത്തിന്റെ നന്മയ്ക്കാണെന്ന് വരുത്തിത്തീർത്തു.

ആദിമസഭ ഇപ്രകാരം റോമൻ സാമ്രാജ്യത്തിന്റെ പീഡനം ഏറ്റപ്പോൾ അവരുടെ ജീവിതം ശക്തമായ സത്യത്തിന്റെ സാക്ഷ്യമായിത്തീർന്നു. ജാതികൾ അന്ധവിശ്വാസത്തിന്റെ രീതിയിൽ ജീവിച്ചപ്പോൾ ക്രിസ്ത്യാനികൾ പീഡനത്തിന്റെ നടുവിലും അസാമാന്യമായ സമാധാനത്തിൽ ജീവിച്ചു.

നീറോ ചക്രവർത്തി ക്രിസ്ത്യാനികളെ സിംഹത്തിന് ആഹാരമാക്കി. അവരെ തൂണുകളിൽ കെട്ടിവച്ച് ജീവനുള്ള ശരീരം കത്തിച്ച് അതിന്റെ വെളിച്ചത്തിൽ റോമാക്കാർ അവരുടെ ആഘോഷങ്ങൾ നടത്തി. അവരെ രണ്ടായി വലിച്ചുകീറി മൃഗങ്ങൾക്ക് ആഹാരമായി കൊടുത്തു. ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ എല്ലാ മാർഗ്ഗങ്ങളും നോക്കി. അവർ വേദനകൊണ്ട് പുളഞ്ഞു മരിക്കുമ്പോഴും സന്തോഷഗാനങ്ങൾ പാടി. ആയിരങ്ങൾ ഇങ്ങനെ അവരുടെ ജീവൻ കൊടുത്തപ്പോൾ അത് പുതിയ സഭയുടെ ആരംഭത്തിന് കാരണമായിത്തീർന്നു. ക്രിസ്ത്യാനികൾക്ക് എങ്ങനെ ഇപ്രകാരം മരിക്കുവാൻ കഴിയും എന്ന് ആശ്ചര്യപ്പെട്ടുകൊണ്ട് പതിനായിരങ്ങൾ സഭയോടു ചേർന്നു. അങ്ങനെ ക്രിസ്തുമതം കാട്ടുതീ പോലെ പടർന്നു.

റോമൻ ചക്രവർത്തിമാർ സംഘടിതരായി ക്രിസ്ത്യാനികളെ കൊന്നപ്പോഴും അവരുടെ ദേഷ്യവും വിനോദവും ക്രിസ്ത്യാനികളുടെ മേൽ ചൊരിഞ്ഞപ്പോഴും സഭ അവയെ അതിജീവിച്ചു. സഭയെ ഇല്ലാതാക്കുവാൻ കഴിഞ്ഞില്ല.

ഈ കാലത്ത് അസാധാരണമായി വളർന്ന ക്രിസ്തീയസഭ റോമാ സാമ്രാജ്യത്തിൽ ഉടനീളം ഗുഹകളിലും അറകളിലും അഭയം പ്രാപിച്ചു. ഈ അറകൾ ക്രിസ്ത്യാനികൾ നിർമ്മിച്ചവ ആണ്. ഭൂഗർഭ അറകൾ വളരെ വിസ്തൃതിയുള്ളവ ആയിരുന്നു. അതിൽ അവർ

ആരാധനയ്ക്ക് കൂടിവരുമായിരുന്നു. തങ്ങളുടെ മരിച്ചവരുടെ ശരീരങ്ങളെ മറവുചെയ്തിരുന്നത് ഈ അറകളിലാണ്.

സമർത്ഥനായ പട്ടാള മേധാവിയും അഗ്രഗണ്യനായ രാഷ്ട്രീയ നേതാവും ആയിരുന്ന കുസ്തന്തീനോസ് ചക്രവർത്തി എ.ഡി. 306-ൽ അധികാരത്തിൽ വന്നു. ചക്രവർത്തിക്ക് ധാരാളം യുദ്ധങ്ങൾ നടത്തണമായിരുന്നു. കുസ്തന്തീനോസ് വടക്കുനിന്ന് ആരംഭിച്ചു ഒന്നിനു പിറകെ ഒന്നായി യുദ്ധങ്ങൾ ജയിച്ചു.

അദ്ദേഹം യുദ്ധത്തിനായി ഭടന്മാരുമായി പോകുമ്പോൾ ഒരു രാത്രിയിൽ ഒരു ദർശനം ഉണ്ടായി. ദർശനത്തിൽ ഒരു ദൂതൻ, കുരിശിന്റെ അടയാളത്തിൽ യുദ്ധം ജയിക്കും എന്നു പറഞ്ഞു. കുസ്തന്തീനോസ് തന്റെ ഭടന്മാരോട് പരിചയിൽ കുരിശടയാളം പിടിപ്പിക്കുവാൻ പറഞ്ഞു.

കുസ്തന്തീനോസിന്റെ ശത്രുക്കൾ പട്ടണംവിട്ട് ഒഴിഞ്ഞു. ഒരു പ്രത്യേക സന്ദർഭത്തിൽ ശത്രുസൈന്യം ചക്രവർത്തിയുടെ സൈന്യത്തിനു മുന്നിലും, പിന്നിൽ നദിയും ആയി. അത് തികച്ചും വല്ലാത്ത ചുറ്റുപാടായിരുന്നു. മറ്റൊന്നും ചെയ്യുവാനില്ലായിരുന്നു. അവർ ആഞ്ഞടിച്ചു. വിജയിക്കുകയും ചെയ്തു. ക്രിസ്ത്യാനി അല്ലാതിരുന്ന കുസ്തന്തീനോസിനെ സംബന്ധിച്ച് ഇത് വലിയ വിജയം ആയിരുന്നു. ക്രിസ്ത്യാനികളുടെ ദൈവം മറ്റു ദേവന്മാരേക്കാൾ വലിയവൻ ആണെന്ന് പ്രഖ്യാപനവും നടത്തി. ചക്രവർത്തിയുടെ കല്പനപ്രകാരം എല്ലാവരേയും ഉൾക്കൊള്ളുക എന്നത് സ്വീകാര്യമായിത്തീർന്നു.

കുസ്തന്തീനോസ് 'മഹാൻ' എന്ന പേരിന് എന്തുകൊണ്ടും അർഹനാണ്. കാരണം, അന്നുവരെ പീഡിതഭാഗമായി കഴിഞ്ഞ ക്രിസ്ത്യാനിത്വം രാജ്യത്തെ ഔദ്യോഗിത മതമായി അദ്ദേഹം മാറ്റുകയുണ്ടായി. (The Catholic Encyclopedia Volume 4, Page 297)

അങ്ങനെ റോമാസാമ്രാജ്യത്തിൽ നിന്നും അനേകർ ക്രിസ്തീയ സഭയിലേക്ക് കടന്നുവന്നു. കൂടെ അവരുടെ പഴയ വിശ്വാസങ്ങളും ദേവന്മാരെയും ചേർത്തു. ക്രിസ്ത്യാനിത്വം പൂർണ്ണ ഔദ്യോഗിക പദവി നേടിയപ്പോൾ അത് വളരെ ആകർഷണീയമാവുകയും തൽഫലമായി വലിയ ഒരു പിൻതലമുറയുടെ ഒഴുക്കും ഉണ്ടായി. ഈ ക്രിസ്ത്യാനിത്വം ആണ് ഇന്നു നാം കാണുന്ന ക്രിസ്ത്യാനിത്വം.

കാലങ്ങളോളം സഭാനേതാക്കന്മാർ വിഗ്രഹാരാധനക്കാർ





ഉപയോഗിച്ചിരുന്ന പുരോഹിത വസ്ത്രവും ആഡംബരവും, ലളിതമായ ദൈവകല്പയ്ക്ക് വിരുദ്ധമായി ഉപയോഗിച്ചു. ക്രിസ്തീയ സഭ ജാതികളെ മാനസാന്തരപ്പെടുത്തുന്നതിനു പകരം ജാതികൾ ക്രിസ്ത്യാനികളെ അവരുടെ രീതികൾ പഠിപ്പിച്ചു. അങ്ങനെ വിശ്വാസത്യാഗം സംഭവിച്ചു.

പുതിയ നിയമ എഴുത്തുകളിലൂടെയും ചരിത്രകാരന്മാരിലൂടെയും ആദ്യ നൂറ്റാണ്ടിലെ സഭയുടെ സ്വഭാവം നമുക്ക് അറിയാം. എന്നാൽ രണ്ടുമുതൽ നാലാം നൂറ്റാണ്ടുവരെ ആയപ്പോൾ അന്ധകാരത്തിന്റെ നിഴൽ അടിച്ചുതുടങ്ങി. അറിയാതെ ചോദിച്ചുപോകും; എന്തൊരു മാറ്റം, എന്തു സംഭവിച്ചു? ആദിമനൂറ്റാണ്ടിൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ദൈവകല്പനകളെ പ്രമാണിക്കുകയും ചെയ്തവരെ കൊന്നൊടുക്കി വിജയിക്കുവാൻ സാത്താൻ ശ്രമിച്ചു. അങ്ങനെ മരിക്കുന്നവരെല്ലാം സ്വർഗ്ഗത്തിൽ എത്തും എന്നറിഞ്ഞപ്പോൾ പരിപാടികൊണ്ട് പ്രയോജനം ഇല്ലെന്ന് മനസ്സിലായി. രക്തസാക്ഷികളുടെ എണ്ണം കൂട്ടാനേ ഇത് ഉപകരിച്ചുള്ളൂ. സാത്താൻ അടവുനയം മാറ്റി. ദാനിയേൽ 11:30. "അതുകൊണ്ട് അവൻ മടങ്ങിച്ചെന്ന്, വിശുദ്ധനിയമത്തിനു നേരെ ക്രുദ്ധിച്ചു പ്രവർത്തിക്കും. അവൻ വിശുദ്ധ നിയമത്തെ ഉപേക്ഷിക്കുന്നവരെ ആദരിച്ചുകൊള്ളും". ആദ്യം വിഗ്രഹങ്ങളെ ഉണ്ടാക്കരുത് എന്ന കല്പന എടുത്തുമാറ്റി. അതോടെ ക്രിസ്ത്യാനികളുടെ വിശുദ്ധി നഷ്ടപ്പെട്ടു.

എ.ഡി. 391-ൽ തിയോഡനിസ് ഒന്നാമൻ ചക്രവർത്തിയുടെ കല്പനപ്രകാരം ക്രിസ്തീയ ആരാധനകൾ അല്ലാതെ മറ്റു വിഗ്രഹ ആരാധനകൾ എല്ലാം നിരോധിച്ചു. സാമ്രാജ്യത്തെ ക്രൈസ്തവവത്ക്കരിച്ചു. ജാതീയ സംസ്ക്കാരത്തെ ക്രിസ്തീയം ആക്കി. പഴയ ബസലിക്കകൾ മുഴുവൻ അമ്പലങ്ങൾ ആയിരുന്നു. അവിടെയൊക്കെ ഓരോ കുരിശു വച്ചു. ബൈബിൾ ദൃശ്യങ്ങളും കഥാപാത്രങ്ങളും വിശുദ്ധന്മാരുടെ പടങ്ങളും അമ്പലച്ചുവരിൽ തൂക്കി; ക്രിസ്തീയ ആലയം ആക്കി. ക്രിസ്ത്യാനികൾ ജാതികളുടെ ആരാധനാ കേന്ദ്രങ്ങളെയും ആരാധനാ വസ്തുക്കളെയും സ്വന്തമാക്കി. നമുക്ക് അറിയാത്തത് ഇത് ഏതറ്റംവരെ പോയി എന്നതാണ്.

ദശലക്ഷക്കണക്കിന് വിഗ്രഹാരാധികൾ സഭയിൽ ചേർന്നപ്പോൾ സ്വാഭാവികമായും അവരുടെ വിഗ്രഹങ്ങൾ നശിപ്പിക്കുവാൻ അവർ വിസമ്മതിച്ചു. അനേകർ തങ്ങളുടെ പക്കൽ ഉള്ള വിഗ്രഹങ്ങൾക്ക് പൗലോസ് എന്നും പത്രോസ് എന്നും മാറ്റി നാമകരണം ചെയ്തു. ജൂപിറ്റർ ദേവന്റെ പ്രതിമ പത്രോസിന്റെ പ്രതിമയാക്കി മാറ്റി. നല്ല ഇടയനായ യേശുവിന്റെ പ്രതിമ ഹെർമിസ് എന്ന ദേവന്റെ രൂപമാണ്. ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന യേശുവിന്റെ രൂപം, അസ്കലേപ്പിയസ് ദേവന്റേതാണ്. ചെറുപ്പക്കാരനായ ചുരുണ്ട മുടിയും താടിയും ഉള്ള യേശു. പെട്ടെന്ന് വിശുദ്ധന്മാരുടെയും യേശുവിന്റെയും പ്രതിമകൾ സഭകളിൽ നിറയുവാൻ തുടങ്ങി. ദൈവം തന്റെ കല്പനയിൽ നിരോധിച്ച കാര്യം തൃണവൽഗണിച്ചുകൊണ്ടു പേരുമാറ്റിയ വിഗ്രഹങ്ങളെ ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും തുടങ്ങി.

എന്നാൽ രണ്ടാം കല്പന അനുശാസിക്കുന്നത്:- ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും, കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത് എന്നാണ് പുറപ്പാട് 20:4,5.

ഒടുവിലത്തേത് യേശുവിന്റെ അമ്മ മറിയയെ നമസ്ക്കരിക്കുന്നതാണ്. മറിയ, വിശ്വസ്തയായ, നല്ല ഭക്തിയുള്ള സ്ത്രീ ആയിരുന്നു. ബൈബിൾ അവരെ നിർമ്മലയും ദൈവഭക്തിയും ഉള്ള നല്ല ഒരു വ്യക്തിയായി ചിത്രീകരിച്ചിരിക്കുന്നു. യേശുവിനെ പ്രസവിപ്പാനുള്ള ഭാഗ്യം അവർക്ക് ലഭിച്ചു. എന്നാൽ ബൈബിൾ ഒരിടത്തും അവരെ നമസ്ക്കരിക്കുവാനോ, മഹത്വപ്പെടുത്തുവാനോ പറയുന്നില്ല. പ്രാചീന ക്രിസ്തീയ ചരിത്രത്തിൽ മറിയ ഒരു പ്രധാന വ്യക്തിയായിരുന്നു. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ വേർപെടുത്തുവാൻ കഴിയാത്തവണ്ണം ഒരു ദേവിയായി മാറിക്കഴിഞ്ഞു. കന്യകമറിയം മനുഷ്യകുലത്തിനുവേണ്ടി തന്റെ മകനോട് മദ്ധ്യസ്ഥത വഹിക്കുന്ന രൂപങ്ങൾ, വിചിത്രമായ ചില ചിത്രങ്ങൾ, ആ കാലത്തിലെ മതപരമായ ചിത്രങ്ങൾ എന്നിവ ആവിർഭവിച്ചു. അവയെ ആരാധിച്ചും വന്നു. എ.ഡി. 325-ൽ നൈസിയൻ കൗൺസിലിൽ വച്ച് മേരിയെ ദേവതയായും





ക്രിസ്തുവിനോടൊപ്പം മദ്ധ്യസ്ഥത ചെയ്യുന്നവളുമായി ഉയർത്തി. 4-ാം നൂറ്റാണ്ടിന്റെ അവസാനപാദം മുതൽ സഭകൾ കന്യകമേരിക്കായി പ്രതിഷ്ഠിച്ചുതുടങ്ങി.

ദുഃഖത്തോടെ പറയട്ടെ, ഇത്രയും അല്ല, ഈ കാലത്തെ തെറ്റുകൾ. അപ്പൊസ്തോലിക കാലത്ത് സ്നാനം പവിത്രമായ ഒരു കൂദാശ ആയിരുന്നു. അത് സ്വന്തമായി തീരുമാനം എടുക്കുന്നവർക്ക് മാത്രം ഉള്ളതായിരുന്നു. ക്രിസ്തുവിനെയും അവനിലൂടെ ഉള്ള ക്ഷമയെയും പരസ്യമായി അംഗീകരിക്കുന്നതാണ് ഇത്. സ്നാനം അർത്ഥമാക്കുന്നത്, ഒരു മനുഷ്യന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെയും ആത്മാവിന്റെ പുതുക്കത്തിൽ ക്രിസ്തുവിൽ പുതുജീവൻ പ്രാപിക്കുന്നതിനെയും ആണ്. നൂറ്റാണ്ടുകളിലൂടെ കണ്ടുവരുന്നത് സ്നാനം ക്രിസ്ത്യാനിത്വത്തിലേക്ക് അഥവാ ക്രിസ്തുവിന്റെ ശരീരം ആകുന്ന സഭയിലേക്ക് ഉള്ള ഒരു പ്രവേശനവും ആയിട്ടാണ്. ശൈശവം കഴിഞ്ഞ് യുവത്വത്തിലേക്ക് കടക്കുന്ന ആദ്യനാളുകളിൽ സ്നാനം ഏൽക്കണം.

സ്നാനശുശ്രൂഷ വലിയ ജലാശയങ്ങളിലോ നദികളിലോ നടത്താറുണ്ട്. അവിടെ പൂർണ്ണമായി മുങ്ങുവാൻ സാധിക്കും. ഇതിനെ പാപം കഴുകിക്കളയുന്നതിനോട് സാദൃശപ്പെടുത്തുന്നു. സ്നാനത്തിന്റെ മാതൃക സാവധാനം സഭകൾ മാറ്റി. ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ തളിപ്പ്, കഴുകൾ, തുടപ്പ്, ഒഴിക്കൽ എന്നീ തരത്തിലുള്ള സ്നാനരീതികൾ പ്രചാരം നേടി. ഇവ കർത്താവിന്റെ മാതൃകയെയും സ്നാനത്തിന്റെ അർത്ഥത്തെയും ഇല്ലാതാക്കുന്നു.

ഈ തരത്തിലുള്ള മാറ്റം 12-ാം നൂറ്റാണ്ടുവരെ തുടർന്നുകൊണ്ടിരുന്നു. 12-ാം നൂറ്റാണ്ടിൽ വേദപണ്ഡിതന്മാർ ക്രിസ്തീയ പഠിപ്പിക്കലുകൾ പുനരവലോകനം ചെയ്തു. മനുഷ്യന്റെ പാപം ഏദൻതോട്ടത്തിൽ നിന്ന് ആരംഭിച്ച് തുടരുന്നു എന്ന നിഗമനത്തിൽ എത്തി. ഒരു കുഞ്ഞ് ജനിക്കുമ്പോൾത്തന്നെ അവൻ പാപിയാണ് എന്ന വേദവിരുദ്ധ പഠിപ്പീര് ഉണ്ടായി. അതിനാൽ ഈ പാപം മോചിക്കുന്നതിനായി ശിശുവിനെ സ്നാനപ്പെടുത്തണം എന്ന് സഭ പഠിപ്പിച്ചു. അല്ലെങ്കിൽ കുഞ്ഞ് മരിച്ചുപോയാൽ നരകത്തിൽ കിടന്ന് കത്തും എന്നും സഭ പഠിപ്പിച്ചു.

തിരുവത്താഴം എന്ന മറ്റൊരു ക്രിസ്തീയ സത്യത്തെയും മാറ്റി. കർത്താവ് സ്ഥാപിച്ച മനോഹരവും അർത്ഥവത്തും എന്നാൽ ലളിതവുമായ ഈ ശുശ്രൂഷയെ തിരുവത്താഴം എന്നോ കർത്തൃമേശ എന്നോ ഉള്ള പേരിൽ അറിയപ്പെടുന്നു. അതിൽ ലഹരി ഇല്ലാത്ത വീഞ്ഞും പുളിപ്പില്ലാത്ത അപ്പവും ഉപയോഗിച്ചിരുന്നു. ഈ അപ്പം പാപമില്ലാത്ത ക്രിസ്തുവിന്റെ ശരീരത്തെയും വീഞ്ഞ് യേശുവിന്റെ രക്തത്തെയും കാണിച്ചു. മദ്ധ്യകാലഘട്ടത്തിൽ ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രധാനപ്പെട്ട കൂദാശ ആയിരുന്നു, തിരുവത്താഴം. ("കുർബ്ബാന" വാക്കിന്റെ അർത്ഥം ബലി എന്നാണ്) വിഗ്രഹാരാധകരുടെ സ്വാധീനം കാരണം തിരുവത്താഴ ശുശ്രൂഷ മർമ്മപരമായ ഒരു ചടങ്ങായി സഭാനേതാക്കൾ മാറ്റി. ഈ പുതിയ രീതിയിൽ അവർ ലഹരിയുള്ള വീഞ്ഞ് ഉപയോഗിക്കും. അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ യഥാർത്ഥ ശരീരവും രക്തവുമായി മാറ്റുന്നു എന്ന് വിശ്വസിപ്പിക്കയും ചെയ്തു. ഇതിൽ അടയാളമായതിനെ യഥാർത്ഥമാക്കുന്നു. അതിനായി പുരോഹിതൻ "ഹോക് എസ്റ്റ് എനിം കോർപാസ്മിയും" ഈ വാക്കുകൾ ഉരുവിടുമ്പോൾ അപ്പവും വീഞ്ഞും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശരീരവും രക്തവും ആയിത്തീരുന്നു എന്നു കരുതുന്നു. പിന്നെ അവർ പറയുന്നു:- "നാം ദൈവത്തെ സൃഷ്ടിക്കുന്നു". ഇങ്ങനെ പറയുമ്പോൾ അപ്പം ശരീരമായും വീഞ്ഞ് രക്തമായും മാറുന്നു. പക്ഷെ, കാഴ്ചയ്ക്ക് അവ അപ്പവും വീഞ്ഞും തന്നെ ആയിരിക്കും എന്നും പഠിപ്പിച്ചു.

തിരുവത്താഴം - കൂട്ടായ്മയുടെ ഈ ഭോജനം ക്രിസ്തുവിന്റെ യാഗത്തിന്റെ ഓർമ്മയ്ക്കല്ല, യാഗംതന്നെ ആണെന്നും ഇതിന് രക്ഷ നൽകുവാൻ സാധിക്കും എന്നും വിശ്വസിക്കുവാൻ തുടങ്ങി. അതായത് എത്ര കല്പനകൾ ലംഘിച്ച് ജീവിച്ചാലും സാരമില്ല, തിരുശരീര രക്തങ്ങളെ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആ വ്യക്തി സ്വർഗ്ഗത്തിന് അവകാശിയാണെന്ന് സാരം - ഇന്നും മരണവീടുകളിൽ പാടാറുള്ള പാട്ടുകളിൽ ഇത് പ്രസക്തമാണ്. ഈ കൂദാശയിൽ കർത്താവായ യേശു പുരോഹിതനിലൂടെ ദൈവത്തിനു പ്രസാദമായ യാഗമാകുന്നു. അതിലൂടെ നന്മ ലഭിക്കുകയും അധികമായ വിശുദ്ധി പ്രാപിക്കുകയും ചെയ്യുന്നു. ഈ ലഭിച്ച കൃപ തിരുവത്താഴത്തിൽ സഭയുടെ ഇഷ്ടപ്രകാരം പകുത്തുനൽകുന്നു. വിശ്വാസികൾ ഈ കൂദാശയിൽ





പങ്കെടുക്കുമ്പോൾ ദൈവത്തിന് അവർ നേർച്ച കഴിക്കുകയും നന്മ ചെയ്യുകയും ചെയ്യുന്നു എന്ന് വിശ്വസിക്കുവാൻ തുടങ്ങി. ആയതിനാൽ ധാരാളം പ്രാവശ്യം ഇത് ആവർത്തിക്കുന്നു.

പിന്നീട് എ.ഡി. 1415-ൽ കോൺസ്റ്റാൻസ് (ആലോചനാ സഭ) കൂടി. അവിടെവച്ച് പുരോഹിതന്മാർ മാത്രം വീഞ്ഞുകുടിച്ചാൽ മതി എന്നും വിശ്വാസികൾക്ക് കൊടുക്കേണ്ടതില്ല എന്നും തീരുമാനിച്ചു. എന്നാൽ കർത്താവ് തന്റെ ശിഷ്യന്മാർക്ക് പാനപാത്രം നൽകി എന്ന് ബൈബിൾ വ്യക്തമാക്കുന്നു.

ക്രിസ്തുവിന് ഏകദേശം 300 വർഷങ്ങൾക്കു ശേഷം ദൈവത്തിന്റെ പത്തുകല്പനയിൽ നിന്ന് 4-ാം കല്പന നീക്കുകയും 7-ാം ദിനമായ ശബ്ബത്ത്നാളിലെ ആരാധന ഞായറാഴ്ചയിലേക്ക് മാറ്റുകയും ചെയ്തു. ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറുദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു. പുറപ്പാട് 20:8,9,10.

സഭാ നേതാക്കന്മാർ പത്തുകല്പനയുടെ ഭാഗമായ ഏഴാംദിന ശബ്ബത്തിനു പകരം റോമാക്കാർക്ക് പ്രിയമായിരുന്ന ഞായർ ആരാധനയ്ക്കായി മാറ്റിവച്ചു.

ചില ക്രിസ്ത്യാനികൾ ശബ്ബത്തിൽ ഉപവസിക്കണം എന്നും ഞായർ ദിനത്തിൽ ആഘോഷിക്കാം എന്നും തെറ്റിദ്ധരിച്ചു. ജാതികൾ അങ്ങനെ ചെയ്തിരുന്നു. അവർ ഞായറാഴ്ച ആഘോഷിക്കുകയും ശനിയാഴ്ച ഉപവസിച്ചും പോന്നു. ഒരു ദിവസം ദുഃഖിച്ചും അടുത്തദിവസം ആഘോഷിച്ചും പോരുമ്പോൾ ഏത് ദിവസത്തിന് പ്രചാരം കൂടുമെന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. രണ്ടാമതായി, ക്രിസ്തു ഞായറാഴ്ച ഉയിർത്തതുകൊണ്ട് ആ ദിവസമാണ് നല്ലതെന്ന് ഒരു സ്വാഭാവിക ചിന്ത ഉണ്ടായി. സൂര്യനമസ്ക്കാരം സഭയിൽ കടന്നുവരാൻ മൂന്നാമത് ഒരു കാരണംകൂടെ ഉണ്ട്. ആഴ്ചയുടെ ഏഴാം ദിനത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചത് യഹോവയായ ദൈവം ആണ്. ഞായറാഴ്ച ദൈവം ശുദ്ധീകരിച്ചിട്ടില്ല. അത് കുസ്തന്തീനോസ് ശുദ്ധീകരിക്കും എന്ന് അവർ പറഞ്ഞു. അങ്ങനെ ആഴ്ചയുടെ ഒന്നാം നാൾ ആയ ഞായറാഴ്ച ആരാധനാ ദിവസമായി മാറ്റുകയും ചെയ്യാം.

ഇങ്ങനെ പതുക്കെ പതുക്കെ ദൈവകല്പനയിൽ നിന്നുള്ള അകൽച്ച നൂറ്റാണ്ടുകൾ കൊണ്ട് അംഗീകരിക്കപ്പെട്ടു. എന്നാൽ ഞായർ വിശുദ്ധിക്കും ആരാധനയ്ക്കും വേദപുസ്തകത്തിൽ അടിസ്ഥാനമില്ല എന്നറിയുന്നവർ ഞെട്ടിപ്പോകും.

തോമസ് അപ്പൊസ്തലനാൽ സ്ഥാപിക്കപ്പെട്ട കേരളത്തിലെ ക്രൈസ്തവസഭ എ.ഡി. 1500 വരെ ശബ്ബത്ത് ശനിയാഴ്ചയായി അനുസരിച്ചിരുന്നു. പിന്നീട് പോർട്ടുഗീസ് കത്തോലിക്കർ വന്ന് അടിച്ചേൽപ്പിച്ചതാണ് ഞായറാഴ്ച വിശുദ്ധി.

എ.ഡി. 313-ൽ കുസ്തന്തീനോസ് മിലാൻ പത്രം പ്രസിദ്ധീകരിച്ചു. അതിൽ ഞായർ ദിവസം വിശ്രമ ദിവസമായി കാണിച്ചു. ചക്രവർത്തി ക്രിസ്ത്യാനി ആയെങ്കിലും സൂര്യദേവനോട് ഉണ്ടായിരുന്ന അഭിവാഞ്ചയാൽ ശനിയാഴ്ചയിലെ ശബ്ബത്ത് ആരാധന സൂര്യദേവന്റെ ആരാധനാദിവസമായ ഞായർ ആഴ്ചയിലേക്ക് മാറ്റി. അന്നുമുതൽ ഭൂരിഭാഗം ക്രിസ്ത്യാനികളും ശബ്ബത്താരാധന വിട്ട് സൂര്യാരാധനയിലേക്ക് തിരിഞ്ഞു. എ.ഡി. 321-ൽ കുസ്തന്തീനോസ് ചക്രവർത്തി പുറപ്പെടുവിച്ച ഒരു ഉത്തരവ് ഇപ്രകാരമാണ്. "സൂര്യനമസ്ക്കാര ദിവസത്തിൽ പട്ടണത്തിൽ വസിക്കുന് ന്യായകർത്താക്കളും സാമാന്യജനവും വിശ്രമിക്കട്ടെ, എല്ലാ വ്യവസായ കേന്ദ്രങ്ങളും അടഞ്ഞു കിടക്കട്ടെ". *The Encyclopedia America Constantine - The Tread - 321 A.D.* ശ്രദ്ധിക്കുക: ചക്രവർത്തിയുടെ ഉത്തരവിൽ സൂര്യൻ എന്ന പദം എടുത്തുപറയുന്നു. സൂര്യദിനം നമസ്ക്കാര ദിനമാക്കി. തീർച്ചയായും ഈ കടന്നുകയറ്റം ഒരു ദിവസംകൊണ്ട് സംഭവിച്ചതല്ല. ചരിത്രം പറയുന്നത് ദശാബ്ദങ്ങളോളം ശബ്ബത്ത് ആരാധനയോടൊപ്പം സൂര്യനമസ്ക്കാരവും ഉണ്ടായിരുന്നു എന്നാണ്.

നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ദാനിയേൽ പ്രവാചകൻ എഴുന്നേല്പാനിരിക്കുന്ന ഒരു ശക്തിയെക്കുറിച്ച് പ്രവചിച്ചിരുന്നു. ആ മതശക്തി സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കും. (ദാനി. 7:25). കല്പനകളിൽ ഒന്നു മാത്രമെ സമയത്തെ കുറിക്കുന്നുള്ളൂ. അത് ശബ്ബത്താണ്.





# 3.

## ശുദ്ധീകരണസ്ഥലം

നരകാഗ്നി എന്ന വിശ്വാസത്തെയും ജാതീയ കെട്ടുകഥകളാൽ കോട്ടിക്കളഞ്ഞു. മഹാന്യായവിധി നാളിൽ നശിപ്പിപ്പാനുള്ളവരെ മുഴുവൻ നരകാഗ്നിയിൽ തള്ളിയിടും എന്ന് വെളിപ്പാട് 20:15-ൽ പറയുന്നു. ആ നാളിൽ ദുഷ്ടന്മാർ ഓരോരുത്തരും ശിക്ഷിക്കപ്പെടുകയും ചെയ്ത പ്രവർത്തികൾക്ക് അനുസൃതമായ പ്രതിഫലം പ്രാപിക്കയും തീയാൽ നശിപ്പിക്കപ്പെടുകയും ചെയ്യും. ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ. മത്തായി 10:28.

"ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്ന് അറിയുന്നു. മരിച്ചവരോ ഒന്നും അറിയുന്നില്ല. മേലാൽ അവർക്ക് ഒരു പ്രതിഫലവും ഇല്ല. അവരെ ഓർമ്മ വിട്ടുപോകുന്നുവല്ലോ. അവരുടെ സ്നേഹവും ദ്വേഷവും അസൂയയും നശിച്ചുപോയി. സൂര്യനുകീഴെ നടക്കുന്ന യാതൊന്നിലും അവർക്ക് ഇനി ഒരിക്കലും ഓഹരിയില്ല". സഭാപ്രസംഗി 9:5,6. തിരുവചനം ഇങ്ങനെ പറയുമ്പോൾ അതിനു വിപരീതമായ പഠിപ്പിക്കലുകൾ ഉടലെടുത്തു. അവിടെ ജാതീയ ചിന്തകൾ കടന്നുകൂടി. ഇവരുടെ പഠിപ്പിക്കൽ അനുസരിച്ച് മരിക്കുന്നവർ ഉടൻതന്നെ ശുദ്ധീകര സ്ഥലത്ത് പ്രവേശിക്കുന്നു. അവിടെ അഗ്നിയാൽ ശുദ്ധീകരിച്ചിട്ട് അടുത്ത തലത്തിലേക്ക് കടക്കും. ശുദ്ധീകരണ സ്ഥലം എന്നത് സ്വർഗ്ഗത്തിനും നരകത്തിനും മദ്ധ്യേ ആണ്. ഇവിടെനിന്നും മനുഷ്യന് രക്ഷപ്പെടാം. ഇവിടം കഷ്ടതയാണ്. ഗന്ധകം കത്തിക്കൊണ്ടിരിക്കും. അണുക്കൾ നിറഞ്ഞിരിക്കും. എന്നാലും നരകത്തേക്കാൾ മെച്ചമാണ്. ആർക്കും സന്തോഷകരമല്ല. ശുദ്ധീകരണ സ്ഥലത്ത് അവരുടെ പാപങ്ങളിൽ നിന്ന് ശുദ്ധീകരണം ലഭിച്ചതിനു ശേഷം അവർക്ക് സ്വർഗ്ഗത്തിലേക്ക് കടക്കാം എന്നു പഠിപ്പിച്ചു.

സ്നാനപ്പെട്ട സഭാവിശ്വാസികൾ എല്ലാവരും രക്ഷപ്രാപിച്ചു

എന്ന് മദ്ധ്യകാലഘട്ടത്തിലെ സഭ വിശ്വസിപ്പിച്ചു. എന്നാൽ ചെയ്ത പാപത്തിന് അനുസൃതമായി കുറച്ചുനാൾ ശുദ്ധീകരണസ്ഥലത്ത് കിടന്ന് പാപത്തിന് പ്രായശ്ചിത്തം ചെയ്യണം. ഇവിടെ കിടക്കുന്ന സമയം ചുരുക്കുക എന്നതായിരുന്നു പുതിയ വെല്ലുവിളി.

അനേകർ ശുദ്ധീകരണ സ്ഥലവും നരകവും തമ്മിൽ തെറ്റിദ്ധരിച്ചു. നരകത്തിൽ പെട്ടാൽ രക്ഷപ്പെടുവാൻ കഴിയുകയില്ല. മോചനം ഇല്ല. അവിടെ പോകുന്നവർ ദുഷ്ടന്മാർ ആയിരിക്കും. മനുഷ്യരിൽ എല്ലാവരിലും ദുഷ്ടത ഉണ്ട്. അതുകൊണ്ട് എങ്ങനെ അതിനെ നിവാരണം ചെയ്യും എന്നതിന് മറുപടിയാണ് ശുദ്ധീകരണ സ്ഥലം. അനേകരും വിശ്വസിക്കുന്നത് തങ്ങളുടെ മരിച്ചുപോയ ബന്ധുജനങ്ങൾ ഈ ശുദ്ധീകരണ സ്ഥലത്ത് കിടന്ന് കഷ്ടത അനുഭവിക്കുന്നു എന്നാണ്.

ബി.സി. 400-കളിൽ എഴുതിയ പ്ലൂട്ടോയുടെ എഴുത്തുകളിൽ ശുദ്ധീകരണ സ്ഥലം എന്ന ആശയം ഉണ്ട്. എന്നാൽ ഈ സ്ഥലം യാഥാർത്ഥ്യം ആണെന്ന് റോമൻ സഭയാൽ ആണ് വിശ്വസിക്കപ്പെട്ടത്. 1274-ൽ ലയോൺസിലെ രണ്ടാം കൗൺസിലിൽ ഇത് അംഗീകരിക്കുകയും പ്രചരിപ്പിക്കയും ചെയ്തു.

മരിച്ചുപോകുന്നവർക്കു വേണ്ടി പ്രാർത്ഥനയും തിരുവത്താഴവും ഏർപ്പെടുത്തി. ഇങ്ങനെ ചെയ്യുമ്പോൾ മരിച്ചുപോയവരുടെ ബന്ധുക്കൾ ധാരാളം പണം സഭയ്ക്ക് നൽകേണ്ടിവരും. ഈ വരുമാനം കൊണ്ട് 14, 15 നൂറ്റാണ്ടുകളിൽ ധാരാളം സന്യാസകേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കെട്ടിപ്പടുത്തു. ഇങ്ങനെ പുരോഹിതവർഗ്ഗം സുഖലോലുപമായ ജീവിതം നയിച്ചുതുടങ്ങി. സാമ്പത്തിക ലാഭത്തിനുവേണ്ടി വിശ്വാസം കോട്ടിവളച്ചു. ശുദ്ധീകരണ സ്ഥലത്തെ പീഡനത്തിൽ നിന്നും മനുഷ്യരെ വിട്ടുകിട്ടുന്നതിനുവേണ്ടി ഭീമമായ തുക സഭയ്ക്ക് നൽകി. ഈ സ്ഥലത്തുനിന്ന് എപ്പോൾ രക്ഷപ്പെടും എന്ന് അറിവില്ലാത്തതു കൊണ്ട് പണം ഒഴുകിക്കൊണ്ടിരുന്നു. സഭാതലവന്മാർ വീഥിയിൽ ഇറങ്ങി വിശ്വാസികളോട്, ബന്ധുജനങ്ങൾക്കുവേണ്ടി ശുദ്ധീകരണം ചെയ്യുവാൻ പണം ആവശ്യപ്പെടും. അങ്ങനെ സഭയിലേക്ക് പണം ഒഴുകി.





ഇന്നുകാണുന്ന വലിയ കെട്ടിടങ്ങൾ ഉയരുവാൻ തുടങ്ങി.

ശുദ്ധീകരണ സ്ഥലം എന്ന അപകടകരമായ പഠിപ്പിക്കൽ മൂലം മരിച്ചവരുടെ അന്ത്യം ജീവിച്ചിരിക്കുന്നവർക്ക് തീരുമാനിക്കാം. എന്നാൽ ഇത് സാധ്യമല്ലെന്ന് യേശു വ്യക്തമാക്കിയിട്ടുണ്ട്. മരണത്തിനു ശേഷം ഒരു മനുഷ്യന്റെ ബോധം തെളിയുന്നത് ഉയിർപ്പിൻ നാളിലാണ്. "ഇതിങ്കൽ ആശ്ചര്യപ്പെടരുത്. കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട് നന്മചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു". യോഹന്നാൻ 5:28,29.

സുവിശേഷത്തിന്റെ കാതൽതന്നെ നമുക്ക് എങ്ങനെ പാപക്ഷമ കിട്ടുന്നു എന്നതാണ്. ഈ കാലയളവിൽ ചൂഷണം ചെയ്യപ്പെട്ട ഒരു വിശ്വാസ തത്വമാണ് പുരോഹിതന്മാരോടുള്ള കുമ്പസാരം. പുരോഹിതൻ ദൈവസന്നിധിയിൽ അത് ഏറ്റുപറയും. ഇങ്ങനെ മാത്രമേ ഒരു മനുഷ്യന്റെ പാപം ക്ഷമിക്കപ്പെടുകയുള്ളൂ എന്ന് സഭ പഠിപ്പിച്ചു. പുരോഹിതൻ ആയാലും സാമാന്യജനം ആയാലും വർഷത്തിൽ ഒരിക്കലെങ്കിലും പുരോഹിതനോട് കുമ്പസാരിക്കണം. അതിന്റെ ആവർത്തനം കൂടിയാൽ വളരെ നന്ന്.

ഇത് പലപ്പോഴും അനാരോഗ്യകരമായ ഫലങ്ങൾ പുറപ്പെടുവിച്ചു. ഒന്നാമത് ബൈബിൾ ഒരിടത്തും ഇത് പഠിപ്പിക്കുന്നില്ല. രണ്ടാമതായി ഒരു സാധാരണ മനുഷ്യനെ ദൈവത്തിന്റെ സ്ഥാനത്ത് നിറുത്തുകയും മനുഷ്യരെ ദൈവത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. മറ്റൊരു വൃത്തികെട്ട കാര്യം, ഒരു പുരോഹിതൻ തന്റെ ഇടവകയിലുള്ള എല്ലാ മനുഷ്യരും ചെയ്യുന്ന ഹീനകൃത്യങ്ങൾ കേൾക്കണം എന്നതാണ്.

ഒരു വ്യക്തി, പുരോഹിതന്റെ അടുക്കൽ കുമ്പസാരിക്കുമ്പോൾ മൂന്നു കാര്യങ്ങൾ സംഭവിക്കുന്നു. ഒന്നാമത് വ്യക്തി പാപങ്ങൾ പറയുന്നു. രണ്ട്, പുരോഹിതൻ ആശ്വാസവചനങ്ങൾ നൽകുന്നു. മൂന്ന്, പാപം നീങ്ങി എന്ന് ഉറപ്പും ലഭിക്കുന്നു. പക്ഷെ സഭയുടെ നിയമം ലംഘിച്ചിരിക്കുന്നതുകൊണ്ട് അവൻ വീണ്ടും പ്രായശ്ചിത്തം ചെയ്യണം. ഇങ്ങനെ ആ മനുഷ്യന് ഒരിക്കലും ദൈവത്തിൽ നിന്നും പാപക്ഷമ ലഭിക്കുന്നില്ല.

# 4.

## സഭ അന്ധകാരത്തിലേക്ക്

**ബൈ**ബിൾ പഠിപ്പിക്കുന്നത് മനുഷ്യന് സ്വയം രക്ഷിപ്പാൻ കഴികയില്ല എന്നാണ്. അതുകൊണ്ടാണ് യേശു ലോകത്തിൽ വന്നത്. ബൈബിൾ പഠിപ്പിക്കുന്നത്, നമ്മുടെ ആശ്രയം കർത്താവിൽ ആകുമ്പോൾ നാം അർഹിക്കുന്ന ദാനമായി രക്ഷ ലഭിക്കുന്നു എന്നാണ്. നമ്മുടെ നല്ല പ്രവർത്തികൊണ്ടോ പുരോഹിത ശുശ്രൂഷകൊണ്ടോ അത് നമുക്ക് ലഭ്യമാകയില്ല. അനുസരണം പോലും കൃപയാൽ ദാനമാണ്. പുതിയനിയമ തത്വമായ വിശ്വാസംമൂലം ഉള്ള രക്ഷ ഇന്ന് വ്യാപകമായി പ്രചരിച്ചുവരുന്നു. എന്നാൽ അന്ധകാര യുഗത്തിൽ സാധാരണക്കാരായ മനുഷ്യരെ സഭ പറ്റിച്ചു. പാപിക്ക് ശുദ്ധനായ ദൈവത്തിന്റെ പ്രീതി ലഭിക്കണമെങ്കിൽ ഭീമമായ തുക സഭയിൽ കൊടുക്കണമായിരുന്നു. വേദനാജനകമായ സ്വയപീഡനം ഏൽക്കണമായിരുന്നു. തീർത്ഥാടനങ്ങൾ നടത്തണമായിരുന്നു. പാപക്ഷമയ്ക്കായി സഭ പഠിപ്പിച്ച വിശുദ്ധന്മാരോടുള്ള പ്രാർത്ഥന ആവർത്തിച്ച് ചൊല്ലണമായിരുന്നു. നാല്പതു സ്തുതി കന്യകമറിയത്തിനും ഒന്ന് 'ഞങ്ങളുടെ പിതാവേ' എന്നും ചൊല്ലി ഒരു നാണയം കാണിക്കയും ഇടണം. ജാതീയ മതങ്ങളിൽ ഇങ്ങനെ ആവർത്തിച്ചുള്ള ജല്പനങ്ങൾ സാധാരണമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രാർത്ഥന യേശു നിരസിച്ചു. "പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരംകിട്ടും എന്നല്ലോ അവർക്ക് തോന്നുന്നത്. അവരോടു തല്യർ ആകരുത്". മത്തായി 6:7.

സാമാന്യ ജനങ്ങളെ നിരന്തരമായി ദൈവത്തിൽനിന്ന് അകറ്റി നിർത്തണമെങ്കിൽ ബാഹ്യമായത് ചിലത് ചെയ്യണമെന്ന്





അഴിമതിക്കാരായ സഭാനേതാക്കന്മാർക്ക് അറിയാമായിരുന്നു. അതിന് ഏറ്റവും എളുപ്പവഴി ബൈബിളിൽ നിന്നും മനുഷ്യരെ അകറ്റിനിർത്തുക എന്നതായിരുന്നു. പൂർവ്വകാലങ്ങളിൽ ബൈബിൾ ജനങ്ങളിൽ നിന്ന് മാറ്റപ്പെട്ടിരുന്നില്ല. പിൽക്കാലത്ത് വചനത്തിൽ നിന്ന് വ്യതിയാനങ്ങൾ കണ്ടുതുടങ്ങിയപ്പോൾ പുരോഹിന്മാരെ ചോദ്യം ചെയ്തു തുടങ്ങി. പുരോഹിതന്മാരുടെ ഇഷ്ടപ്രകാരം ബൈബിൾ ജനങ്ങളിൽ നിന്ന് മാറ്റപ്പെട്ടു. പുരോഹിതന്മാർക്കു മാത്രമേ ബൈബിൾ വ്യാഖ്യാനിക്കുവാൻ കഴിയൂ എന്ന് വിശ്വസിപ്പിച്ചു.പാരമ്പര്യം ബൈബിളിനു തുല്യമായ സ്ഥാനം പിടിച്ചു. പുരോഹിതന്മാർക്കു മാത്രമേ പാരമ്പര്യം അറിയാമായിരുന്നുള്ളൂ. അന്ധകാരയുഗം അതിന്റെ മൂർദ്ധന്യത്തിൽ എത്തിയപ്പോൾ വിദ്യാഭ്യാസം നിരോധിച്ചിരുന്നു. അതിന്റെ ഫലമായി സാധാരണക്കാർക്ക് എഴുത്തും വായനയും അറിയാതെയായി. അങ്ങനെ 5-ാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടുവരെ നീണ്ട ആയിരം വർഷം പുരോഹിതന്മാർ മാത്രമേ ബൈബിൾ വായിക്കാവൂ എന്ന് വിശ്വസിച്ചിരുന്നു. ഒരു പുരേഹിതന്റെ സഹായം ഇല്ലാതെ ബൈബിൾ ആർക്കും മനസിലാകയില്ല എന്ന് പ്രചരിപ്പിച്ചു. ഈ ചിന്തയോടെ സാമാന്യജനത്തെ അന്ധകാരത്തിൽ തള്ളി. ഇതേസമയം ഒരിക്കൽ സത്യത്തിന്റെ വഴികാട്ടിയായിരുന്ന സഭ അഴിമതിയും സ്വജനപക്ഷവാദവും ചടങ്ങുകളുംകൊണ്ട് നിറഞ്ഞു. ഈ കാലഘട്ടത്തെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും രാഷ്ട്രീയപരമായും അന്ധകാരംയുഗം എന്ന് വിശേഷിപ്പിച്ചത് എത്രയോ ശരി!!! ചുരുക്കുംചില വർഷങ്ങൾകൊണ്ട് ക്രിസ്തുവിലൂടെയും അപ്പൊസ്തോലന്മാരിലൂടെയും ബഹിർഗമിച്ച സത്യവെളിച്ചം പെട്ടെന്ന് ഇരുട്ടാക്കിയ, ക്രിസ്തുവിന്റെ സഭ എന്ന് അവകാശപ്പെടുന്നവർക്ക് അയ്യോ കഷ്ടം!! ഇപ്പോൾ സത്യസഭയുടെ സ്ഥാനത്ത് മറ്റൊരു സഭ അഥവാ സ്ത്രീ ഉയർന്നുവന്നു.

# 5.

## മഹതിയാം ബാബിലോൺ

“അപ്പോൾ ഏഴുതലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞ കടുംചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു. ആ സ്ത്രീ ധൂമ്രവർണ്ണവും കടുംചുവപ്പും ഉള്ള വസ്ത്രം ധരിച്ചുപോന്നു. രത്നവും മുത്തും അണിഞ്ഞവളായി തന്റെ വേശ്യാവൃത്തിയുടെ മ്ലേഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു. മർമ്മം മഹതിയാം ബാബിലോൺ, വേശ്യമാരുടെയും മ്ലേഛതകളുടെയും മാതാവ് എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതിയിട്ടുണ്ട്. വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു. അവളെ കണ്ടിട്ട് അത്യന്തം ആശ്ചര്യപ്പെട്ടു”. വെളിപ്പാട് 17:3-6.

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ യോഹന്നാൻ കാണുന്ന സ്ത്രീ, 12-ാം അദ്ധ്യായത്തിൽ കാണുന്ന നിർമ്മല സ്ത്രീയിൽ നിന്നും വളരെ വ്യത്യസ്തയാണ്. ഈ രക്തദാഹിയായ വേശ്യ ആരാണ്? ഇവൾ ഇരിക്കുന്ന മൃഗം ഏതാണ്? നിങ്ങൾ അറിയുവാൻ പോകുന്നത് വളരെ ആശ്ചര്യകരമാണ്. പ്രവചന നിവൃത്തി കാണിക്കുന്ന ഒരു സാമ്രാജ്യം, ഒരു സഭ, ഒരു സ്ഥാപനം മാത്രമേ ഉള്ളൂ. പ്രവചനങ്ങൾ എല്ലാം ഒത്തുവരുന്ന രണ്ടാമത് ഒന്നില്ല. നന്മ-തിന്മ തമ്മിലുള്ള പോരാട്ടത്തിൽ ബൈബിൾ സത്യത്തിന് എതിരെ പോരാടുന്ന ഒരു ദുഷ്ടശക്തി ഉണ്ട്. അതിനെ മറനീക്കി പുറത്തെടുത്തേ തീരൂ. വെളിപ്പാട് 17:2 ൽ സ്ത്രീ ഇരിക്കുന്നത് പെരുവെള്ളത്തിന്മേൽ ആണെന്ന് കാണാം. ഭാഗ്യവശാൽ 15-ാം വാക്യത്തിൽ ദൂതൻ ഇതിന്റെ അർത്ഥം വ്യാഖ്യാനിച്ചുതന്നു. “പിന്നെ അവൻ എന്നോടു പറഞ്ഞത് നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും അത്രെ”. ഈ സ്ത്രീ ജനസാന്ദ്രതയുള്ള സംസ്ക്കാരത്തിൽ ആണ് വിഹരിക്കുന്നത്. പലവിധത്തിലുള്ള ജനങ്ങളുടെ സമ്മതിയിന്മേലാണ് ഇരിപ്പ്.





എന്താണ് വേശ്യാവൃത്തി?

സ്ത്രീ ഭർത്താവിനോട് കാണിക്കുന്ന അവിശ്വസ്തത വേശ്യാവൃത്തിയാണ്. യെശയ്യ 54:5 ൽ “നിന്റെ സ്രഷ്ടാവത്രെ നിന്റെ ഭർത്താവ്” എന്ന് ദൈവം യിസ്രായേൽ സഭയോട് അരുളിച്ചെയ്യുന്നു. യിരെമ്യ 3:9 - “മനോലാഘവത്തോടെ ചെയ്ത അവളുടെ പരസംഗം ഹേതുവായി ദേശം മലിനമായിപ്പോയി. കല്ലിനോടും മരത്തോടും അവൾ വ്യഭിചാരം ചെയ്തു”. ഹോശയ്യ 4:12 - “എന്റെ ജനം തങ്ങളുടെ മരത്തോട് അരുളപ്പാട് ചോദിക്കുന്നു. അവരുടെ വടി അവരോട് ലക്ഷണം പറയുന്നു. പരസംഗമോഹം അവരെ ഭ്രമിപ്പിച്ചിരിക്കുന്നു. അവർതങ്ങളുടെ ദൈവത്തെ വിട്ട് പരസംഗം ചെയ്യുന്നു”. സാക്ഷാൽ ദൈവത്തെ മാറ്റി വേറെ പലരെയും തൽസ്ഥാനത്ത് വയ്ക്കുന്നതാണ് ആത്മീകമായ വ്യഭിചാരം. അങ്ങനെയുള്ള ദൈവങ്ങളുടെ ബഹുമാനാർത്ഥം ചെയ്യുന്നതെല്ലാം മ്ലേച്ഛതയാണ്. 2 കൊരിന്ത്യർ 11:2 - “ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏൽപ്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു”. വിവാഹനിശ്ചയം കഴിഞ്ഞ സ്ത്രീ തന്റെ പുരുഷനെ അല്ലാതെ മറ്റാരെയെങ്കിലും ഹൃദയത്തിൽ ചിന്തിച്ചാൽ അത് വ്യഭിചാരം ആണ്. ഈ വിധത്തിൽ നോക്കുമ്പോൾ വെളിപ്പാട് 17-ലെ സ്ത്രീയ്ക്ക് തന്റെ യഥാർത്ഥ ഭർത്താവിനെ കൂടാതെ അനേക ദൈവങ്ങൾ ഉണ്ട്. അവർക്കെല്ലാം ധൂപം കാട്ടുകയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും റാസ നടത്തുകയും ചെയ്യുന്നു.

ചരിത്രം പഠിച്ചാൽ ദാനിയേൽ 7-ൽ പറയുന്ന നാലാമത്തെ സാമ്രാജ്യമായ റോമാ സാമ്രാജ്യത്തിന്റെ പതനം ഉളവാക്കിയ ശൂന്യത റോമാ സഭ ഏറ്റെടുത്ത് നികത്തി. 5-ാം നൂറ്റാണ്ടിൽ ഹൺസ് രാജ്യത്തിലെ അറ്റില, റോമിനെ കീഴടക്കുവാൻ തന്റെ സേനയുമായി വന്നപ്പോൾ ചക്രവർത്തി അവരെ നേരിടാൻ പോയില്ല. മറിച്ച് അന്നത്തെ പോപ്പ് അറ്റിലയെ യുദ്ധംചെയ്ത് തോല്പിച്ചു.

ഈ സ്ത്രീ ഇരിക്കുന്ന മൃഗത്തിന് ഏഴുതലയും പത്ത് കൊമ്പും ഉണ്ട്. തീർച്ചയായും ഇവ അടയാളങ്ങളാണ്. “തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലകളാകുന്നു” വെളി. 17:10. “നീ കണ്ട പത്തു കൊമ്പ് പത്തു രാജാക്കന്മാർ” വെളി. 17:12. ഏഴുമലകളിൽ ഇരിക്കുന്ന ഒരു പട്ടണം മാത്രമേ ലോകത്തിൽ ഉള്ളൂ. അത് റോം ആണ്. അതുകൊണ്ട്

യോഹന്നാൻ പ്രതിപാദിക്കുന്ന സ്ത്രീ റോം ആസ്ഥാനമായിരിക്കുന്ന സഭയാണ്. (ഏഴുമലകളുടെ പട്ടണം എന്നറിയപ്പെടുന്നത് റോം ആകുന്നു. The Catholic Encyclopedia - Page 529 Rome). ലോകത്തിൽ ഒരു സഭയ്ക്കു മാത്രമേ സ്വതന്ത്ര രാജ്യവും രാഷ്ട്രീയ അധികാരവും ഉള്ളൂ. അത് വത്തിക്കാനാണ്. ലോകത്തിലെ ഏറ്റവും ചെറിയ ജനസംഖ്യയുള്ള ഈ സ്വതന്ത്രരാജ്യം റോമിന്റെ 109 ഏക്കർ ഭൂമിയാണ്. വത്തിക്കാൻ പട്ടണത്തിലെ മതിലുകൾക്കുള്ളിൽ ആയിരക്കണക്കിനു താഴെ മാത്രമാണ് ജനസംഖ്യ. ഇതിന്റെ രാഷ്ട്രീയഭരണം നടത്തുന്ന പോപ്പിന് സർവ്വ അധികാരങ്ങളും ഉണ്ട്. മറ്റു രാജ്യങ്ങളിലെ സ്ഥാനാപതികൾ പോപ്പിനെ കണ്ട് സ്വാധീനം നടത്തി, ഈ ലോകശക്തിയുടെ പിന്തുണ ഉറപ്പാക്കുന്നു. ലോക രാജ്യസംഘടനകൾ പോലും പോപ്പിന് വിധേയപ്പെടുന്നു. ഇവിടെ സഭയും രാഷ്ട്രീയവും തമ്മിൽ ഒരു ഐക്യത കാണാം.

റോമൻ കത്തോലിക്കാ സഭയ്ക്കു നേരെ പ്രവചനം വിരൽചൂണ്ടുന്ന മറ്റൊരു വസ്തുതയാണ് ദൈവദൂഷണം.

"ഈ ലോകത്തിൽ ഞങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ സ്ഥാനം വഹിക്കുന്നു". Encyclical letter, June 20, 1894. Pope Leo XIII.

ഇതുപോലെ ഒരു സാധാരണ മനുഷ്യനെ ദൈവത്തിന്റെ സ്ഥാനത്ത് വയ്ക്കുന്നതിനെ ആണ് ദൈവദൂഷണം എന്നു പറയുന്നത്. ഇതു പറയുന്നത്, ഒരു പോപ്പിന്റെയും ആത്മാർത്ഥത ചോദ്യം ചെയ്യുവാൻ അല്ല. പക്ഷെ, അദ്ദേഹം വഹിക്കുന്ന സ്ഥാനത്തെ പ്രവചനം ചൂണ്ടിക്കാണിക്കുന്നു.

സ്ത്രീയുടെ വസ്ത്രത്തിന്റെ നിറം വെള്ളയല്ല. എന്നാൽ ധരിച്ചിരിക്കുന്ന ധൂമ്രവർണ്ണവും കടുംചുവപ്പും നിറങ്ങൾ പരസ്യമായി രണ്ടു കാര്യങ്ങൾ വെളിപ്പെടുത്തുന്നു. ആഡംബരവും വേശ്യാവൃത്തിയും. നമ്മെ അമ്പരപ്പിച്ചുകൊണ്ട് കത്തോലിക്കാ പുരോഹിതന്മാർ ധരിക്കുന്ന വസ്ത്രവും ചുവപ്പുതന്നെ. റോമൻ ചക്രവർത്തിമാരുടെ വസ്ത്രത്തിന്റെ പ്രധാന നിറവും ചുവപ്പ് ആണ്. ഇതിനു പുറമേ, ഈ അസത്യസഭ ധാരാളം മഞ്ഞലോഹ സമ്പത്തും കൈവശപ്പെടുത്തിയിട്ടുണ്ട്. കത്തോലിക്കാ സഭയ്ക്കുള്ള സ്വർണ്ണവും വെള്ളിയും മുത്തുകളും നോക്കിയാൽ ലോകത്തിലെ ഒരു മതസ്ഥാപനത്തിനും ഇത്രയും അധികം ധനം കാണില്ല. ഓരോ





വർഷവും ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും റോമിന്റെ പ്രൗഢി കാണുവാൻ വരുന്നവരുടെ എണ്ണത്തിന് കണക്കില്ല.

ഈ സ്ത്രീയുടെ മറ്റൊരു അടയാളം വെളിപ്പാട് 17:6 ൽ കാണാം. "വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു".

ക്രിസ്ത്യാനികളെയും യഹൂദന്മാരെയും ഏറ്റവും കൂടുതൽ ഉപദ്രവിച്ചിട്ടുള്ളത് കത്തോലിക്കാ സഭയാണ് എന്ന് ചരിത്രം പറയുന്നു. ചരിത്രകാന്മാരുടെ കണക്കനുസരിച്ച് അമ്പത് ദശലക്ഷത്തിൽ അധികം സത്യവിശ്വാസികളെ മതപീഡനത്തിലൂടെ റോമൻസഭ കൊന്നുകളഞ്ഞു. സഭ ഒരു ന്യായാസനരീതി അവലംബിച്ചു. അതിനെ മതപീഡനശിക്ഷ എന്ന് അറിയപ്പെട്ടിരുന്നു. ഏറ്റവും കൂടുതൽ മരണം രേഖപ്പെടുത്തിയിരിക്കുന്നത് മതപീഡനശിക്ഷ നടപ്പാക്കിയപ്പോൾ ആണ്. ആരൊക്കെ സഭയുടെ പഠിപ്പിക്കലിന് എതിരായി നിന്നോ അവരെയെല്ലാം കൊന്നുകളഞ്ഞു. ഈ രീതി മദ്ധ്യകാലഘട്ടം വരെ നീണ്ടുനിന്നു. ഈ തെറ്റിനാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ക്ഷമ ചോദിച്ചത്.

# 6.

## നവീകരണം

**ഈ** അന്ധകാര യുഗത്തിൽ ദൈവവചനത്തിന്റെ സത്യം പകരുവാൻ ചങ്കൂറ്റം കാണിച്ച ചിലരെ നമുക്ക് നോക്കാം. ഈ കൂട്ടർ തങ്ങളുടെ ജീവൻപോലും നൽകിക്കൊണ്ട് ഈ ജാതീയ സ്വാധീനത്തെ പുറത്തുകാണിച്ചു. "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു. അന്ധകാര തമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു" യെശയ്യ 9:2.

ക്രിസ്തീയ ചരിത്രം മാറ്റുവാൻ പോന്ന ഒരു യുവാവ് ഫ്രാൻസിലെ ലയൺസിൽ ജീവിച്ചിരുന്നു. വാൽഡിസ് എന്ന് അറിയപ്പെട്ടിരുന്ന പീറ്റർ വാൽഡോ ഒരു വിദ്യാഭ്യാസമുള്ള നല്ല

ധനികനായ ചെറുപ്പക്കാരൻ ആയിരുന്നു. ഇദ്ദേഹത്തിന് ഒരു അനുഭവം ഉണ്ടായി. വാൽഡോയുടെ ഒരു സുഹൃത്ത് പെട്ടെന്ന് മരിച്ചു. അത് ജീവിതത്തിലെ വഴിത്തിരിവ് ആയി. ലോകസുഖങ്ങൾ ക്രിസ്തുവിനു വേണ്ടി ഉപേക്ഷിച്ചു. വാൽഡോ തന്റെ ധനംമുഴുവനും ദരിദ്രർക്ക് കൊടുത്തിട്ട് തിരക്കുള്ള ഒരു പ്രസംഗകൻ ആയി. വേദപുസ്തകം അക്ഷരംപ്രതി മനസ്സിലാക്കി മനുഷ്യർക്ക് അവരുടെ പ്രാദേശിക ഭാഷയിൽ വിളമ്പണം എന്ന് പഠിപ്പിച്ചു. വിശ്വാസികളോട് ലളിതമായ ജീവിതം നയിക്കുവാൻ ആവശ്യപ്പെട്ടു. അതുപോലെ അദ്ദേഹവും ദാരിദ്ര്യത്തിലും പുരോഹിത ആഡംബരം ഒഴിവാക്കിയും ജീവിതം നയിച്ചു. എ.ഡി. 1170 ആയപ്പോൾ പീറ്റർ വാൽഡോയ്ക്ക് ഒരു വലിയ കൂട്ടം അനുയായികൾ ഉണ്ടാകുകയും അവർ ലയൺസിലെ ദരിദ്രർ അഥവാ വാൽഡൺസികൾ എന്ന് അറിയപ്പെടുകയും ചെയ്തു.

ഫ്രാൻസിലും ഇറ്റലിയിലും ബൈബിൾ വിശ്വാസികളായ വാൽഡൻസി സമൂഹങ്ങളെ പീറ്റർ വാൽഡോ രൂപപ്പെടുത്തി. ഒരു കത്തോലിക്കാ വിശ്വാസി ആയിരുന്ന വാൽഡോ ആദിമസഭാ ചരിത്രം പ്രസംഗിച്ചു കേൾപ്പിക്കുകയും സത്യം പ്രസംഗിക്കുന്ന ഒരുകൂട്ടം വിശ്വാസികളെ സംഘടിപ്പിക്കുകയും ചെയ്തു. അദ്ദേഹം കത്തോലിക്കാ സഭയുടെ തിരുവത്താഴത്തിൽ അപ്പവും വീഞ്ഞും, ശരീരവും രക്തവും ആയിമാറും എന്ന പഠിപ്പീരിന് എതിരെ പ്രസംഗിച്ചു.

ഔദ്യോഗികമായി പരിശീലനം ലഭിച്ച പീഢകർ യൂറോപ്പിൽ നോക്കിക്കൊണ്ടു നിൽക്കുമ്പോൾ വാൽഡൻസികൾ പെരുകുവാൻ തുടങ്ങി. പലയിടങ്ങളിലും കത്തോലിക്കാ സഭാവിശ്വാസികൾ വാൽഡൻസികളായി. ധീരരായ വാൽഡൻസികൾ സത്യത്തിന്റെ പര്യായമായി മാറി. ആർക്കും പീഡനത്താൽ നശിപ്പിപ്പാൻ കഴിയാത്തവണ്ണം അവർ വിശ്വാസത്തിൽ ഉറച്ചുനിന്നു. പീറ്റർ വാൽഡോ എവിടെയെല്ലാം പോയോ, അവിടെയല്ലാം മനുഷ്യർ സത്യത്തിനുവേണ്ടി ദാഹിക്കുന്നതു കണ്ടു. ദൈവവചനത്തിന് ക്ഷാമം ഉണ്ടെന്ന് മനസ്സിലാക്കിയ വാൽഡോ ഒരു എഴുത്തുകാരനെ വച്ച് പുതിയ നിയമം ഫ്രാൻസിലെ പ്രാദേശിക ഭാഷയിലേക്ക് വിവർത്തനം ചെയ്തു. അങ്ങനെ വാൽഡൻസികളുടെ കൈകളിൽ സ്വന്തം ഭാഷയിൽ ബൈബിളിലെ പല ഭാഗങ്ങളും ലഭ്യമായിരുന്നു. ഫ്രാൻസിന്റെ പല ഭാഗങ്ങളിലും ഇത്തരത്തിലുള്ള ചെറിയ കൂട്ടങ്ങൾ ഉണ്ടായിരുന്നു. ഇവർ





കച്ചവടക്കാരുടെ വേഷത്തിൽ ദേശം എല്ലാം നടന്ന് സുവിശേഷം പറഞ്ഞു. അവസരം കിട്ടുമ്പോൾ ബൈബിൾ മറ്റുള്ളവരുമായി പങ്കുവെച്ചു. അവരുടെ കുഞ്ഞുങ്ങളെ സർവ്വകലാശാലകളിൽ അയയ്ക്കുകയും അവിടെ അവർ ബൈബിൾ പങ്കുവച്ചും സമാന്തര വേദചിന്താരീതികൾ മനസ്സിലാക്കിയും അതിനു അനുസൃതമായി മറ്റുള്ളവരുമായി സംവാദിച്ചും പോന്നു.

സാധാരണക്കാരായ ഇവർ സുവിശേഷം പ്രസംഗിക്കുന്നത് കത്തോലിക്കർക്ക് ഒട്ടും രസിച്ചില്ല. 1179-ലെ ലാറ്റേൺ ആലോചന സഭയിൽ വാൽഡോയുടെ ഈ രീതിയെ ഔദ്യോഗികമായി വിമർശിക്കുകയും പെട്ടെന്ന് അത് സഭാവിരുദ്ധം എന്ന് പ്രഖ്യാപിക്കുകയും വാൽഡോയെ സഭാഭ്രഷ്ടൻ ആക്കുകയും ചെയ്തു. ലയൺസിൽന്നും ഓടിക്കപ്പെട്ട വാൽഡൻസികൾ പീഡ്മണ്ട് മലഞ്ചെരുവിൽ അഭയം തേടി. ഇവിടെ അവരുടെ കുടുംബങ്ങളിൽ ബൈബിൾ ആയിരുന്നു പ്രധാന പാഠ്യവിഷയം. പല ലേഖനങ്ങളോടൊപ്പം മത്തായി, യോഹന്നാൻ എന്നിവർ എഴുതിയ സുവിശേഷങ്ങളും അവർ മനഃപാഠം ആക്കിയിരുന്നു. അച്ചടി യന്ത്രത്തിന്റെ അഭാവത്തിൽ അവർ തുടർച്ചയായി ബൈബിളിലെ പല ഭാഗങ്ങളും കൈയ്യെഴുത്തു പ്രതികൾ ആക്കി. ബൈബിൾ അക്ഷരാർത്ഥത്തിൽ അനുസരിക്കുന്നവർ എന്നു പേരുകേട്ട ഇവർ സ്വമേധയാ പ്രസംഗകരായി ലോകത്തിന്റെ പല ഭാഗങ്ങളിൽ പരദേശികളായി പ്രയാണം ചെയ്തു. പലപ്പോഴും അറസ്റ്റ് ഒഴിവാക്കുന്നതിന് അവർ പരസ്യമായി ബൈബിൾ കാണിക്കാറില്ല. അവരുടെ വസ്ത്രത്തിന്റെ ഒരു കോണിൽ ഒരു മറ ഉണ്ടാക്കി അതിൽ ബൈബിൾ ഭാഗങ്ങൾ തുന്നിച്ചേർത്തിരുന്നു. പഠിക്കുവാൻ താല്പര്യം കാണിക്കുന്നവർക്ക് ഇത് എടുത്ത് വായിച്ച് പഠിപ്പിക്കും. 1218-ൽ പീറ്റർ വാൽഡോ മരിച്ചതിനു ശേഷവും വാൽഡൻസികളെ സഭ പീഢിപ്പിച്ചുകൊണ്ടിരുന്നു. പല യൂറോപ്യൻ നാടുകളിലും നൂറ്റാണ്ടുകളോളം അനേകരെ കൊന്നുകൊണ്ടിരുന്നു. പരിശുദ്ധാത്മാവ് മനസ്സുകളെ ഉണർത്തുകയും സഭയിൽ നിന്നുതന്നെ അനേകർ നവോത്ഥാനത്തിലേക്ക് വരികയും ചെയ്തു. അത്തരത്തിൽ ഒരുവൻ ജോൺ വിക്ലിഫ് ആയിരുന്നു.

ആംഗലേയ ഭാഷാപണ്ഡിതനായ ജോൺ വിക്ലിഫ് നല്ലൊരു പ്രസംഗകനും പരിഭാഷകനും ഓക്സ്ഫോർഡിലെ അദ്ധ്യാപകനും ആയിരുന്നു. ദൈവജനത്തിൽ പടർന്നുകൊണ്ടിരുന്ന തെറ്റായ പഠിപ്പിക്കലുകൾക്ക് എതിരെ ശബ്ദം ഉയർത്തുവാൻ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം വളരെ സഹായകമായി. സഭാനേതാക്കൾക്ക് എതിരെ നിൽക്കുവാൻ വിക്ലിഫ് ഒരിക്കലും ആഗ്രഹിച്ചില്ല. എന്നാൽ ബൈബിൾ പറയുന്നതും സഭ പഠിപ്പിക്കുന്നതും തമ്മിലുള്ള അന്തരം കണ്ടപ്പോൾ അടങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. ഓക്സ്ഫോർഡ് വിദ്യാർത്ഥി ആയിരുന്ന വിക്ലിഫ് സഭയ്ക്ക് എതിരെ തിരിയുമെന്ന് ആരും കരുതിയില്ല. എന്നാൽ വിശുദ്ധ തിരുവെഴുത്തുകൾക്ക് പകരമായി റോം അതിന്റെ പാരമ്പര്യം വിളമ്പുന്നതും വചനത്തിനായി ദാഹിക്കുന്ന ജനത്തിന് അപ്പം കൊടുക്കാതിരിക്കുന്നതും കണ്ടിട്ട് പ്രതികരിച്ചു.

വേദപുസ്തകത്തിനാണ് പരമാധികാരം എന്നു കണ്ടിട്ട് അദ്ദേഹം അതിനെ പരിഭാഷപ്പെടുത്തുവാൻ ആളെ നിയമിച്ചു. ലൊല്ലാട്സ് എന്ന് അറിയപ്പെടുന്ന വിക്ലിഫിന്റെ അനുയായികൾ വാൽഡൻസികളുടെ ജീവിതം അനുകരിച്ചു ബൈബിൾ ആംഗലേയ ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്തതുപോലെ ചരിത്രത്തെ മാറ്റിയ മറ്റൊരു സംഭവം ഉണ്ടായിട്ടില്ല. സാധാരണക്കാരായ മനുഷ്യർക്ക് അദ്ദേഹത്തിന്റെ ഏറ്റവും വലിയ ദാനമായിരുന്നു അത്.

പ്രൊട്ടസ്റ്റന്റു സഭ ഭാവിയിൽ കൊണ്ടുവന്ന പല സത്യങ്ങളും വിക്ലിഫ് കൊണ്ടുവന്നതാണ്. അദ്ദേഹത്തിന്റെ പ്രസംഗം ആ സമയത്തിനു മുൻപ് ആയിരുന്നെങ്കിൽ പോലും ഇംഗ്ലണ്ടിലെ നവീകരണത്തിന് അത് വഴികാട്ടിയായി.

പോപ്പിന്റെ സാർവ്വത്രികമായ അധികാരം ബൈബിൾ വിരുദ്ധമാണെന്ന് വിക്ലിഫ് ഉറക്കെ പ്രസ്താവിച്ചു. ഇതേകാരണത്താൽ 1377 മെയ് 22-ാം തീയതി പോപ്പ് ഗ്രിഗറി പതിനൊന്നാമൻ വിക്ലിഫിന്റെ എഴുത്തുകൾ സഭയ്ക്ക് അപകടമാണെന്നു പറഞ്ഞ് അതിനെ നിരോധിച്ചു. രക്ഷ യേശുക്രിസ്തുവിലൂടെ മാത്രം ലഭിക്കുമെന്നും റോമൻ സഭ തെറ്റാണെന്നും വിക്ലിഫ് തുടർന്നും പ്രസംഗിച്ചു. അദ്ദേഹത്തിന്റെ എഴുത്തുകളും പ്രവർത്തനങ്ങളും ദൈവത്തെ സ്നേഹിക്കുന്നവരുടെ ഇടയിൽ കാട്ടുതീപോലെ പടർന്നു.





അദ്ദേഹത്തിന്റെ എഴുത്തുകൾ വിദൂരങ്ങളിൽ സഞ്ചരിച്ച് ബൊഹീമ്യയിലും എത്തി. ജോൺ ഹസ്സിനെ ഉത്തേജിപ്പിച്ചു. വിക്ലിഫിനെപ്പോലെ ഹസ്സും അപ്പം, ശരീരമാകുന്നതിനെയും പുരോഹിത അധികാരത്തെയും എതിർത്തിരുന്നു. വിക്ലിഫ് മരിച്ചപ്പോൾ ഹസ്സ് ഒരു ചെറിയ യുവാവായിരുന്നു. എന്നാൽ വിക്ലിഫിന്റെ പ്രവർത്തനം പിന്നീട് ഹസ്സിന്റെ ദൗത്യത്തിന് വലിയ മാറ്റം ഉളവാക്കി.

ബൊഹീമ്യൻ പ്രസംഗകനായ ജോൺ ഹസ്സ് സർവ്വകലാശാല അദ്ധ്യാപകനും കുറച്ചുനാൾ ശുശ്രൂഷകനും ആയിരുന്നു. ബഹേത്‌ലഹേം എന്ന ഒരു ആരാധനാലയത്തിൽ പ്രസംഗകനായി നിയമിതനായി. വിക്ലിഫിനെപ്പോലെ ഹസ്സും മനുഷ്യർക്ക് അറിയാവുന്ന ഭാഷയിൽ പ്രസംഗിച്ചു. എന്നാൽ ലത്തീൻ ഭാഷ നശിച്ചുപോകുമെന്ന് വച്ച് മറ്റു ഭാഷകളിൽ പ്രസംഗിക്കുന്നത് സഭ നിരോധിച്ചു. എങ്കിലും പ്രാദേശിക ഭാഷയിൽ ഹസ്സ് പ്രസംഗിച്ചു.

ഒരു ദിവസം പട്ടണത്തിലൂടെ നടന്നുപോകുമ്പോൾ വ്യത്യസ്തങ്ങളായ രണ്ടു ചിത്രങ്ങൾ കാണുവാൻ ഇടയായി. ഒന്നിൽ വിനയഭാവത്തിൽ കർത്താവ് തന്റെ ക്ഷീണിതരായ ശിഷ്യന്മാരുമായി യരുശലേമിൽ കടക്കുന്നതും മറ്റേതിൽ വളരെ ആഡംബരവസ്ത്ര ധാരിയായ പോപ്പിനെ വലിയകൂട്ടം ജനം തോളിലേറ്റി നടക്കുന്നതും ആയിരുന്നു. ഈ ഛായാചിത്രങ്ങളിൽ ഒന്ന് യേശു പറഞ്ഞ ''കുറുനരികൾക്ക് മാളം ഉണ്ട്; പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രനോ തലചായ്ക്കാൻ ഇടം ഇല്ല'' എന്നതിനെ ആധാരമാക്കിയും മറ്റൊന്ന് പോപ്പിന്റെ പ്രൗഢിയും കുലീനതയും കാണിക്കുന്നതും ആയിരുന്നു. ഈ പരിജ്ഞാനം ഉള്ളിൽ വച്ചുകൊണ്ട് അഹങ്കാരങ്ങളും ആഗ്രഹങ്ങളും ഉള്ളിൽ നിന്ന് കളഞ്ഞ് പുരോഹിതരുടെ എല്ലാ മിഥ്യാധാരണകളും പ്രൗഢഗംഭീരതയും വെടിഞ്ഞ്, ഹസ്സ് സഭയെ നവീകരണത്തിലേക്ക് നയിച്ചു.

സത്യത്തിന് അനുസൃതമായി തിരുവചനം മനസ്സിലാക്കണമെങ്കിൽ സഭ വിശ്വസിക്കുന്നതാണ് സഭയെ സംബന്ധിച്ചിടത്തോളം സത്യം. എന്നുവച്ചാൽ സഭയെ എങ്ങനെ തിരുത്തും? തെറ്റുകളെ എങ്ങനെ തടസ്സം ചെയ്യും? സഭയെ ശരിയാക്കുവാൻ കഴിയുന്നില്ല. ഈ പ്രവണത കാരണമാണ് സഭ തെറ്റിൽ

നിന്ന് തെറ്റിലേക്ക് വഴുതിക്കൊണ്ടിരിക്കുന്നത്.

റോമൻ സഭയ്ക്ക് എതിരെയുള്ള ആരോപണങ്ങൾ തെളിയിക്കുവാൻ ജോണ് ഹസ്സിനെ ജർമ്മനിയിലെ കോൺസ്റ്റാൻസിലേക്ക് വിളിച്ചു. ഹംഗറിയിലെ രാജാവായ സിഗിസ്മൺഡും റോമൻ സഭയും അദ്ദേഹത്തിന്റെ സുഖയാത്ര വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഹസ്സ് പട്ടണത്തിൽ വന്നയുടനെ അറസ്റ്റു ചെയ്ത് തുറുങ്കിൽ അടച്ചു. സിഗിമൺഡ് കോപാകുലനായി. സഭയെ ഭീഷണിപ്പെടുത്തി. എന്നാൽ ഒരു സഭാവിരുദ്ധന് കൊടുക്കുന്ന ഉറപ്പൊന്നും പാലിക്കേണ്ടതില്ല എന്നു പറഞ്ഞ് രാജാവിനെ സഭ അനുനയിപ്പിച്ചു. 1415 ജൂലൈ 6-ാം തീയതി ആലോചനാസഭ പള്ളിയിൽ കൂടി ജോൺ ഹസ്സിനെ വിസ്തരിക്കുവാൻ കൊണ്ടുവന്നു. തന്റെ നിലപാട് തെളിയിക്കുവാൻ ആവശ്യപ്പെട്ടു. തന്റെ ഭാഗം ന്യായീകരിക്കുന്ന വേളയിൽ സഭാവിരുദ്ധ പരാമർശം നടത്തി എന്നപേരിൽ കുറ്റാരോപിതനായി. ഹസ്സിനെ കൊന്നുകളയുവാൻ ഭടന്മാർ കൊണ്ടുപോയി. ജീവനോടെ കത്തിച്ചു. മരണസമയത്തും ഹസ്സ് ഉറച്ചുനിന്നു. തീനാളം തന്റെ ശരീരത്തെ ദഹിപ്പിക്കുമ്പോഴും തന്റെ വായിൽ നിന്ന് മധുരഗാനം ഉയർന്നുകേട്ടു. ''ഇനി ഒരു നൂറു വർഷത്തിനുള്ളിൽ നവീകരണത്തിനായി ദൈവം ഒരു മനുഷ്യനെ ഉയർത്തും. അവനെ തടയുവാൻ ആർക്കും കഴിയുകയില്ല'' ഇതായിരുന്നു ഹസ്സിന്റെ മരണമൊഴികൾ.

ഹസ്സിന്റെ മരണത്തിനു എഴുപതു വർഷങ്ങൾക്കു ശേഷം 1483 നവംബർ 10-ാം തീയതി ജർമ്മനിയിലെ മാൻസ്ഫിൽഡ് എന്ന ഒരു സാധാരണ കുടുംബത്തിൽ മാർട്ടിൻ ലൂഥർ ജനിച്ചു. കഠിനാദ്ധ്വാനികളായ ഇടത്തരം കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് ധാരാളം സഹോദരങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹം വേദപണ്ഡിതൻ, എഴുത്തുകാരൻ, ഗാനരചയിതാവ്, പുരോഹിതൻ എന്നീ നിലകളിൽ തിളങ്ങിയിരുന്നു. നല്ല ദൃഢസ്വഭാവത്തിന് ഉടമയായിരുന്നു ലൂഥർ. വളരെ അച്ചടക്കമുള്ള കുടുംബത്തിൽ ചിട്ടയായി വളർത്തപ്പെട്ടു. നല്ല വിദ്യാഭ്യാസവും ലഭിച്ചിരുന്നു. അദ്ദേഹം ഒരു വക്കീൽ ആകുവാൻ ആഗ്രഹിച്ചു. ഒരു നാടകീയ സംഭവം അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിച്ചു.





ലൂഥർ ഒരിക്കൽ വലിയ കാറ്റിലും മഴയിലും പെട്ടു. ഇടിമിന്നലിനാൽ മരിച്ചുപോകും എന്നു കരുതി. മിന്നൽ തന്റെ മുന്നിലും പിന്നിലും ഇരുവശങ്ങളിലും അടിക്കുന്നുണ്ടായിരുന്നു. ആ സമയത്ത് ഏതെങ്കിലും വിശുദ്ധൻ തന്നെ രക്ഷിക്കുമെങ്കിൽ താൻ ഒരു സന്യാസി ആകാം എന്ന് പ്രതിജ്ഞ ചെയ്തു. ലൂഥർ വിശുദ്ധ ആനിയെ വിളിച്ചു പ്രാർത്ഥിച്ചു. ലൂഥർ തന്റെ വാക്കുപാലിച്ചു. തന്റെ പിതാവിന്റെ വിയോജിപ്പ് കണക്കിലെടുക്കാതെ വക്കീൽ പഠിത്തം നിറുത്തി. പുസ്തകങ്ങൾ എല്ലാം വിറ്റു. എന്നിട്ട് എർഫോർട്ടിൽ ഉള്ള അഗസ്ത്യൻ മഠത്തിൽ ചേർന്നു. രക്ഷയ്ക്കായുള്ള തന്റെ അതിയായ വാഞ്ചകാരണം ദിവസങ്ങളോളം ഉപവസിച്ചു. മണിക്കൂറുകൾ പ്രാർത്ഥിച്ചും ലളിതജീവിതം നയിച്ചും ഇടവിടാതെ പാപം ഏറ്റുപറഞ്ഞും ജീവിച്ചു. ആരെങ്കിലും സന്യാസി ആയതിന്റെ പേരിൽ സ്വർഗ്ഗത്തിൽ പോകുമെങ്കിൽ അത് താൻ ആയിരിക്കും എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. ലൂഥർ ഒരേ സമയത്ത് വേദ അദ്ധ്യാപകനായും പട്ടണത്തിലെ പ്രസംഗകനായും അഗസ്റ്റിൻ മന്ദിരത്തിലെ അംഗമായും പ്രവർത്തിച്ചു.

വിറ്റൻബർഗ്ഗിൽ വച്ച് ബൈബിൾ മൂലഭാഷയിൽ പഠിക്കുവാൻ കഴിഞ്ഞു. അതിവേഗം താൻ മനസ്സിലാക്കിയ സത്യങ്ങൾ തന്റെ വിദ്യാർത്ഥികൾക്ക് വിളമ്പുവാൻ തുടങ്ങി. ക്ലാസ്സുകൾ വളരെ നല്ലതായി തോന്നി. 1510-ൽ ലൂഥർ റോമിലെ സഭാ ആസ്ഥാനത്തേക്ക് ഒരു തീർത്ഥയാത്ര നടത്തി. പുരോഹിത വർഗ്ഗത്തിന്റെ ഇടയിൽ കാണുവാൻ കഴിഞ്ഞ അത്യാഗ്രവും ദുഷ്ടതയും ലൂഥറെ മൂകസാക്ഷിയാക്കി. സഭയെക്കുറിച്ച് അദ്ദേഹത്തിന് ഉണ്ടായിരുന്ന എല്ലാ മതിപ്പും അവിടത്തെ അനാചാരങ്ങളും പ്രകടനങ്ങളും കണ്ടപ്പോൾ ഇല്ലാതെയായി. ജർമ്മനിയിലെ തന്റെ നിന്ദിത ജീവിതത്തിനു വിപരീതമായിരുന്നു ഇത്. എന്നാൽ ലൂഥറിന്റെ ഏറ്റവും വലിയ വെളിപ്പെടുത്തൽ മറ്റൊന്നാണ്.

റോമിൽ ചെന്ന് പീലാത്തോസിന്റെ പടി മുട്ടിന്മേൽ കയറിയാൽ ശുദ്ധീകരണ സ്ഥലത്ത് ഏൽക്കേണ്ട ദണ്ഡനം കുറയും എന്ന് കേട്ടിരുന്നു. അങ്ങനെ ആ പടികൾ കയറുമ്പോൾ ഒരു ശബ്ദം കേട്ടു. അത് മറ്റാരുടേയും അല്ല, തന്റെ ഉള്ളിൽ നിന്നുതന്നെ ഗമിച്ചതായിരുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും". അദ്ദേഹം ചുറ്റും നോക്കി.

"നാം എന്താണ് ചെയ്യുന്നത്. വേദപുസ്തകം പറയുന്നത് ഇത് വിശ്വാസത്താൽ ലഭിക്കും എന്നാണ്". ഉടനെ എഴുന്നേറ്റു. അത് ഒരു പുതിയ തുടക്കമായി. പാപക്ഷമയ്ക്കുവേണ്ടി ക്രിസ്തുവിന്റെ നീതിയിൽ ആശ്രയിക്കുന്നതിന്റെ അർത്ഥം അവസാനം ലൂഥറിനു മനസ്സിലായി. 1512-ൽ അവിടെനിന്നും തിരിച്ച് വീട്ടിൽ എത്തിയ ലൂഥർക്ക് വിറ്റൻബർഗ് സർവ്വകലാശാല ഡോക്ടറേറ്റ് നൽകി. പിന്നീട് അദ്ദേഹം ധൈര്യത്തോടെ ജനങ്ങളോടു പറഞ്ഞു: - "ബൈബിൾ പഠിപ്പിക്കാത്ത ഒരു വിശ്വാസവും ആരും അംഗീകരിക്കേണ്ടതില്ല". ബൈബിൾ മാത്രം എന്ന ഈ ആർപ്പുവിളി നവീകരണത്തിന് ഉള്ള മുറവിളിയായി.

1520-തിൽ സഭയുടെ പാരമ്പര്യം മാനുഷിക കണ്ടുപിടുത്തങ്ങളാൽ ജീർണ്ണിച്ചതാണെന്ന് ബോധിപ്പിച്ചു. അതുകൊണ്ട് മനുഷ്യൻ ബൈബിളിലെ സാക്ഷ്യങ്ങൾ മാത്രം അനുകരിക്കണം എന്ന വാദം ഉന്നയിച്ചു. സഭയുടെ ശോഷണത്തിന് പൊതുവെ കാരണമായത് ഇതാണ്.

മനുഷ്യർക്ക് ബൈബിൾ നഷ്ടപ്പെട്ടപ്പോൾ അത് വായിക്കുവാനുള്ള കഴിവും നഷ്ടമായി. അങ്ങനെ ബൈബിളിനോട് അകലം ഉണ്ടായപ്പോൾ ക്രിസ്തുവുമായി അകന്നു. ഈ അകലം മാർട്ടിൻ ലൂഥറും തന്റെ സഹപ്രവർത്തകരും ബൈബിളിന്റെ ആധികാരികതയെ തുറന്നുകാണിച്ചപ്പോൾ കുറഞ്ഞുതുടങ്ങി. മനുഷ്യർ ബൈബിളിനോട് അടുത്തു.

ഏകദേശം ഇതേസമയം വിശുദ്ധ പീറ്റർബസലിക്ക പണിയുവാൻ ആരംഭിച്ചിരുന്നു. ജോൺ റൈറ്റ്സെൽ എന്ന ഡൊമനിക്കൻ സംഘാടകനെ സഭ ജർമ്മിയിൽ പാപമോചന ചീട്ട് വിറ്റ് പള്ളി പണിയുവാൻ പണം ഉണ്ടാക്കുന്ന ജോലി ഏൽപ്പിച്ചു.

സഭയുടെ ശുശ്രൂഷകളും വിശ്വാസികളുടെ കാണിക്കകളും മരിച്ചവരെ സഹായിക്കുക മാത്രമല്ല, സഭയുടെ തലവനായ പോപ്പ് തന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന രക്ഷണ്യകൃപ മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്തിരുന്നു. മരിച്ചുപോയവരുടെ പാപം മോചിച്ചിരിക്കുന്നു എന്ന് എഴുതിയ ചീട്ട് വിൽക്കുന്നതിനെ പാപമോചനചീട്ട് വിൽക്കൽ എന്ന് പറഞ്ഞിരുന്നു. ഈ ചീട്ട് വാങ്ങുന്നവരുടെ പാപങ്ങൾ പൂർണ്ണമായി ക്ഷമിക്കും എന്ന് സഭ പഠിപ്പിച്ചു. ചെയ്തതും ചെയ്യുവാനിരിക്കുന്നതുമായ സകലപാപവും പോക്കി ആത്മാവിനെ ശുദ്ധീകരണ സ്ഥലത്തുനിന്ന് നേരിട്ട് സ്വർഗ്ഗത്തിൽ കയറ്റുമെന്ന് അവകാശപ്പെട്ടിരുന്നു. മദ്ധ്യകാലഘട്ടത്തിലെ അവസാന വർഷങ്ങളിൽ സഭ മനുഷ്യരോട് പരസ്യമായി പറഞ്ഞു:- "നിങ്ങൾ സഭയ്ക്ക് ഒരു കാണിക്ക തരുമെങ്കിൽ കാണിക്കയ്ക്ക് അനുസൃതമായി നിങ്ങളുടെ മരിച്ചുപോയ കുടുംബാംഗങ്ങളും കൂട്ടുകാരും ബന്ധുക്കളും സ്നേഹഭാജനങ്ങളും ശുദ്ധീകരണ സ്ഥലത്തെ വേദനയിൽ നിന്ന് രക്ഷപ്പെടും; കഴിയുന്നതും വേഗത്തിൽ". ഈ കീഴ്വഴക്കം 14, 15 നൂറ്റാണ്ടുകൾ ആയപ്പോൾ വളരെ പ്രചാരം നേടുകയും പാപമോചന ചീട്ടിനായി ജനം കുന്നുകൂടുകയും ചെയ്തു.





തന്റെ വിശ്വാസികൾ പാപമോചന ചീട്ട് വാങ്ങുന്നു എന്നറിഞ്ഞ ലൂഥർ കോപാകുലനായി. അവർ വാങ്ങിയ ചീട്ട് ലൂഥറിനു നൽകിയത് നിരസിച്ചു. ആത്മാർത്ഥമായി പാപം ഏറ്റുപറഞ്ഞു ദൈവത്തോട് അടുക്കുകയാണ് വേണ്ടത് എന്ന് ജനങ്ങളെ ഉപദേശിച്ചു. ഈ സംഭവം ആണ് തന്റെ സ്വന്തം സഭയ്ക്കെതിരെ ശബ്ദം ഉയർത്തുവാൻ ലൂഥറിനെ പ്രേരിപ്പിച്ചത്. 1517 ഒക്ടോബർ മാസം 31-ാം തീയതി വിറ്റൻബർഗിലെ പള്ളിയുടെ കതകിൽ തന്റെ പ്രശസ്തമായ 95 എതിർപ്പുകൾ പതിച്ചു. അത് സംവാദത്തിനുള്ള ഒരു വെല്ലുവിളി ആയിരുന്നു. ഈ എഴുതപ്പെട്ട 95 പ്രബന്ധങ്ങൾ അദ്ദേഹം പറഞ്ഞത്:- "ഇത് എന്റെ അഭിപ്രായങ്ങൾ ആണ്. നിങ്ങൾക്ക് അതിനെപ്പറ്റി വാദിക്കാം". പക്ഷെ ലൂഥറിന്റെ ഭാഷയിൽ ക്രമപ്പെടുത്തിയ ഈ അഭിപ്രായങ്ങൾ തീക്ഷ്ണത ഉള്ളതായിരുന്നു. ലൂഥർ സംവാദത്തിനായി എറിഞ്ഞ 95 പ്രബന്ധങ്ങൾ സർവ്വകലാശാലാ തലത്തിൽ നൽകി. അക്കാലത്ത് ഇപ്രകാരം സംവാദം നടത്തുന്നത് സാധാരണമായിരുന്നു. അതുകൊണ്ടുതന്നെ ഇത് വലിയ പ്രതികരണം ഉണ്ടാക്കും എന്ന് കരുതിയില്ല. പക്ഷേ, പോപ്പ് ഉൾപ്പെടെ ധാരാളം പേരുടെ ശ്രദ്ധ ഇതുനേടി.

ലൂഥറിനെ സംബന്ധിച്ച് സഭയ്ക്ക് എതിരായുള്ള ഒരു ചുവടുവയ്പ്പ് ആയിരുന്നില്ല ഇത്. തന്റെ വിശ്വാസത്തിൽ ഉറച്ച കാര്യങ്ങൾ എഴുതി. അത് സഭ അംഗീകരിക്കും എന്നു കരുതി. തെറ്റു കണ്ടുപിടിച്ചതിന് മറ്റുള്ളവർ തന്നെ അഭിനന്ദിക്കും എന്ന് പ്രതീക്ഷിച്ചു. ലൂഥർ ഇവിടെ ഒരു പ്രസ്ഥാനത്തെ ഉണ്ടാക്കുക ആയിരുന്നില്ല. എന്നാൽ

സംഭവിച്ചത് തിരിച്ചായിരുന്നു. ലൂഥർ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുവാൻ സഭ ഒരുക്കമല്ലായിരുന്നു. ഉടനെ ലൂഥറിന് എതിരെ ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചു. തന്റെ എഴുത്തുകൾ കത്തിച്ചു കളയുവാനും കല്പിച്ചു.

വിറ്റൻബർഗിൽ ലഭിച്ച ഈ നിരോധനാജ്ഞ പ്രകാരം ലൂഥറിന്റെ എഴുത്തുകൾ കത്തിച്ചുകളയണമായിരുന്നു. എന്നാൽ ലൂഥർ വിറ്റൻബർഗിലെ ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ഈ നിരോധനാജ്ഞ കത്തിച്ചുകളഞ്ഞു. ഇത് പോപ്പിന്റെ കല്പനയുടെ ലംഘനമല്ലേ? വെല്ലുവിളിയുടെ ധ്വനി മുഴങ്ങിക്കഴിഞ്ഞു. പ്രത്യുത്തരവും ലഭിച്ചു. ലൂഥർ പറഞ്ഞു:- എന്നെ നിങ്ങൾ കുറ്റം വിധിക്കുന്നു എങ്കിൽ ഞാനും നിങ്ങളെ കുറ്റം വിധിക്കുന്നു. കാരണം ഇത് സത്യമാണ്. അങ്ങനെ ആരെങ്കിലും ബൈബിൾ സത്യത്തെ വിധിക്കുന്നു എങ്കിൽ ആ സഭ എതിർക്രിസ്തു ആണ്. ഇപ്രകാരം എതിർക്രിസ്തു എന്നു വിളിച്ചതുകൊണ്ട് ഒരു സമന്വയത്തിൽ ഇനി എത്തുന്നത് എളുപ്പമല്ല.

പിന്നീട് ജർമ്മനിയിലെ ചക്രവർത്തി എല്ലാ രാജാക്കന്മാരെയും പുരോഹിതന്മാരെയും ഒരു ചരിത്രപരമായ യോഗത്തിനായി വേംസ് എന്ന സ്ഥലത്ത് കൂട്ടിവരുത്തി. ലൂഥറിന് ഒരു നല്ല സംവാദം നടത്തുവാൻ സാധിക്കും എന്ന് എല്ലാവരും കരുതി. എന്നാൽ ലൂഥറിന്റെ സാമർത്ഥ്യം അറിയാവുന്ന സഭ അത് അനുവദിക്കുകയില്ല എന്ന് തീരുമാനിച്ചു. കൂടിയിരിക്കുന്നവരുടെ മുന്നിലേക്ക് ഒരു കുന്നു പുസ്തകങ്ങൾ വലിച്ചിഴച്ചുകൊണ്ടു വന്നു. എന്നിട്ട് രണ്ടു ചോദ്യങ്ങൾ ലൂഥറിനോട് ചോദിച്ചു. (1) ഈ പുസ്തകങ്ങൾ നിന്റേതാണോ? (2) നീ ഇതിൽ നിരത്തിയിരിക്കുന്ന വാദങ്ങളിൽ നിന്ന് പിൻതിരിയുമോ? ലൂഥർ തിടുക്കത്തിൽ ഉത്തരം പറഞ്ഞില്ല. "അതെ, ഇവയെല്ലാം എന്റെ പുസ്തകങ്ങൾ തന്നെ. പക്ഷെ അവയിൽ ധാരാളം കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. അവയെക്കുറിച്ച് ചിന്തിക്കുവാൻ എനിക്ക് സമയം വേണം" എന്ന് മറുപടി പറഞ്ഞു. പിറ്റേദിവസം വന്ന് വാക്കുകൾകൊണ്ട് കളിക്കുവാൻ തുടങ്ങി. പുസ്തകങ്ങൾ പിൻവലിക്കുമോ എന്ന ചോദ്യത്തിന് ''എന്റെ എല്ലാ പുസ്തകങ്ങളും പിൻവലിക്കണം എന്നാണോ നിങ്ങൾ പറയുന്നത്? അവയിൽ പലതും സഭയിൽ ഉള്ളവർ അംഗീകരിക്കുന്നു. സഭയിൽ നടക്കുന്ന ചില അനാചാരങ്ങളെ ഞാൻ





ചൂണ്ടിക്കാണിച്ചു''. ഇത്തരത്തിൽ ലൂഥർ ഒരു സംവാദത്തിന് മുതിരുകയായിരുന്നു. എന്നാൽ അവർക്ക് അതിൽ താല്പര്യമില്ലായിരുന്നു. അവർ അലറി: "നീ ഇവ പിൻവലിക്കുമോ ഇല്ലയോ എന്ന് പറഞ്ഞാൽ മതി". ലൂഥറിനെ സംബന്ധിച്ച് ഒരു നിർണ്ണായക സമയം ആയിരുന്നു. കാരണം, ഇത് ലൂഥറിന്റെ മരണത്തിന് ഇടയാക്കാം. ലൂഥർ പ്രതിവചിച്ചു. ''ബൈബിൾ സാക്ഷ്യപ്പെടുത്താത്ത, ഒരു കാര്യവും ഞാൻ വിശ്വസിക്കയില്ല. ഞാൻ പോപ്പിനെയോ ആലോചനാ സഭയെയോ വിശ്വസിക്കുന്നില്ല. ഇവർ തെറ്റുചെയ്യുന്നവർ ആണെന്ന് എല്ലാവർക്കും അറിയാം. ഞാൻ ബൈബിളിൽ നിന്ന് ഉദ്ധരിക്കുന്നത് എന്നെ അടക്കിയുമിരിക്കുന്നു. ഞാൻ പിൻവലിക്കയോ എനിക്ക് പിൻവലിക്കുവാൻ കഴിയുകയോ ഇല്ല. കാരണം, ബൈബിളോ എന്റെ മനസാക്ഷിയോ അത് അനുവദിക്കുന്നില്ല. ഇവിടെ ഞാൻ നിൽക്കുന്നു. എനിക്ക് മറ്റൊന്നും ചെയ്യാനില്ല. ദൈവം എന്നെ സഹായിക്കട്ടെ".

ആലോചനാ സഭയ്ക്ക് പറയുവാൻ ഒന്നും ഉണ്ടായിരുന്നില്ല. ലൂഥറിനെ നിയമം ഇല്ലാത്തവൻ എന്ന് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ എഴുത്തുകൾ എല്ലാം നിരോധിച്ചു. അറസ്റ്റു ചെയ്യുവാൻ കല്പന നൽകി. അവനെ കസ്റ്റഡിയിൽ എടുത്ത് നികൃഷ്ട കുറ്റവാളിയെപ്പോലെ ശിക്ഷിക്കണം എന്ന് തീരുമാനിച്ചു.

അദ്ദേഹത്തെ അറസ്റ്റു ചെയ്യുവാൻ ഒരുങ്ങുന്നതിനിടെ ഒരുകൂട്ടം ആളുകൾ വന്ന് ലൂഥറിനെ തട്ടിക്കൊണ്ടുപോയി. അവർ ഫ്രഡറിക് എന്ന ജനപ്രതിനിധിക്കുവേണ്ടി പ്രവർത്തിച്ചവർ ആയിരുന്നു. ലൂഥർ കുറച്ചുനാൾ പൊതുജനത്തിൽനിന്ന് അകന്നു കഴിയുന്നത് നല്ലതാണെന്ന് ഫ്രെഡറിക്കിനു തോന്നി. ഈ സംഭവം ആരും അറിഞ്ഞതുമില്ല. ലൂഥർ മരിച്ചു കാണും എന്ന് എല്ലാവരും വിചാരിച്ചു.

ഒരു വർഷത്തെ ഈ പത്മോസ് അനുഭവത്തിൽ നിന്ന് ഈ പഴയ പുരോഹിതൻ മടങ്ങിവന്ന് വീണ്ടും എഴുതുവാൻ തുടങ്ങി. പുതിയനിയമ പുസ്തകങ്ങൾ യവനഭാഷയിൽ നിന്ന് ജർമ്മൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. ലൂഥർ ബൈബിൾ പരിഭാഷപ്പെടുത്തിയതിന് എഴുപത്തിരണ്ട് വർഷങ്ങൾക്കു മുൻപ് ഗുട്ടൻ ബർഗ്ഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചിരുന്നു. ഈ മനോഹര

കണ്ടുപിടുത്തത്തിന്റെ വെളിച്ചത്തിൽ ദൈവവചനത്തിന്റെ സത്യം വേനൽക്കാലത്ത് ഇലപൊഴിഞ്ഞു കിടക്കുന്നതുപോലെ യൂറോപ്പിൽ എല്ലായിടത്തും എത്തി. ഈ വലിയ നവീകരകണ കാലത്ത് ദൈവം തന്റെ വചനമാകുന്ന വാൾ തന്റെ ജനത്തിനു നൽകി. ഇതേ കാലയളവിൽ റോമിലെ സഭയ്ക്കുള്ളിൽ നിന്ന് സത്യത്തിനുവേണ്ടി അനേക ധീരപോരാളികൾ ഉയർന്നു. ഇങ്ങനെ ദൈവവചനത്തിലേക്ക് മടങ്ങിപ്പോകുവാൻ ഘോഷിച്ചവരിൽ ചിലർ ഫിലിപ്പ് മെലംറ്റൺ, വില്യം ടിണ്ടേൽ, ജോൺ കാൽവിൻ, ജോൺ നോക്സ് എന്നിവർ ആയിരുന്നു. നവീകരണ പ്രസംഗകരും അച്ചടിയന്ത്രവും ഒരുപോലെ ചലിച്ചുതുടങ്ങിയപ്പോൾ അനേകർ ബൈബിൾ പഠിക്കുവാൻ ആരംഭിച്ചു. സാവധാനം സത്യവെളിച്ചം കാലാകാലങ്ങളായി ഭരിച്ചിരുന്ന അന്ധകാരത്തെ മാറ്റുവാൻ തുടങ്ങി. നല്ല ശുദ്ധവായു ലഭിച്ചതുപോലെ യൂറോപ്പ് ആത്മീക നവീകരണത്തിലേങ്ങ് നീങ്ങി.

# 7.

## പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന് പലസമയങ്ങളിലായി ഉണ്ടായ മാറ്റങ്ങൾ

തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു: ‘‘എന്റെ വചനവത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവത്തിൽ എന്റെ ശിഷ്യന്മാർ ആയി. സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും” എന്നു പറഞ്ഞു. യോഹ. 8:31,32. അന്ത്യനാളുകളിൽ സത്യമെന്നു തോന്നിക്കുമാറ് സാത്താന്യസഭകൾ മാറും. ഇവർ സത്യത്തെ മറിച്ചുകളയും. വെളിപ്പാടു പുസ്തകം ഈ മുന്നറിയിപ്പ് നൽകുന്നു. “കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കും” എന്ന് യേശു പറഞ്ഞു. മർ. 13:22.

ബൈബിൾ പ്രവചനത്തിൽ പറയുന്ന ‘എതിർക്രിസ്തു’ പാപ്പാത്വം ആണെന്ന് പ്രൊട്ടസ്റ്റന്റ് നവീകരണ കർത്താക്കൾ ഏതാണ്ട് ഒരുപോലെ വിശ്വസിച്ചിരുന്നു. അത് ഇപ്രകാരം ആണ്.





1. ദാനിയേൽ ഏഴിൽ പറയുന്ന നാലാമത്തെ മൃഗം റോമൻ സാമ്രാജ്യമാണ്.
2. 2 തെസ്സലോനിക്യർ രണ്ടിൽ പറയുന്ന അധർമ്മ മൂർത്തി, ദൈവാലയത്തിൽ ഇരിക്കയും ദൈവമെന്ന് നടിക്കയും ചെയ്യുന്നത് പാപ്പാത്വം ആണ്.
3. എതിർക്രിസ്തു ഒരു വ്യക്തിയല്ല, മറിച്ച് വേദപുസ്തതത്വങ്ങളെ പരിത്യജിക്കുന്ന പോപ്പുമാരുടെ ഒരു തുടർശൃംഖലയാണ്.
4. പ്രവചനത്തിലെ പ്രതീകാത്മകമായ കാലഘട്ടം ആലങ്കാരികമായി മനസ്സിലാക്കണം. പദാനുപദമായിട്ടല്ല.
5. എതിർക്രിസ്തു അക്ഷരികമായ യരുശലേം ദൈവാലയത്തിൽ അല്ല, ക്രിസ്തീയ പള്ളിയിലാണ്.
6. “എതിർക്രിസ്തു” എന്ന പദം ദൈവദൂഷണം പറകയും ദൈവത്തെ നിഷേധിക്കയും ചെയ്യുന്നതിനെ കുറിക്കുന്നില്ല. പകരം ക്രിസ്തുവിന്റെ വികാരി എന്നു ഭാവിച്ചുകൊണ്ട് ക്രിസ്തുവിലൂടെ ഉള്ള രക്ഷയെപ്പോലും എതിർക്കുന്നതിനെ കുറിക്കുന്നു.
7. ദാനിയേൽ ഏഴാം അദ്ധ്യായത്തിലെ ചെറിയകൊമ്പ് പ്രതിനിധീകരിക്കുന്നത് റോമൻ കത്തോലിക്കാ പാപ്പാത്വ സമ്പ്രദായം ആണെന്ന് ഒട്ടുമിക്ക നവീകരണ കർത്താക്കളും വിശ്വസിച്ചിരുന്നു.

അന്നത്തെ സഭയോടു പ്രതിഷേധിച്ചിരുന്ന നവീകരണ കർത്താക്കൾ, “നാശയോഗ്യൻ”, “അധർമ്മമൂർത്തി” (2 തെസ്സ. 2) “ചെറിയ കൊമ്പ്”, വെളിപ്പാട് പതിമൂന്നിൽ പറയുന്ന മൃഗം, ഇവയെല്ലാം റോമൻ കത്തോലിക്കാ പാപ്പാത്വത്തെ പ്രതിനിധീകരിക്കുന്നു എന്ന് കൂടെക്കൂടെ പറഞ്ഞിരുന്നു.

പ്രൊട്ടസ്റ്റന്റുകാരുടെ തത്വം “തിരുവചനം മാത്രം” “വിശ്വാസം മാത്രം” “കൃപ മാത്രം” എന്നതായിരുന്നു. തിരുവചന വെളിച്ചത്തിൽ, പ്രവചനം എങ്ങനെ നിവർത്തിച്ചിരിക്കുന്നു എന്ന് അവർ കണ്ടു. ദാനിയേൽ ഏഴിൽ പറയുന്ന സിംഹം, ബാബിലോൺ സാമ്രാജ്യവും, കരടി-മോദ്യോ പേർഷ്യയും (മേദ്യരുടേയും പേർഷ്യരുടെയും ഭരണം ഒന്നിച്ചു കണക്കാക്കിയിരുന്നു എന്നതിന് തെളിവു വാക്യങ്ങൾ:- എസ്ഥേർ 1:3, 1:19, ദാനിയേൽ 6:8). പുള്ളിപ്പുലി-ഗ്രീക്കു

സാമ്രാജ്യത്തെയും ഘോരവും ഭയങ്കരവുമായ മൃഗം-റോമൻ സാമ്രാജ്യത്തെയും ആണ് പ്രതിനിധീകരിക്കുന്നത്. അവസാന മൃഗത്തിന്റെ തലയിലെ പത്തു കൊമ്പ്, ഈ രാജ്യത്തുനിന്നു തന്നെ എഴുന്നേല്പ്പാനിരിക്കുന്ന പത്തു രാജാക്കന്മാർ ആകുന്നു ദാനി. 7:24. അപരിഷ്കൃതർ കയറിപ്പാർത്ത് ഈ രാജ്യത്തെ പത്തായി മുറിച്ചതും അവർ കണ്ടു. അവ അൽമെനി (അൽമേനിയ), ഓസ്ട്രഗോദ്സ്, വിസിഗോദ്സ്, ഫ്രാങ്ക്സ്, സ്യൂവി, വാൻഡൽസ്, ബർഗുണ്ടിയൻസ്, ഹെറൂളി, ആംഗ്ലോ സാക്സൺ (ബ്രിട്ടൻ), ലംബാർഡ്സ് എന്നിവയാണ്. ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്ത് ആ പത്തിന്റെ ഭാഗമായ ഹെറൂളിയെയും (എ.ഡി. 493-ൽ) വാൻഡൽസിനെയും (എ.ഡി. 534-ൽ) ഓസ്ട്രിഗോദ്സിനെയും (എ.ഡി. 538-ൽ) തോല്പിച്ച് ഉന്മൂലനം ചെയ്ത് (വേരോടെ പിഴുതു) അവിടെ രാഷ്ട്രീയവും സാമൂഹികവുമായ ഒരു അധികാരി പ്രത്യക്ഷപ്പെട്ടു. അതാണ് പാപ്പത്വം. നവീകരണ കർത്താക്കൾ ജീവിച്ചിരുന്നത് ഈ എതിർക്രിസ്തുവിന്റെ ഭരണകാലത്താണെന്ന് അവർ അറിഞ്ഞു. പഴുതില്ലാത്ത ചരിത്രസംഭവങ്ങൾ അത് മനസ്സിലാക്കുന്നത് എളുപ്പമാക്കി. ദൈവത്തിന്റെ സത്യത്തിൽ മായം ചേർക്കുകയും ദൈവത്തിനു മാത്രം ഉള്ള യോഗ്യതകളെ കൈവശമാക്കുകയും ചെയ്ത ഈ പ്രസ്ഥാനത്തിന്റെ മുഖംമൂടി മാറ്റുവാൻ തെറ്റില്ലാത്ത പ്രവചന നിവൃത്തി അവരെ സഹായിച്ചു.

*ഈ ചരിത്ര വസ്തുതകൾ എഡ്വിൻ ഫ്രും എന്നയാളുടെ*
*എഴുത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.*

ജോൺ വിക്ലിഫ് (1326 – 1384) ഓൾഡ് കാസ്റ്റിലെ ജോൺ (1360 – 1417) ജാനൊയിലെ മത്തായിസ് (1394-ൽ മരിച്ചു). ജോൺ കാൽവിൻ, ജോൺ വെസ്ലി, ജോൺ നോക്സ്, മാർട്ടിൻ ലൂഥർ ആദിയായവർ ഒരേപോലെ വിരൽ എതിർക്രിസ്തുവിലേക്ക് ചൂണ്ടിയപ്പോൾ കത്തോലിക്കാ സഭ ആകെ ഒന്നു വിറച്ചു. കുറ്റാരോപണത്തിന് ഇടയാക്കുന്ന ബൈബിൾ പ്രവചനത്തെ മാറ്റിമറിച്ചെങ്കിലേ രക്ഷയുള്ളൂ എന്ന് പാപ്പാത്വം മനസ്സിലാക്കി. പക്ഷെ തെളിവുകൾ എല്ലാം ശക്തമായ സ്ഥിതിക്ക് അത് എങ്ങനെ നടക്കും? പ്രൊട്ടസ്റ്റന്റുകാർ ഉപയോഗിച്ചിരുന്ന പഴുതില്ലാത്ത, അത്ര കൃത്യമായ വ്യാഖ്യാനരീതി മാറ്റിയെങ്കിൽ മാത്രമേ കുറ്റവിമുക്തരാകുവാൻ സാധിക്കൂ എന്ന് മനസ്സിലാക്കി.





## പ്രൊട്ടസ്റ്റന്റ് വ്യാഖ്യാനത്തെ മറികടക്കുവാൻ ഒരു പദ്ധതി

അതിനായി ഇറ്റലിയിലെ 'ട്രെന്റ്' എന്ന സ്ഥലത്ത് റോമൻ കത്തോലിക്കാ സഭ ഒരു കൗൺസിൽ 1545-ൽ വളിച്ചുചേർത്തു. വളർന്നുകൊണ്ടിരിക്കുന്ന പ്രൊട്ടസ്റ്റന്റ് നവീകരണത്തെ നിർത്തലാക്കണം എന്നതായിരുന്നു കൗൺസിലിന്റെ ഉദ്ദേശ്യം. കൗൺസിൽ 1563-ലാണ് തീർന്നത്. കത്തോലിക്കാ സഭയുടെ ഏറ്റവും ദൈർഘ്യമേറിയ കൗൺസിൽ ആയിരുന്നു അത്. അതിൽ ബൈബിൾ പ്രവചനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഒന്നുംതന്നെ ഉണ്ടായില്ല. എന്നാൽ ചോദ്യംചെയ്യുവാൻ അവകാശമില്ലാത്ത, തത്വമില്ലാത്ത സിദ്ധാന്തങ്ങളെ ആവർത്തിച്ച് സ്ഥിരീകരിക്കുകയും മറിച്ച് പഠിപ്പിക്കുന്നവരെ ബഹിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഈ കൗൺസിലിനു പതിനൊന്നു വർഷം മുൻപ് 1534-ൽ 'ഇഗ്നേഷ്യസ് ലയോള' എന്നയാൾ "സൊസൈറ്റി ഓഫ് ജീസസ്സ്" എന്ന സംഘടന രൂപീകരിച്ചു. അതിന് ജെസ്യൂട്ട് എന്നും പേരുണ്ട്. സംഘടനയ്ക്ക് യേശുവിന്റെ പേരാണ്. പ്രവർത്തനം സാത്താന്റേതാണെന്ന് മനസ്സിലാക്കുവാൻ വലിയ ബുദ്ധിമുട്ടില്ല. മത്തായി 24:5 ൽ യേശു പറഞ്ഞു: ".... അനേകർ എന്റെ പേർ എടുത്തുവന്ന് പലരേയും തെറ്റിക്കും". ഈ സംഘടന ഉഗ്രമായ ഒരു രഹസ്യപോലീസ് ശക്തിയെ പാപ്പത്വത്തിന് കൊടുക്കുന്നുണ്ട്. വിശദമായ ഒരു പ്രതിജ്ഞ ചെയ്താലേ ഒരാൾക്ക് ഈ സംഘടനയിലെ അംഗത്വം ലഭിക്കുകയുള്ളൂ. പ്രതിജ്ഞയുടെ പ്രധാനപ്പെട്ട അല്പം മാത്രം ഇവിടെ ഉദ്ധരിക്കാം.

ഇത്. Journals of the 62 D Congress, 3rd session of the U.S (House Calendar No. 397. Report No. 1523) Congressional Record - House, 15 Feb. 1913, Page 3215-3216ൽ നിന്ന് എടുത്തിട്ടുള്ളതാണ്.

"I will go to any part of the world with or soever I may be sent, to the frozen regions of north, jungles of India, to the centers of civilization of Europe, or to the wild haunts of the babarous savages of America without murmuring or repining, and will be submissive in all things whatsoever is communicated to me.

I do further promise and declare that I will, when opportunity presents, make and wage relentless war, secretly and openly, gainst all heretics, protestants and masons, as I am directed to do, to extirpate them from the face of the whole earth; and that I will spare neither age, sex or condition , and that will hang, burn waste, boil, flay, strangle and bury alive these infamous heretics, rip up the stomachs and wombs of their women, and crush their infant's heads against the walls in order to annihilate their execrable race. That when the same cannot be done openly I will secretly use the poisonous cup, the strangulation cord, the steel of the poniard, or the leaden bullet, regardless of the honor, rank, dignity or authority of the person, what ever may be their condition in life, either public or private, as I at any time may be directed so to do by any agent of the Pope or superior of the Brotherhood of the Holy Father of the Society of Jesus.

പ്രൊട്ടസ്റ്റന്റ് നവീകരണത്തെ തിരിച്ചുവിടുവാനും നിർത്തുവാനും കഴിവുള്ള രണ്ട് പണ്ഡിതന്മാരെ ലയോളയുടെ ജെസ്യൂട്ട് പ്രസ്ഥാനം അവതരിപ്പിച്ചു. അതിൽ ഒരുവൻ ഈ പ്രവചനത്തെ ഭൂതകാലത്തിലേക്ക് തള്ളി. മറ്റവൻ ഇതിനെ ഭാവിയിലേക്ക് തള്ളി.

# 8.

## പ്രെറ്ററിസം (Preterism)

**അ**ലക്സാണ്ടറുടെ ഗ്രീക്കു സാമ്രാജ്യം അദ്ദേഹത്തിന്റെ കാലശേഷം നാലായി വിഭജിക്കപ്പെടുകയും അതിൽ ഒരുഭാഗം സെലൂക്കലിന്റെ കീഴിൽ ഭരിക്കപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായി ബി.സി. 174 മുതൽ 163 വരെ അന്ത്യോക്കസ് എപ്പിഫാനസ് എന്ന രാജാവ് ഭരിച്ചിരുന്നു. എ.ഡി. 37ൽ





ഭൂജാതം ചെയ്ത യഹൂദന്മാരുടെ ചരിത്രകാരനായ ഫ്ളെവിസ് ജോസഫസ് എന്ന ആൾ വിശ്വസിച്ചിരുന്നത്, ദാനിയേൽ എട്ടിൽ പറയുന്ന ചെറിയ കൊമ്പ് അന്ത്യോക്കസ് എപ്പിഫാനസ് ആണ് എന്നായിരുന്നു. അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന പല യഹൂദാ പണ്ഡിതന്മാരും അങ്ങനെ വിശ്വസിച്ചിരുന്നു. എന്നാൽ തെർത്തുല്യൻ എന്ന സഭാപിതാവ് ഇത് അംഗീകരിച്ചില്ല. തെർത്തുല്യൻ നിരാകരിച്ച ഈ പഠിപ്പിക്കൽ 16-ാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭ അംഗീകരിച്ചു. സ്പെയിനിൽ നിന്നു വന്ന ജെസ്യൂട്ടായ ലൂയിസ് അൽക്കാസർ (Luis de Alcazar) പ്രൊട്ടസ്റ്റന്റുകാർ പറഞ്ഞ പ്രവചന നിവൃത്തികളെ എതിർക്കുവാൻ ഈ ആശയം എടുത്തു. അദ്ദേഹം 900 പേജ് ഉള്ള ഒരു പുസ്തകം വെളിപ്പാട് പുസ്തകത്തിന്റെ വ്യാഖ്യാനമായി എഴുതി. 1614-ൽ പ്രസിദ്ധീകരിച്ചു. ദാനിയേലും വെളിപ്പാടും ഭൂതകാലത്തിൽ കഴിഞ്ഞുപോയതാണ് എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ക്രിസ്തുവർഷത്തിന്റെ ആദ്യത്തെ ആറ് ശതാബ്ദങ്ങളിലായി വെളിപ്പാടിലെ മുഴുവൻ പ്രവചനങ്ങളും നടന്നുകഴിഞ്ഞെന്നും പ്രവചനത്തിൽ പറയുന്ന എതിർക്രിസ്തു നീറോ ചക്രവർത്തി ആയിരുന്നെന്നും അദ്ദേഹം എഴുതി. നടന്നുകഴിഞ്ഞ പ്രവചനങ്ങൾ എടുത്ത് 16-ാം നൂറ്റാണ്ടിൽ പാപ്പാത്വത്തിന് എതിരായി പ്രയോഗിക്കുവാൻ കഴിയുകയില്ലെന്ന് അദ്ദേഹം വാദിച്ചു. അൽക്കാസറിന്റെ കാഴ്ചപ്പാട് ശരിയെങ്കിൽ പ്രൊട്ടസ്റ്റന്റ് കാഴ്ചപ്പാട് തെറ്റാണ്. അങ്ങനെ പാപ്പാത്വത്തെ കുറ്റവിമുക്മാക്കി. ഇദ്ദേഹത്തിന്റെ പ്രവചനത്തെ പിറകിലേക്കു മാറ്റുന്ന ഈ വ്യാഖ്യാനരീതി പ്രെറ്ററിസം എന്ന് അറിയപ്പെടുന്നു. പ്രെറ്ററിസം അനുസരിച്ച് ദാനിയേലിൽ പറയുന്ന എതിർക്രിസ്തു എപ്പിഫാനസും വെളിപ്പാടിലെ എതിർക്രിസ്തു നീറോ ചക്രവർത്തിയും ആണ്.

നിർഭാഗ്യം എന്നു പറയട്ടെ! അനേകം പ്രൊട്ടസ്റ്റന്റുകാർ അൽക്കാസരുടെ, മാമൂലിനോ ആചാരങ്ങൾക്കോ നിരക്കാത്ത പ്രെറ്ററിസത്തെ ആലിംഗനം ചെയ്തു. ചില ജർമ്മൻകാരും ഹോളണ്ടുകാരും അതിനോട് യോജിച്ചു. 1842-ൽ മോസസ്സ് സ്റ്റു ആർട്ട് എന്ന ആൾ ഈ രീതി അമേരിക്കയിലും എത്തിച്ചു.

# 9.

## ഫ്യൂച്ചറിസം (Futurism)

സ്പെയിൻകാരനായ ഒരു ജെസ്യൂട്ട് പണ്ഡിതനായിരുന്നു ഫ്രാൻസിസ്കൊ റിബെറാ (1537-1591) ലത്തീൻ, ഗ്രീക്ക്, ഹീബ്രു എന്നീ ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്ന അദ്ദേഹം മുപ്പത്തിമൂന്നാം വയസ്സിൽ ജെസ്യൂട്ട് സംഘടനയിൽ അംഗമായി.

അപ്പൊസ്തലന്മാരുടെ കാലശേഷം ക്രിസ്തീയസഭയിൽ ഉണ്ടായിരുന്ന സഭാ പിതാക്കന്മാരും, പ്രവചനം റോമാ സാമ്രാജ്യത്തെ കുറിക്കുന്നതാണെന്ന് വിശ്വസിച്ചിരുന്നു. അവരെപ്പറ്റി പറയുമ്പോൾ രണ്ടു കാര്യങ്ങൾ നാം കണക്കിലെടുക്കണം. 1. അവർ ലോകചരിത്രം 2000 വർത്തേയ്ക്ക് നീണ്ടുപോകും എന്നു കരുതിയില്ല. കർത്താവ് വളരെ വേഗം വരുമെന്ന് വിചാരിച്ചു. 2. പ്രവചനം, നിവൃത്തി ആയതിനു ശേഷമേ പൂർണ്ണമായി മനുഷ്യർക്ക് മനസ്സിലാകയുള്ളൂ. യോഹന്നാൻ 14:29 ൽ യേശു പറയുന്നത് ''അത് സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ ഇപ്പോൾ സംഭവിക്കും മുമ്പെ നിങ്ങളോട് പറഞ്ഞിരിക്കുന്നു''. യേശുക്രിസ്തുവിന്റെ ദൗത്യത്തെക്കുറിച്ച് ഉയിർപ്പിനു ശേഷമാണ് ശിഷ്യന്മാർക്ക് ബോദ്ധ്യമായത്.

അന്നത്തെ സഭാപിതാക്കന്മാർ, നാലാമത്തെ സാമ്രാജ്യമായ റോമിന്റെ കാലത്ത് ജീവിച്ചിരുന്നവരാണ്. സാമ്രാജ്യം വിഭജിക്കപ്പെടുകയോ, ചെറിയ കൊമ്പ് എഴുന്നേൽക്കയോ ചെയ്തിരുന്നില്ല. അവർക്ക് എതിർക്രിസ്തുവിനെക്കുറിച്ച് ഊഹിക്കാനേ കഴിഞ്ഞിരുന്നുള്ളൂ. പക്ഷെ പ്രൊട്ടസ്റ്റന്റ് നവീകരണ കർത്താക്കൾക്ക് ഊഹിക്കേണ്ട ആവശ്യമില്ലായിരുന്നു. അവർക്ക് ആയിരം വർഷത്തെ സഭാചരിത്രം പിറകോട്ട് നോക്കുകയേ വേണ്ടൂ. ആദിമസഭാ പിതാക്കന്മാർക്ക് കാണുവാൻ കഴിയാതിരുന്നത് സ്വന്തം കണ്ണുകൊണ്ട് അവർ കണ്ടു. ചെറിയ കൊമ്പ്, മൃഗം, വേശ്യ, അധർമ്മമൂർത്തി എന്നിവ ഒക്കെ അവർക്ക് മനസ്സിലാക്കുവാൻ പ്രയാസം ഉണ്ടായില്ല.





നമുക്ക് റിബെറായിലേക്ക് മടങ്ങാം. ആദ്യനൂറ്റാണ്ടിലെ സഭാപിതാക്കന്മാരുടെ പൂർണ്ണതയില്ലാത്ത കാഴ്ചപ്പാടിലേക്ക് റിബറാ പോയി. വെളിപ്പാടിലെ പ്രവചനത്തെക്കുറിച്ച് പദാനുപദമായി, 500 പേജ് ഉള്ള ഒരു വ്യാഖ്യാന പുസ്തകം 1590-ൽ പ്രസിദ്ധീകരിച്ചു. പ്രധാനമായി അദ്ദേഹം എഴുതിയത് - യേശുക്രിസ്തുവിന്റെ രണ്ടാം വരവിന് തൊട്ടുമുമ്പ് വിശ്വാസവഞ്ചകനായ എതിർക്രിസ്തു പ്രത്യക്ഷപ്പെടും എന്നും അയാൾ അക്ഷരീകമായ മൂന്നരവർഷം ഭരിക്കും എന്നും ദൈവത്തെ എതിർക്കുകയും നിന്ദിക്കുകയും ചെയ്യും എന്നും ആണ്. എതിർക്രിസ്തു ഒറ്റ വ്യക്തിയാണെന്നും അയാൾ യരുശലേം ദേവാലയം പുതുക്കിപ്പണിയും, ക്രിസ്തുമതം ഇല്ലാതാക്കും, ക്രിസ്തുവിനെ തിരസ്ക്കരിക്കും, യഹൂദന്മാരാൽ അംഗീകരിക്കപ്പെടും, ദൈവം ആണെന്ന് നടിക്കും, ലോകത്തെ ജയിക്കും - ഇതെല്ലാം മൂന്നര വർഷത്തിനുള്ളിൽ നടക്കും എന്നും പഠിപ്പിച്ചു. റിബറാ മിടുക്കൻ ആയിരുന്നെങ്കിലും നല്ല പ്രസംഗകൻ അല്ലായിരുന്നു. അൻപത്തിനാലാമത്തെ വയസിൽ അദ്ദേഹം മരിച്ചു.

അദ്ദേഹത്തിന്റെ ദൂത് റോബെർട്ട് മിൻ ബെല്ലാർമിൻ എന്ന ഒരു വിശിഷ്ട വ്യക്തി ഏറ്റെടുത്തു. അദ്ദേഹവും ഇറ്റലിയിൽ നിന്നുള്ള കർദ്ദിനാളും ഒരു ജെസ്യൂട്ടും ആയിരുന്നു. ഫ്യൂച്ചറിസം പ്രചരിപ്പിക്കുന്നത് തന്റെ ജീവിതദൗത്യമായി അദ്ദേഹം കരുതി. ദാനിയേലിലും വെളിപ്പാടിലും തെസ്സലോനിക്യർക്കുള്ള ലേഖനത്തിലും പറയുന്ന എതിർക്രിസ്തുവിന് പാപ്പത്വവുമായി ഒരു ബന്ധവും ഇല്ലെന്ന് അദ്ദേഹം ശഠിച്ചു. അദ്ദേഹത്തിന്റെ എഴുത്തുകൾ കത്തോലിക്കാ വിശ്വാസത്തിന്റെ എന്നേക്കുമുള്ള സാരോപദേശമായും ഭാവിയിലെ എതിരാളികൾക്കുള്ള പ്രതിരോധമായും നിലനിൽക്കുന്നു. ഒരുപറ്റം പ്രൊട്ടസ്റ്റന്റ് നേതാക്കൾ ഇതിന് എതിരായി എഴുതുകയും അദ്ദേഹത്തെ ഏറ്റവും വലിയ ശത്രുവായി എണ്ണുകയും ചെയ്തു.

ബെല്ലാർമിൻ തന്റെ പുസ്തകത്തിലെ അഞ്ചാം അദ്ധ്യായത്തിൽ ചരിത്രം തിരുത്തി എഴുതി. അതിങ്ങനെ ആണ്:- ദാനിയേൽ ഏഴിൽ പറയുന്ന പ്രവചനപ്രകാരം റോമാസാമ്രാജ്യം ഇതുവരെ

വിഭജിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇതുവരെ എതിർക്രിസ്തു വന്നിട്ടും ഇല്ല. എതിർക്രിസ്തുവിന്റെ അവതാരത്തിനു മുൻപ് റോമാസാമ്രാജ്യം പൂർണ്ണമായി നശിക്കും. അത് ഇതുവരെ നടന്നിട്ടില്ല. കുറെ കാലത്തിനു ശേഷം ഒരു പറ്റം പ്രൊട്ടസ്റ്റന്റ് എഴുത്തുകാർ ഈ തെറ്റ് പൊക്കിയെടുത്തും കൊണ്ട് ഓടിപ്പോയി. ബല്ലാർമിന്റെ വാദങ്ങളുടെ രത്നച്ചുരുക്കം, പാപ്പത്വത്തിന് എതിർക്രിസ്തു ആകുവാൻ മൂന്നു കാരണങ്ങളാൽ കഴിയുകയില്ല എന്നാണ്.

1. എതിർക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ എല്ലാം ഒരു വ്യക്തിയെ കുറിക്കുന്നതാണ്. എന്നാൽ പാപ്പാത്വം ഒരു പ്രസ്ഥാനമാണ്.

(ദാനിയേൽ 7:12 ൽ പറയുന്നത് "വയോധികനായവൻ വന്ന് അത്യുന്നതനായവന്റെ വിശുദ്ധന്മാർക്ക് ന്യായാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ആ കൊമ്പ് വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിക്കുന്നത് ഞാൻ കണ്ടു" എന്നാണ്. വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്നത് കർത്താവിന്റെ രണ്ടാം വരവിൽ മാത്രമാണ്. അതുവരെയാണ് ചെറിയ കൊമ്പിന്റെ ആയുസ്. ഒരു പ്രസ്ഥാനത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്. കല്പന ലംഘിപ്പിച്ച്, പാപികളാക്കി അവരുടെ നിത്യജീവനെ നശിപ്പിക്കുന്നതാണ് സാത്താൻ നടത്തുന്ന യുദ്ധം.

2. സമയപരിധി മൂന്നു വർഷം എന്നു പറയുമ്പോൾ പാപ്പാത്വം നൂറ്റാണ്ടുകളായി ഭരിക്കുന്നു. അതുകൊണ്ട് എതിർക്രിസ്തു ഇതുവരെ വന്നിട്ടില്ല.

3. എതിർക്രിസ്തു ഇരിക്കേണ്ടത് യരുശലേമിൽ ആണ്. പോപ്പുമാർ ഭരിക്കുന്നത് റോമിൽ ആണ്.

എല്ലാ കത്തോലിക്കരും വിശ്വസിക്കുന്നത് ബെല്ലാർമിന്റെ ഈ വ്യാഖ്യാനമാണ്.





# 10.

## പ്രൊട്ടസ്റ്റാനിസം കത്തോലിക്കസത്തിന്റെ ഫ്യൂച്ചറിസം ഉൾക്കൊള്ളുന്നു.

റിബെറായ്ക്കും ബെല്ലാർമിനും ശേഷം 200 വർഷത്തോളം പ്രൊട്ടസ്റ്റാനിസം അതിന്റെ പഠിപ്പിക്കലുമായി ഉറച്ചുനിന്നു. പത്തൊൻപതാം ശതകത്തിൽ ഫ്യൂച്ചറിസം പിന്നെയും ശക്തിപ്പെട്ടു. അതിനു കാരണക്കാരായത് സമുവേൽ മെയ്റ്റ് ലാൻഡ്, ജെയ്മ്സ് റ്റോഡ്, വില്യം ബർഗ്ഗ്, ജോൺ ഡാർബി, ജോൺ ഹെന്റി ന്യൂമാൻ എന്നിവരായിരുന്നു.

"എൻക്വയറീസ്" എന്ന തലക്കെട്ടിൽ ഒരു ലഘുലേഖാ പരമ്പര 1826-ൽ സമുവേൽ മെയ്റ്റ് ലാൻഡ് ആരംഭിച്ചതാണ് ഇതിനു തുടക്കം.

(ഈ ചരിത്ര വസ്തുക്കൾ Leroy Edwin Froom എന്നയാൾ എഴുതിയ "Faith of Fathers" എന്ന സ്മാരകകൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്. അദ്ദേഹം ദശകങ്ങൾ ചെലവാക്കി, അപ്പൊസ്തോലിക കാലം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിവരെ വേദപുസ്തക പ്രവചനങ്ങൾ പോയവഴി പിന്തുടർന്ന് ആ ചരിത്രം നാലു വാല്യങ്ങളായി എഴുതി. ഫ്രൂം യൂറോപ്പിൽ എല്ലായിടത്തും യാത്ര ചെയ്ത്, ആദ്യത്തെ ഉറവിടം കണ്ടുപിടിച്ച് സൂക്ഷ്മതയോടെ എഴുതിയതാണ് മേൽപ്പറഞ്ഞ വാല്യങ്ങൾ. ഇന്നും അദ്ദേഹത്തിന്റെ എഴുത്തുകൾ ആധികാരികമായി കരുതുന്നു).

ഫ്രൂം എന്ന ചരിത്രകാരൻ പറയുന്നത് പാപ്പാത്വത്തെ ചൂണ്ടിക്കൊണ്ട് പ്രൊട്ടസ്റ്റന്റുകാർ ഉപയോഗിച്ചിരുന്ന ചെറിയ കൊമ്പ്, മൃഗം, ബാബിലോൺ ആദിയായ പ്രതീകങ്ങളെ ആക്രമിച്ചുകൊണ്ടുള്ളതായിരുന്നു എൻക്വയറീസ് എന്ന ലഘുലേഖ എന്നാണ്. മെയ്റ്റ്ലാൻഡിന്റെ കാഴ്ചപ്പാടുകൾ ജെയ്മ്സ് റ്റോഡും (1803-1869) വില്യം ബർഗ്ഗും (1800-1860) പങ്കുവച്ചു. ഇവർ രണ്ടുപേരും

ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റ് പള്ളിയിലെ പുരോഹിതന്മാർ ആയിരുന്നു. വില്യം ബർഗ് പറഞ്ഞത് "അധർമ്മ മൂർത്തി എന്നു പറയുന്നത് ഒരു വ്യക്തിയാണ്. അതൊരിക്കലും പ്രസ്ഥാനം അല്ല. പിൻതുടർച്ചക്കാർ ഭരിക്കുന്ന ഓഫീസല്ല. ഒരു വ്യക്തിയുടെ കപടവേഷം അയാൾ മരിക്കുന്നതുവരെ മാത്രം ഉള്ളതാണ്".

രണ്ടാമതായി, ബാഹ്യാഡംബരങ്ങളുടെയും പ്രവർത്തികളുടെയും രീതിതന്നെ പോപ്പ് അധർമ്മമൂർത്തിയല്ലെന്ന് തെളിയിക്കുന്നു. ജെയ്മ്സ് റ്റോഡ് വിശ്വസിച്ചിരുന്നതും അതുതന്നെയാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ 1838-ൽ പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ധാരണ - 1. യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു മുൻപ് ലോകത്തിൽ പ്രത്യക്ഷപ്പെടുവാൻ ഇരിക്കുന്ന വ്യക്തിയാണ് എതിർക്രിസ്തു. 2. പുതുക്കിയ യരുശലേം ദൈവാലയത്തിൽ അയാൾ ഇരിക്കും. എതിർക്രിസ്തുവിന്റെ ഉപദ്രവം ജാതികളോട് ഉള്ളതിനേക്കാൾ കൂടുതൽ യഹൂദന്മാരോട് ആയിരിക്കും.

(യരുശലേം ദേവാലയം പുതുക്കിപ്പണിയുമോ? യേശുക്രിസ്തു പറഞ്ഞു: 1. കല്ലിന്മേൽ കല്ല് ശേഷിക്കയില്ലെന്ന്. സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും പ്രഗത്ഭരായ പലരും ശ്രമിച്ചിട്ടും ഈ പ്രവചനം ഉടെച്ച് ആലയം പണിയുവാൻ സാധിച്ചില്ല.

2. എ.ഡി. എഴുപതിൽ ആലയം നശിപ്പിക്കപ്പെട്ടപ്പോൾ ആ സ്ഥലം രക്തപ്പുഴ ആയിരുന്നു. അതുകൊണ്ട് ശുദ്ധീകരണ ജലം ഒഴിച്ച് ശുദ്ധമാക്കണമെന്നത് യഹൂദാനിയമം ആണ്. ശുദ്ധീകരണജലം ഇന്ന് ഇല്ല. അത് ഉണ്ടാക്കുവാൻ അഹരോൻ ഗോത്രത്തിൽപ്പെട്ട പുരോഹിതൻ വേണം. ഇന്നത്തെ യഹൂദന്മാരിൽ അഹരോൻ ഗോത്രം ഇല്ല. നാളെ ഉണ്ടാകയുമില്ല.

പ്രവചനം പറയുന്നത് "അവൻ ദൈവാലയത്തിൽ ഇരുന്ന് ദൈവം എന്ന് നടിച്ചു...." ഇവിടെ യരുശലേം ദേവാലയം എന്നു പറയുന്നില്ല. സെന്റ് പീറ്റേഴ്സ് ബർഗ്ഗ് ആയാലും പ്രവചനം ശരിയാകും.

ഈ കാരണങ്ങളാൽ യരുശലേം ദേവാലയം പുതുക്കിപ്പണിയൽ നടക്കില്ല).





3. എതിർക്രിസ്തു 1260 അക്ഷരീക ദിവസം ഭരിക്കും.

4. ദാനിയേൽ 7-ാം അദ്ധ്യായത്തിലെ നാലാമത്തെ സാമ്രാജ്യം റോമാ സാമ്രാജ്യം അല്ല. അതുകൊണ്ട് പത്തുകൊമ്പുകൾ ഉണ്ടായിട്ടില്ല. നാലാമത്തെ സാമ്രാജ്യം ഇനി ഭൂമിയിൽ വരാനിരിക്കുന്നതേ ഉള്ളൂ. അദ്ദേഹം പറഞ്ഞു - "റോമാ സഭയ്ക്ക് വിശ്വാസഭ്രംശം ഒന്നും ഉണ്ടായിട്ടില്ല". പിന്നെ പറഞ്ഞു - "റോമനിസത്തിന്റെ തെറ്റുകൾ മതഭ്രംശത്തോളം എത്തിയിട്ടില്ല" അദ്ദേഹത്തിന്റെ ആശ്ചര്യകരമായ പ്രഖ്യാപനം ഇങ്ങനെ - "റോമാ സഭ ഒരു സത്യസഭ ആകുന്നു".

ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റു സഭയുടെ നേതാക്കൾ ഇതിനാൽ ഫ്യൂച്ചറിസവും പദാനുപദമായ വ്യാഖ്യാനവും ജെസ്യൂട്ടുകളിൽ നിന്നും സമ്പാദിച്ചിരിക്കുന്നു. അവർക്ക് വേദപുസ്തക പ്രവചനത്തിലെ എതിർക്രിസ്തുവിനെ തിരിച്ചറിയുവാൻ സാധിക്കാഞ്ഞതിൽ അത്ഭുതമില്ല.

റ്റോഡിന്റെയും ബെർഗിന്റെയും പഠിപ്പിക്കലുകൾ "ഓക്സ്ഫോർഡ് ട്രാക്റ്റേറിയൻ മൂവ്മെന്റ്" എന്ന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ഈ പ്രസ്ഥാനം ഇംഗ്ലണ്ടിലെ സഭയിൽ 1833 മുതൽ 1845 വരെ നിലനിന്നു. ഈ കാലയളവിൽ ഇംഗ്ലണ്ടിലെ സഭയെ പ്രൊട്ടസ്റ്റാനിസത്തിൽ നിന്ന് മടക്കുവാനുള്ള ഉദ്ദേശ്യത്തോടെ (Tracts for the Times) ട്രാക്റ്റ്സ് ഫോർ ദ റൈറ്റംസ് എന്ന ലഘുലേഖയുടെ തൊണ്ണൂറ് പരമ്പര ഉണ്ടാക്കി പ്രസിദ്ധീകരിച്ചു. പ്രധാന എഴുത്തുകാർ റ്റോഡിന്റെയും ബർഗിന്റെയും എഴുത്തുകളെ ആണ് ആശ്രയിച്ചത്. എഴുത്തുകളുടെ ഉദ്ദേശ്യം എതിർക്രിസ്തു എന്ന പേര് റോമൻ കത്തോലിക്കാ സഭയിൽ ഉണ്ടാക്കിയ വെറുപ്പ് മാറ്റണം എന്നതായിരുന്നു. റോമൻ കത്തോലിക്കാ സമൂഹത്തിലേക്ക് പ്രൊട്ടസ്റ്റന്റുകാർ മടങ്ങുവാൻ അവരെ ഉത്തേജിപ്പിച്ചു. ക്രിസ്തീയ ലോകത്തിന്റെ നിയമപരമായ നേതാവായി റോമിലെ ബിഷപ്പിനെ അംഗീകരിക്കുവാൻ പ്രോത്സാഹിപ്പിച്ചു. റോമിലേക്കുള്ള ഈ ചലനത്തെ മുമ്പോട്ടു തള്ളിയത് ഫ്യൂച്ചറിസത്തിന്റെ പദാനിപദമായ പ്രവചനവ്യാഖ്യാനം ആണ്. പ്രവചനത്തിലെ എതിർക്രിസ്തു പാപ്പാത്വം അല്ലെങ്കിൽ പ്രൊട്ടസ്റ്റന്റുകാർക്ക് റോമും ആയി വീണ്ടും ഒന്നിക്കുന്നതിന് യാതൊരു

കാരണവും ഇല്ല. അങ്ങനെ ഫ്യൂച്ചറിസം എന്ന കള്ളനാണയം സാർവ്വ ലൗകിക ക്രിസ്തീയ സഭകളുടെ ഐക്യത്തിലേക്ക് ഉള്ള ശ്രമം ആയി കലാശിച്ചു. (കാലാന്ത്യത്തിലും ഇത് സംഭവിക്കുന്നു.) പഴുതില്ലാത്ത ചരിത്രസംഭവങ്ങൾ പ്രൊട്ടസ്റ്റാനിസത്തെ റോമിനെ വിട്ടുപോരുവാൻ ഉത്തേജനവും ധൈര്യവും പകർന്നുനൽകി. പക്ഷെ ഫ്യൂച്ചറിസം പ്രൊട്ടസ്റ്റാനിസത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുകയും പുനരൈക്യത്തിനായി അന്വേഷിക്കയും ആണ് ചെയ്തത്. ഓക്സ്ഫോർഡ് മൂവ്മെന്റ് അതിന്റെ പാരമ്യത്തിൽ എത്തിയത് ജോൺ ഹെന്റി ന്യൂമാൻ (1801-1890) ഇംഗ്ലണ്ടിലെ സഭയെ നശിപ്പിച്ചുകൊണ്ട് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നപ്പോഴാണ്. അദ്ദേഹം മൂവ്മെന്റിന്റെ പ്രധാന സഹായികളിൽ ഒരാൾ ആയിരുന്നു. വാസ്തവം പറഞ്ഞാൽ തൊണ്ണൂറു ലഘുലേഖകളിൽ ഇരുപത്തിയൊൻപത് എണ്ണവും ഇദ്ദേഹമാണ് ക്രമപ്പെടുത്തിയത്. പണ്ട് അദ്ദേഹം റോമിന് എതിരായി പറഞ്ഞതെല്ലാം തിരുത്തിപ്പറഞ്ഞു. 1845-ൽ അദ്ദേഹം റോമാസഭയിൽ സ്വീകരിക്കപ്പെട്ടു. 1846-ൽ പുരോഹിതനായി അവരോധിക്കപ്പെട്ടു. പിന്നീട് "ഡോക്ടർ ഓഫ് ഡിവിനിറ്റി" എന്ന സ്ഥാനം പോപ്പിനാൽ നൽകപ്പെട്ടു. 1847-ൽ അദ്ദേഹം ഇംഗ്ലണ്ടിലേക്ക് മടങ്ങി. 1854-ൽ അദ്ദേഹത്തെ ഡബ്ലിനിലേക്ക് വിളിച്ചു. പുതുതായി സ്ഥാപിച്ച കത്തോലിക്കാ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനാക്കി. 1876-ൽ കർദ്ദിനാൾ ആക്കി.

ബ്രിട്ടനിലെ പ്രൊട്ടസ്റ്റാനിസത്തിന് യൂറോപ്പിൽ നിന്നും തെക്കേ അമേരിക്കയിലെ ചിലിയിൽ നിന്നും ആക്രമണം ഉണ്ടായി. ചിലിയിൽ നിന്നും "മനുവേൽ ഡി ലക്കൺസ" (1731-1801) എന്ന ഒരു ജെസ്യൂട്ട് പുരോഹിതനായിരുന്നു ഫ്യൂച്ചറിസത്തിന്റെ വക്താവായി വന്നത്. അദ്ദേഹം റിബറായുടെ പഠിപ്പിക്കലുകൾ അറിഞ്ഞിരിക്കുവാനുള്ള സാധ്യതകൾ ഉണ്ട്. അദ്ദേഹത്തിന്റെ എഴുത്തുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

1. വെളിപ്പാട് 4 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നത് വരുവാനിരിക്കുന്നതേയുള്ളൂ.

2. മൂന്നരവർഷം എതിർക്രിസ്തു ഭരിക്കും എന്നത് അക്ഷരീകം ആണ്.





3. 144000 പേർ അക്ഷരീക യഹൂദന്മാർ ആണ്.

4. കർത്താവിന്റെ രണ്ടാം വരവിന് തൊട്ടുമുൻപ് സംഭവിക്കുന്ന മഹാകഷ്ടകാലത്ത് യിസ്രായേൽ ഒന്നിച്ച് മാനസാന്തരപ്പെടും. അപ്പോൾ യിസ്രായേൽ രാഷ്ട്രത്തോടുള്ള ദൈവത്തിന്റെ എല്ലാ ഉടമ്പടികളും ദൈവം നിവർത്തിക്കും.

5. ആയിരം ആണ്ട് വാഴ്ച ഭൂമിയിൽ നടക്കുമ്പോൾ സമാധാനം ഉണ്ടായിരിക്കും. മനുഷ്യർ തങ്ങളുടെ ഈ മരിക്കുന്ന ശരീരത്തോടുകൂടെ ആയിരിക്കുകയും ചെയ്യും.

6. ആയിരം ആണ്ട് വാഴ്ചക്കാലത്ത് പുതുതായി പണിത യരുശലേം ദൈവാലയത്തിൽ യാഗങ്ങൾ പുനഃസ്ഥാപിക്കും.

പ്രൊട്ടസ്റ്റന്റ് വ്യാഖ്യാതാക്കൾ ഈ പറഞ്ഞതെല്ലാം കടമെടുത്ത് പഠിപ്പിക്കുവാൻ തുടങ്ങി എന്നു പറയുമ്പോൾ അവരും തിരുവചന സത്യങ്ങളിൽ നിന്നും എത്രമാത്രം മാറിപ്പോയി എന്ന് മനസിലാക്കാം.

ഫ്യൂച്ചറിസത്തിൽ പറയുന്ന ഈ ആറുകാര്യങ്ങൾ ഒന്നു വിശകലനം ചെയ്യാം.

ആദ്യത്തേത് വെളിപ്പാട് 4 മുതലുള്ള അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നത് വരുവാനിരിക്കുന്നതേ ഉള്ളൂ എന്നാണ് അദ്ദേഹത്തിന്റെ കണ്ടുപിടുത്തം. എന്നാൽ എ.ഡി. 538 മുതൽ 1798 വരെ അന്ധകാര യുഗം എന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. തിരുവചന വെളിച്ചം മനുഷ്യനു നൽകാതെ അന്ധകാരത്തിൽ ആക്കുകയും ക്രിസ്ത്യാനികളെ സാത്താൻ പീഡിപ്പിക്കുകയും ചെയ്തിരുന്ന കാലമാണ് ഇത്. അതായത് 1260 വർഷം. പ്രവചനത്തിൽ ഒരു ദിവസം, ഒരു വർഷമായിട്ടാണ് കണക്കാക്കുന്നത്. ലക്കൺസായുടെ ആയുസ്സിന്റെ നല്ലഭാഗവും അന്ധകാര യുഗത്തിൽ ആയിരുന്നു. അത് വരുവാനിരിക്കുന്നത് അല്ല.

(2) 3 1/2 വർഷം എന്നത് അക്ഷരീകമായ 3 1/2 വർഷം ആണ്. ഇത് പ്രവചനം ആകയാൽ 3 1/2 വർഷത്തിന് എത്ര ദിവസം ഉണ്ടോ അത്രയും വർഷം എന്ന് കണക്കാക്കണം. എ.ഡി. 538-ൽ ഓസ്ടഗോത്സിനെ നിർമ്മൂലമാക്കിക്കൊണ്ട് തേർവാഴ്ച

നടത്തിയത് അവസാനിച്ചത് നെപ്പോളിയൻ തന്റെ സൈന്യാധിപനെ അയച്ച് ലൂയീസ് മാർപ്പാപ്പയെ ബന്ധനസ്ഥനാക്കിയതോടെ ആണ്. 1798-ൽ അത് സംഭവിച്ചു. 1260 വർഷം നിവർത്തിച്ചു.

(3) 144000 പേർ അക്ഷരീക യിസ്രയേൽ ആണ്. ഓരോ ഗോത്രത്തിൽ നിന്നും പന്തീരായിരം പേർ എന്ന് തിരുവചനം പറയുന്നു. എന്നാൽ എഫ്രയിം ഗോത്രവും ദാൻ ഗോത്രവും ഈ പന്ത്രണ്ടിൽ ഇല്ല. മനശ്ശയും യോസേഫും ഉണ്ട്. അതുകൊണ്ടുതന്നെ ഇത് അക്ഷരീകം അല്ല.

കൂടാതെ ഇന്ന് യിസ്രായേൽ എന്നൊരു ജാതി ഇല്ല. യഹൂദൻ എന്നൊരു ഗോത്രം മാത്രമേ ഭൂമിയിൽ അവശേഷിച്ചിട്ടുള്ളൂ. 2 രാജാ. 17:20-41 വരെ പറയുന്നത് ദൈവം യിസ്രായേലിലെ പത്തു ഗോത്രത്തെയും തന്റെ സന്നിധിയിൽ നിന്ന് നീക്കിക്കളഞ്ഞു എന്നാണ്. ബാക്കിയുണ്ടായിരുന്ന ഗോത്രത്തെയും നീക്കിക്കളഞ്ഞു എന്ന് മത്തായി 21:43-ൽ പറയുന്നു. അതുകൊണ്ട് 144000 പേർ അന്ത്യസമയത്ത് ദൈവത്തിന്റെ മുദ്ര തങ്ങളുടെ നെറ്റിമേൽ നിലനിർത്തിയിരുന്ന വിശുദ്ധജനം ആണ്. അക്ഷരീക യിസ്രായേൽ അല്ല.

(4) കർത്താവിന്റെ രണ്ടാംവരവിനു മുൻപ് യഹൂദന്മാർ ക്രിസ്തുവിനെ അംഗീകരിച്ചാൽ അവർക്ക് നിത്യജീവൻ ലഭിക്കും.

(5) ആയിരം ആണ്ട് വാഴ്ച ഭൂമിയിൽ അല്ല. അനീതിയും അക്രമവും അതിന്റെ പാരമ്യതയിൽ ഉള്ള ഈ ലോകത്തിൽ ദുഷ്ടന്മാരോടുകൂ ദൈവം താമസിക്കയില്ല.

(6) ആയിരം ആണ്ടു വാഴ്ചക്കാലത്ത് പുതുതായി പണിത യരുശേം ദേവാലയത്തിൽ യാഗങ്ങൾ പുനഃസ്ഥാപിക്കും,

യരുശലേം പുതുക്കിപണിതിട്ടു വേണ്ടേ യാഗങ്ങൾ സ്ഥാപിക്കുവാൻ! എബ്രായർ 10:18 ൽ "പാപങ്ങളുടെ മോചനം ഉള്ളേടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല" എന്ന് നാം വായിക്കുന്നു. യരുശലേം ദേവാലയത്തിന്റെ തിരശ്ശീല ദൈവം കീറിയതോടെ യാഗാദി കർമ്മങ്ങൾ ദൈവം നിർത്തലാക്കി.





ദൈവം നിർത്തിയതിനെ മനുഷ്യൻ വീണ്ടും സ്ഥാപിക്കുമോ?

ഭാരതത്തിലെ പല ക്രിസ്തീയ സെമിനാരികളിലും ഇന്ന് പഠിപ്പിക്കുന്നത് ഫ്രാൻസിസ്ക്കോ റിബറ, റോബോർട്ടു ബല്ലാർമിൻ, മാനുവേൽ ഡി. ലക്കൺസാ എന്നിവരുടെ കണ്ടുപിടുത്തങ്ങൾ ആണ്. യാഥാസ്ഥിതിക പ്രൊട്ടസ്റ്റന്റുകാർ ഇപ്പോൾ പഠിപ്പിക്കുന്ന പ്രവചനങ്ങൾ റോമൻ കത്തോലിക്കാ ജെസ്യൂട്ട് പുരോഹിതന്മാരിൽ നിന്ന് കടമെടുത്തതാണ്.

ലക്കൺസായുടെ പഠിപ്പിക്കലുകൾ ഇംഗ്ലണ്ടിൽ എത്തിയത് ബർഗിന്റെയും റ്റോഡിന്റെയും ന്യൂമാന്റെയും കാലത്തുതന്നെ ആയിരുന്നു. ഇദ്ദേഹം എഴുതിയത് എഡ്വേർഡ് ഇർവ്വിൻ എന്നൊരാൾ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റി. 1833-ൽ അവ പ്രസിദ്ധപ്പെടുത്തി. ഇത് ഓക്സ്ഫോർഡ് ട്രാക്റ്റേറിയന്റെ കാലത്തുതന്നെ ആയിരുന്നു.

പഴുതില്ലാത്ത പ്രൊട്ടസ്റ്റന്റ് പ്രവചന വ്യാഖ്യാനത്തെ പാളംതെറ്റിക്കുന്ന വേറൊരു കരുനീക്കവും ബ്രിട്ടനിൽ ഉണ്ടായി.

# 11.

## പ്ലിമൗത്ത് ബ്രദറണിന്റെ സംഭാവന

**അ**യർലണ്ടിലെ പ്രൊട്ടസ്റ്റന്റു സഭയുടെ ആത്മീക നിലവാരത്തിൽ തൃപ്തിയില്ലാതിരുന്ന ഒരു ചെറിയകൂട്ടം ആളുകൾ ഡബ്ലിൻ എന്ന സ്ഥലത്ത് 1825-ൽ ഒന്നിച്ചുകൂടി. അവരുടെ ഉദ്ദേശം സഭയെ ഉത്തേജിപ്പിക്കുക എന്നായിരുന്നു. അധികം താമസിയാതെ അതുപോലെ ഉള്ള ചെറിയ കൂട്ടങ്ങൾ അയർലണ്ടിലും ഇംഗ്ലണ്ടിലും ഉണ്ടായി. അതിൽ ഏറ്റവും പ്രശസ്തമായത് പ്ലിമൗത്ത് ആയിരുന്നു. ഈ കൂട്ടങ്ങളെ "പ്ലിമൗത്ത് ബ്രദറൺ" എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി. ഈ കൂട്ടായ്മകളിൽ പ്രധാനികളായി അറിയപ്പെട്ടത് എഡ്വേർഡ് ഇർവ്വിൻ, ഡോ. എസ്.പി. ട്രെഡല്ലസ്, ജോൺ നെൽസൺ ഡാർബി എന്നിവർ ആയിരുന്നു. ലക്കൻസായുടെ എഴുത്തുകൾ മൊഴിമാറ്റിയ എഡ്വേർഡ് ഇർവ്വിൻ തന്നെയാണ് ഇവിടെ പറയുന്ന ഇർവ്വിൻ. ഇദ്ദേഹം, അറിയപ്പെടാത്ത ഭാഷയിൽ ഒരു അശരീരി കേട്ടു എന്നാണ് ട്രെഗെല്ലസ് പറയുന്നത്.

അശരീരി പറഞ്ഞത്, കർത്താവിന്റെ രണ്ടാം വരവിനു മുൻപ് ഒരു രഹസ്യ വരവുണ്ടെന്നും അപ്പോൾ തന്റെ സഭയെ ചേർത്ത് മദ്ധ്യാകാശത്തിലേക്ക് കൊണ്ടുപോകും എന്നും ആണ്. മഹോപദ്രവ കാലത്തിനു മുൻപ് ഇത് നടക്കും എന്നും പറയപ്പെട്ടു. ട്രെഗല്ലസിന്റെ ഈ സാക്ഷ്യം ചരിത്രകാരന്മാർ ചോദ്യംചെയ്തു. എന്നിട്ടും പ്രൊട്ടസ്റ്റന്റുകാരുടെ പ്രവചന വ്യാഖ്യാനങ്ങളിൽ ഈ ആശയം കയറിപ്പറ്റി. ഈ പുതിയ ഉപദേശം യിസ്രായേലിനെയും ക്രിസ്ത്യാനിയെയും തമ്മിൽ വേർപിരിക്കുവാൻ വഴിയൊരുക്കി. (പിതാവായ ദൈവം തന്റെ ഏകജാതനെ ക്രൂശിൽ അർപ്പിച്ചത് അത് വിശ്വസിക്കുന്ന ഏവനും രക്ഷ പ്രാപിപ്പാനത്രെ. അതിൽ യഹൂദൻ എന്നും യവനൻ എന്നും ഇല്ല "ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും" യോഹ. 12:12. 'എല്ലാവരും' എന്ന വാക്കിൽ യഹൂദനും ഉൾപ്പെടും). കൂടാതെ വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന അനേക കാര്യങ്ങളും, സഭ സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ അക്ഷരീക യിസ്രായേലിന് പ്രത്യേകമായി സംഭവിക്കും എന്ന പഠിപ്പിക്കലിന് വാതിൽ തുറന്നു. ഇത് ഫ്യൂച്ചറിസത്തിന്റെ ജൈത്രയാത്രയിലെ അവിശ്വസനീയമായ പുരോഗതിയായി മാറി. അന്ന് ഇത് തെറ്റാണെന്ന് തെളിയിക്കുവാൻ പലരും ശ്രമിച്ചിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യകാലം വരെ, ക്രിസ്തീയ സഭയ്ക്ക് പൊരുത്തപ്പെടാത്തതാണ് ഈ ആശയങ്ങൾ എന്ന് ഫ്യൂച്ചറിസ്റ്റുകൾ തന്നെ സമ്മതിച്ചിരുന്നു. ട്രെഗെല്ലസ്, ഇർവ്വിന്റെ അനുഭവത്തെപ്പറ്റി പറയുന്നത് "ആത്മാവിന്റെ ശബ്ദം എന്നപോലെ ഇർവ്വിനു പള്ളിയിൽ വച്ചുണ്ടായ ശബ്ദശ്രവണത്തിന് മുൻപ് കർത്താവിന്റെ രഹസ്യവരവിനെക്കുറിച്ചോ, ഉത്പ്രാണനത്തെക്കുറിച്ചോ എനിക്ക് യാതൊരു അറിവും ഇല്ലായിരുന്നു. അങ്ങനെ ഒരു ശബ്ദത്തെക്കുറിച്ച് ആരെങ്കിലും അവകാശവാദം പറഞ്ഞാലും ഇല്ലെങ്കിലും സാങ്കല്പികമായ ആ വെളിപ്പാടിൽ നിന്നാണ് പുതിയ ഉപദേശങ്ങളും പുതിയ ആവിഷ്ക്കാരങ്ങളും ഉണ്ടായത്. അത് തിരുവചനത്തിൽ നിന്നല്ല. പക്ഷെ അത് ദൈവാത്മാവാണെന്ന് ഭാവിക്കുകയായിരുന്നു".

1830 മുതൽ അയർലണ്ടിൽ ഒരു കോൺഫറൻസ് പരമ്പരതന്നെ ഉണ്ടായി. എഡ്വേർഡ് ഇർവ്വിൻ, ജോൺ നെൽസൺ ഡാർബി അതുപോലെ പ്രശസ്തരായ പ്ലിമൗത്ത് ബ്രദറൺ നായകന്മാരിൽ പലരും ഈ മീറ്റിംഗുകളിൽ പങ്കെടുത്തു. ഫ്യൂച്ചറിസത്തിന്റെ





പദാനുപദമായ വ്യാഖ്യാനം ഒരു സമ്പ്രദായമായി മാറി. രഹസ്യവരവ് എന്ന ആശയം കൂടുതൽ ശക്തമായി ഉറച്ചു. ഈ കോൺഫറൻസുകളിൽ നിന്ന് ഉരുത്തിരിഞ്ഞ കാഴ്ചപ്പാടുകൾ കാട്ടുതീപോലെ പടർന്ന് മറ്റ് സഭകളിലേക്കും ആഴ്ന്നിറങ്ങി.

# 12.

## ജോൺ നെൽസൺ ഡാർബിയുടെ സംഭാവന

**അ**ദ്ദേഹം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. 1800-ൽ ഡാർബി അയർലണ്ടിൽ ജനിച്ചു. അദ്ദേഹം വെസ്റ്റ് മിനിസ്റ്റർ ട്രിനിറ്റി കോളജിലെ സമർത്ഥനായ നിയമവിദ്യാർത്ഥി ആയിരുന്നു. ബുദ്ധിപരമായി പ്രതിഭാശാലി ആയിരുന്നു. എങ്കിലും ശാരീരികമായി ഒരു മുടന്തൻ ആയിരുന്നു. ദയനീയത തോന്നിക്കുന്ന രൂപം.

ഇദ്ദേഹം വളരെവേഗം ഇംഗ്ലണ്ടിലെ സഭയോട് വിടപറഞ്ഞു, ഫ്യൂച്ചറിസത്തെ ആലിംഗനം ചെയ്തു. വേദപുസ്തകം പറയുന്ന എതിർക്രിസ്തു, പാപ്പാത്വം ആണെന്ന് തിരിച്ചറിയുവാൻ ഇദ്ദേഹത്തിന് സാധിക്കാതിരുന്നത് ചരിത്രത്തെ അവജ്ഞയോടെ കണ്ടതുകൊണ്ടാണ്. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ''നിനവെയും ബാബിലോണും നശിച്ചെന്നോ, ജാതികൾ യരുശലേം നശിപ്പിച്ചു എന്നോ ചരിത്രം എന്നോട് പറയേണ്ട കാര്യമില്ല. പ്രവചനം മനസ്സിലാക്കുവാൻ ഏതെങ്കിലും രീതിയിൽ ചരിത്രം വേണം എന്ന് ഞാൻ വിശ്വസിക്കുന്നില്ല''. വീണ്ടും പറഞ്ഞു ''ദൈവത്തിന് യിസ്രേയിനെക്കുറിച്ചുള്ള ഉദ്ദേശവും സഭയെക്കുറിച്ചുള്ള ഉദ്ദേശവും വിഭിന്നമാണ്. രണ്ടും ഒരേസമയത്ത് ലോകത്തിൽ ആയിരിക്കുവാൻ കഴിയുകയില്ല". പ്രത്യേകിച്ചും 7 വർഷത്തെ മഹോപദ്രവ കാലത്ത്. അങ്ങനെ ആണെങ്കിൽ, ദാനിയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ (ദാനിയേൽ 9:24-27). ദൈവത്തിന്

പ്രത്യേകമായി യിസ്രായേലിനോട് ഇടപെടണമെങ്കിൽ സഭയെ ഇവിടെനിന്നും മാറ്റിയിരിക്കും എന്നാണ് എന്റെ വിശ്വാസം. പുതുതായി കണ്ടുപിടിച്ച രഹസ്യവരവ് എന്ന തത്വം ഫ്യൂച്ചറിസത്തെ പുതിയ മാനങ്ങളിലേക്ക് ഉർത്തുവാൻ ഡാർവിയെ സഹായിച്ചു. (പഴയനിയമ ഭാഗങ്ങളിൽ യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന പ്രവചനങ്ങൾ എല്ലാം നിവർത്തിച്ചത് പുതിയനിയമ പുസ്തകങ്ങളിൽ ഉണ്ട്. എന്നാൽ ദാനിയേലിന് ദൈവം കൊടുത്ത ദർശനങ്ങൾ ദാനിയേലിന് മനസിലായില്ല. അപ്പോൾ ദൈവം പറയുന്നത് "…. ഈ വചനങ്ങൾ അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടും ഇരിക്കുന്നു. പലരും തങ്ങളെ ശുദ്ധീകരിച്ച് ശോധന കഴിക്കും. ദുഷ്ടന്മാരോ ദുഷ്ടത പ്രവർത്തിക്കും. ദുഷ്ടന്മാരിൽ ആരും ഇത് തിരിച്ചറികയില്ല". ദാനി.:12:10. എബ്രാ. 1:2 ൽ "ഈ അന്ത്യകാലം" എന്നു പറയുന്നു. അതായത് കർത്താവിന്റെ കാലം മുതലുള്ള കാലം എന്ന് വിവക്ഷിക്കാം. ദാനിയേൽ പ്രവചനം നിവൃത്തിയായത് ഈ അന്ത്യകാലത്താണ്. അതുകൊണ്ട് ദാനിയേലിന് അത് മനസ്സിലായില്ല. അന്ത്യകാലത്ത് നിവൃത്തിയാകേണ്ട പ്രവചനങ്ങൾ മാത്രമേ ദാനിയേലിലും വെളിപ്പാടിലും കൊടുത്തിട്ടുള്ളൂ. അത് നിവൃത്തിയായത് ബൈബിളിൽ ഇല്ല. ചരിത്രത്തിൽ മാത്രമേ ഉള്ളൂ. അതുകൊണ്ട് ചരിത്രത്തിൽ എന്തു സംഭവിക്കുന്നു എന്നു നോക്കേണ്ടത് ആവശ്യമാണ്).

അങ്ങനെ, സഭ മാറ്റപ്പെടുമ്പോൾ ദൈവം യിസ്രായേലിനോട് പ്രത്യേകമായി ഇടപെട്ടാൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത പലതും ഉണ്ടാകും എന്ന് ന്യായീകരിച്ചും എതിർക്രിസ്തു യെരുശലേം ദേവാലയത്തിൽ ഇരിക്കും എന്നും അത് ഒരു വ്യക്തിയായിരിക്കും എന്നും 1260 ദിവസം അയാൾ ഭരിക്കും എന്നും യിസ്രായേലിന്റെ ശത്രുക്കൾ വടക്കുനിന്നും തെക്കുനിന്നും കിഴക്കുനിന്നും വരുമെന്നും ഡാർബി പഠിപ്പിച്ചു. നേരത്തേ ഉണ്ടായിരുന്ന റിബറായുടെയും ലക്കൺസായുടെയും റ്റോഡിന്റെയും എല്ലാം പഠിപ്പിക്കലുകൾ ഒപ്പിയെടുത്തതാണ് ഇവ. ഫ്യൂച്ചറിസത്തിന്റെ തോൽവി, അതിന് ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനം നടന്നില്ല എന്നതും അക്ഷരംപ്രതി വ്യാഖ്യാനിച്ചതും ആണ്. ചരിത്രപരമായ വ്യാഖ്യാനത്തിന് ചരിത്രത്തിന്റെ അറിവ് ഉണ്ടായിരിക്കണം. അത് നമുക്ക്





കാലാനുക്രമമായ വിവരണം തരുന്നു. ചരിത്രത്തിന്റെ ഒഴിക്കൽ പ്രവചന സംഭവങ്ങൾ ഓരോന്നും എവിടെ എന്ന് കൃത്യമായി മനസ്സിലാക്കാം. ഉദാഹരണമായി ദാനിയേൽ ഏഴിലെ സാമ്രാജ്യങ്ങൾ ഓരോന്നും ഒന്നിനു തൊട്ടു പിന്നാലെ അടുത്തത് ഉടലെടുത്തു. ഇടയ്ക്ക് വിടവില്ല. പക്ഷെ ഫ്യൂച്ചറിസത്തിൽ റോമാ സാമ്രാജ്യത്തിനു ശേഷം ചരിത്രത്തിൽ എന്തു സംഭവിച്ചു എന്ന് അറിയേണ്ട ആവശ്യമേ ഇല്ല. ഫ്യൂച്ചറിസം ഒരു വിടവ് സൃഷ്ടിക്കുന്നു. നശിച്ചുപോയ റോമാസാമ്രാജ്യവും വരാനിരിക്കുന്ന റോമാസാമ്രാജ്യവുമായി 1500-ൽപരം വർഷങ്ങളുടെ വിടവുണ്ട്. ഈ വിടവിൽ എതിർക്രിസ്തുവിന്റെ ഭരണകാലം എന്നൊന്ന് തിരികെ കയറ്റി. പ്രവചനത്തിന്റെ ഒഴുക്ക് നാലാമത്തെ മൃഗത്തോടുകൂടെ നിർത്തിവച്ചപ്പോൾ പത്തുകൊമ്പും അവയുടെ ഇടയിൽ നിന്നു പുറപ്പെടുന്ന ചെറിയകൊമ്പും ഉയരുന്നതേയില്ല. ഇന്നത്തെ മനുഷ്യർ പ്രവചനത്തിലെ ഈ അനിശ്ചിതാവസ്ഥയിലാണ് ജീവിക്കുന്നത്. കർത്താവിന്റെ രഹസ്യവരവോടുകൂടെ മാത്രമേ ഈ വിടവിന്റെ കാലയളവ് തീരുകയുള്ളൂ. ദാനിയേൽ 7-ൽ പറയുന്ന റോമൻ സാമ്രാജ്യത്തിന്റെ പതനംമുതൽ ഇന്നുവരെ സംഭവിച്ച കാര്യങ്ങൾ മനസ്സിലാക്കുവാൻ ചരിത്രം പഠിക്കേണ്ട ആവശ്യമില്ലെന്നാണ് ഫ്യൂച്ചറിസത്തിന്റെ നിലപാട്.

# 13.

## സൈറസ് ഇൻജേഴ്സൺ സ്കോഫീൽഡിന്റെ സംഭാവന

സ്കോഫീൽഡ് 1843 മുതൽ 1921 വരെ ജീവിച്ചിരുന്നു.

1859നും 1874നും ഇടയിൽ ഡാർബി ആറുപ്രാവശ്യം അമേരിക്കൻ ഐക്യനാടുകൾ സന്ദർശിക്കയുണ്ടായി. അവിടെ അദ്ദേഹത്തിന് ഹാർദ്ദവമായ സ്വാഗതം ലഭിച്ചു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് ആകാംക്ഷയോടെയുള്ള സ്വീകാര്യവും കിട്ടി. ആധുനിക ലോകത്തിലേക്ക് ഫ്യൂച്ചറിസം ഇങ്ങനെ ഇറക്കുമതി

ചെയ്തു. ഡാർബിയുടെ പ്രഭാഷണങ്ങളും എഴുത്തുകളും കുറെ കഴിഞ്ഞപ്പോൾ മറവിയിൽ ആണ്ടു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഉണ്ടായിരുന്ന ലൈബ്രറികളിൽത്തന്നെ അവ പൊടിപിടിച്ചു കിടക്കുകയായിരുന്നു. സ്കോഫീൽഡ് അവ കണ്ടെടുത്തു. 1879-ൽ അദ്ദേഹം മാനസാന്തരപ്പെട്ടു. വേദശാസ്ത്രത്തിൽ പരിശീലനം ഒന്നുമില്ലാതെതന്നെ 1882-ൽ പുരോഹിതനായി അഭിഷിക്തനായി. ഇദ്ദേഹം ഡാർബിയുടെ പുസ്തകങ്ങൾ പൊടിതട്ടിയെടുത്ത് ഫ്യൂച്ചറിസ്റ്റ് തത്വങ്ങൾ ഒരു പരമ്പരയാക്കി കിഗ് ജെയിംസ് ബൈബിളിന്റെ അടിക്കുറിപ്പാക്കി ചേർത്തു. 1909-ൽ "സ്കോഫീൽഡ് റഫറൻസ് ബൈബിൾ" എന്ന പേരിൽ പ്രശസ്തമായ ബൈബിൾ രൂപംകൊണ്ടു. അദ്ദേഹത്തിന്റെ കുറിപ്പുകൾ ബൈബിളിനോടൊപ്പം ആദരിക്കപ്പെട്ടു. ബൈബിൾ പ്രവചനം ഫ്യൂച്ചറിസ്റ്റുകാരുടെ വീക്ഷണത്തോടെ പഠിക്കുന്ന പ്രൊട്ടസ്റ്റന്റുകാർ ഇന്നും ഈ ബൈബിളിന് ആണ് പ്രാധാന്യം കല്പിച്ചിരിക്കുന്നത്. സ്കോഫീൽഡ് ബൈബിൾ 1917-ൽ വികസിപ്പിക്കുകയും 1967-ൽ നവീകരിക്കുകയും ചെയ്തു. ഇതിന്റെ ഏകദേശം പത്തുമില്യൻ കോപ്പികൾ വിറ്റുപോയിട്ടും ഉണ്ട്.

പ്രവചനം ശരിയായ രീതിയിൽ വ്യാഖ്യാനിക്കുന്നതിനെ ഹിസ്റ്റോറിക്കിസം എന്നു പറയുന്നു. അങ്ങനെയുള്ള ഒറ്റസഭയെ ലോകത്തിൽ ഉള്ളൂ. അത് സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭയാണ്. അവർ നവീകരണ വക്താക്കളുടെ വഴിയിലാണ്. പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽ നിന്നും പ്രധാനപ്പെട്ട സഭകളും യാഥാസ്ഥിതിക സഭകളും വഴിമാറി. അവ യുണൈറ്റഡ് മെഥഡിസ്റ്റ്, യുണൈറ്റഡ് പ്രസ്ബിറ്റേറിയൻ, യുണൈറ്റഡ് ലൂഥറൻസ്, ചർച്ച് ഓഫ് ക്രൈസ്റ്റ്, ലിബറൽ ചർച്ചുകള്, ബ്രിട്ടനിലെ കൺസർവേറ്റീവ് ചർച്ചുകൾ എന്നിവയാണ്.

ലൂസിഫറിന്റെ വെല്ലുവിളി: ''....എന്റെ സിംഹാസനം നക്ഷത്രങ്ങൾക്കു മീതെ വെക്കും.... ഞാൻ അത്യുന്നതനോട് സമനാകും". യെശയ്യാ 14:13, 14. ദൈവം ലോകത്തെ ഭരിക്കുന്നു. സാത്താനും അങ്ങനെതന്നെ ആകണമെന്ന് നിർബന്ധം. അതിനായി ഏകലോക വ്യവസ്ഥ വന്നേ മതിയാകൂ.





# 14.

## പോപ്പ് ഫ്രാൻസിസും ഏകലോക മതവിശ്വാസവും

**നാം** ജീവിക്കുന്നത് വേഗത്തിൽ പുരോഗമിക്കുന്ന ആഗോള വത്ക്കരണത്തിന്റെ ദിനങ്ങളിലാണ്. ആഗോള സമ്പത്തിടപാടുകൾ ഇന്നലെക്കാൾ കൂടുതൽ ഇന്ന് സംയോജിപ്പിക്കുന്നു. ഓരോ വർഷവും കടന്നുപോകുമ്പോൾ എക്കണോമിയുടെ ചരടുകൾ നമ്മെ കൂടുതൽ ഒന്നിച്ചുകെട്ടുന്നു. യുണൈറ്റഡ് നേഷ്യൻസ്, വേൾഡ് ബാങ്ക്, ഐ.എം.എഫ്., ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റ്, ആഗോള ഗവൺമെന്റ് ഇവയെല്ലാം മുൻപില്ലാത്ത വിധത്തിൽ ഒന്നിച്ചു പ്രവർത്തിക്കുന്നു. മതപരമായിട്ടോ? ആഗോളമതത്തിന്റെ തെളിവുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പോപ്പ് ഫ്രാൻസിസ് അധികാരം ഏറ്റെടുത്തപ്പോൾ മുതൽ അതിനുള്ള വഴിയും തെളിയുന്നു. കിഴക്കൻ ഓർത്തഡോക്സ് സഭയുമായും ആംഗ്ലിക്കൻ സഭയുമായും പ്രധാനപ്പെട്ട പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളുമായും യോജിക്കണം എന്ന ആഗ്രഹം അദ്ദേഹം വെളിവാക്കിക്കഴിഞ്ഞു.

അതേസമയം പോപ്പ് ഫ്രാൻസിസ് മുസ്ലീമുകളുടെ പ്രീതിക്കുവേണ്ടിയും പ്രയത്നിക്കുന്നു. അവരുമായുള്ള ആദ്യത്തെ എക്യുമെനിക്കൽ മീറ്റിംഗിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്. "ഞാൻ നിങ്ങളെ ഹാർദ്ദവമായി അഭിവാദ്യം ചെയ്യുന്നു. മറ്റ് മതവിശ്വാസത്തിൽപ്പെട്ട പ്രിയപ്പെട്ട കൂട്ടുകാർക്ക് പ്രത്യേകം നന്ദി. ഏകദൈവത്തെ ആരാധിക്കുന്ന, കരുണയുള്ള, ജീവിക്കുന്ന ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്ന മുസ്ലീമുകളെ! ഞാൻ നിങ്ങളുടെ സാന്നിദ്ധ്യത്തെ അഭിനന്ദിക്കുന്നു. പരസ്പരം ഉള്ള ആദരവ് വളരുന്നതിനും മാനവരാശിയുടെ നന്മയ്ക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കുന്നതിനും ഉള്ള പ്രകടമായ അടയാളമായി ഞാൻ ഈ കൂടിവരവിനെ കാണുന്നു". അടുത്തകാലത്ത് അദ്ദേഹം പറഞ്ഞത് "അബ്രഹാമിന്റെ വിശ്വാസത്തെ പിടിച്ചിരിക്കുന്നവരാണ് അവർ എന്ന വാസ്തവം നമുക്ക് ഒരിക്കലും

മറക്കുവാൻ പാടില്ല. അന്ത്യനാളിൽ മനുഷ്യരാശിയെ ന്യായംവിധിക്കുന്ന, കരുണയുള്ള ഏകദൈവത്തെ നമ്മോടൊത്ത് അവർ ആരാധിക്കുന്നു".

ഈ പ്രസ്താവനയിലൂടെ പോപ്പ് അതിപ്രധാനമായ ഒരു ക്രിസ്തീയതത്വം നിരാകരിച്ചിരിക്കുകയാണ്. ക്രിസ്ത്യാനികൾ വിശ്വക്കുന്നത്, യേശുക്രിസ്തു ദൈവം ആണെന്നാണ്. മുസ്ലീമുകൾ ഈ ഉപദേശം വെറുക്കുന്നു. അവർ പറയുന്ന് അള്ളാ മാത്രമേ ദൈവമായിട്ടുള്ളൂ എന്നാണ്. അങ്ങനെയെങ്കിൽ ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും ഈ ലോകത്തിൽ എങ്ങനെ ഒരേ ദൈവത്തെ ആരാധിക്കുവാൻ സാധിക്കും? യേശുക്രിസ്തുവിന്റെ ദൈവീകത്വത്തെ തള്ളിപ്പറയാമെങ്കിൽ സാധിക്കും.

മറ്റു മതങ്ങളിലേക്കും അദ്ദേഹം കൈനീട്ടിയിരിക്കുന്നു. ഈ പറഞ്ഞ എക്യുമെനിക്കൽ മീറ്റിംഗിൽ അദ്ദേഹം പറഞ്ഞു "ഏതു പാരമ്പര്യ മതത്തിലുള്ളവരും എനിക്ക് അടുത്തവരാണ്"
http://www.rowtheendbegins.com/biog/?p=22878

പോപ്പ് ഫ്രാൻസിസിനെ ഒരു ദൗത്യമുള്ള ആളായി കണക്കാക്കണം. ആ ദൗത്യം വത്തിക്കാൻ റോമൻ കാതലിക് സിസ്റ്റത്തെയും ഇസ്ലാമിനെയും യോജിപ്പിക്കുക എന്നതാണ്. ഈസങ്കര സന്താനത്തെ ക്രിസ്ലാം എന്ന പേരിൽ അറിയപ്പെടുന്നു.

നിരീശ്വരവാദികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസ്താവന അനേകരുടെ നെറ്റി ചുളുക്കിച്ചു. പ്രസ്താവന ഇങ്ങനെ: "ദൈവം നമ്മെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. നാം ദൈവത്തിന്റെ സാദൃശ്യത്തിൽ ഉള്ളവരാണ്. ദൈവം നല്ലത് ചെയ്യുന്നു. നമുക്കെല്ലാവർക്കും നന്മ ചെയ്യണം എന്നുള്ള കല്പന ഹൃദയത്തിൽ ഉണ്ട്. നാം എല്ലാവരും നന്മ ചെയ്യുകയും തിന്മ ചെയ്യാതിരിക്കുകയും വേണം. പക്ഷെ, ഇത് സാർവ്വത്രികമായി എല്ലാവർക്കും സാധിക്കുന്നില്ല. കർത്താവ് നമ്മെ എല്ലാവരേയും രക്ഷിച്ചിരിക്കുന്നു – എല്ലാവരേയും – തന്റെ രക്തത്താൽ എല്ലാവരേയും. കത്തോലിക്കനെ മാത്രമല്ല, ഓരോരുത്തനേയും നിരീശ്വരവാദിയെയും. നന്മ ചെയ്തുകൊണ്ട് ഒന്നിക്കാം. പക്ഷെ പിതാവേ! ഞാൻ നിരീശ്വരൻ ആണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നന്മ ചെയ്യുക, അതിൽ നമുക്ക് യോജിക്കാം".

അദ്ദേഹം അർത്ഥമാക്കിയത് എന്താണെന്ന് എന്നതിനെച്ചൊല്ലി കുറേ വാദപ്രതിവാദം നടന്നു. പാപ്പായുടെ ഈ പ്രസ്താവനയുടെ പുറത്ത് കത്തോലിക്കാ ഉപദേശങ്ങൾ ഒന്നും മാറ്റിയിട്ടില്ല എന്ന്





വത്തിക്കാനിൽ നിന്ന് ഒരു പ്രസ്താവന ഇറക്കി. എന്നിട്ടും പലരേയും ഈ പ്രസ്താവന വിഷമിപ്പിച്ചു. അതുംകൂടാതെ പോപ്പിനോടൊപ്പം ടിറ്ററിൽ നിൽക്കുന്നവർക്ക് പാപക്ഷമ കൊടുക്കുമെന്ന് വത്തിക്കാൻ പറഞ്ഞപ്പോൾ ധാരാളം ആളുകൾ യഥാർത്ഥമായി വിഷമിച്ചു. ടെലിഗ്രാഫിൽ കാണപ്പെട്ട ഉദ്ധരണി ഇങ്ങനെ പറയുന്നു. "രക്ഷ – അല്ലെങ്കിൽ ശുദ്ധീകരണസ്ഥലത്തെ ഒരു ചെറിയ താമസം – സോഷ്യൽ മീഡിയായിൽ വിശ്വസ്തതയോടെ എന്നെ അനുഗമിക്കുന്നവർക്ക് ഈ താല്ക്കാലിക ശിക്ഷ മാറ്റിക്കൊടുക്കും".

http./www.independent.co.uk/news/world/europe/one-hell-of-a-deal-pope-frances-offers-reduced:time-in-purgatory-for-catholics-that-follow-him-on-twitter-871 366.html

അപ്പോൾ പോപ്പ് ഫ്രാൻസിസ് വിശ്വസിക്കുന്നത് എന്താണ്? ഏതു മതവിശ്വാസം ഉള്ളവരോടും യോജിക്കുക എന്ന ആഗ്രഹത്തിൽ നിമഗ്നനായതുപോലെ കാണപ്പെടുന്നു. എന്നാൽ ഈ പ്രത്യേക തരത്തിലുള്ള ആളുകളെ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. വിശ്വാസത്തെ ഗൗരവമായി കണ്ടുകൊണ്ട് വേദപുസ്തക തത്വങ്ങളിൽ ഉറച്ചുനിൽക്കുന്ന ക്രിസ്ത്യാനികളെ അദ്ദേഹം വെറുക്കുന്നു.

പെന്തക്കോസ്തു സഭയുമായി ഒത്തുതീർപ്പിന് അദ്ദേഹം ചെയ്തത് എന്താണെന്ന് നോക്കാം. 'വേർഡ് ഓഫ് ഫെയ്ത്ത്' എന്ന സംഘടനയുടെ പിതാവായ കെന്നത്ത് കോപ്ലൻഡ് എന്നയാൾക്ക്, കത്തോലിക്കരെയും കരിസ്മാറ്റിക്കുകളെയും ഒന്നിപ്പിക്കുവാൻ നിർബന്ധിക്കുന്ന ഒരു വീഡിയോ ദൂത് ആംഗ്ലിക്കൻ എപ്പിസ്ക്കോപ്പൽ ബിഷപ്പായ റ്റോണി പാൽമർ വശം അമേരിക്കയിലെ റ്റെക്സാസിലേക്ക് കൊടുത്തയച്ചു. 2014 ഫെബ്രുവരി 15-ന് റ്റെക്സാസിലെ, പെന്തക്കോസ്ത് നേതാക്കന്മാരുടെ ഒരു കോൺഫറൻസിൽ പോപ്പ് ഫ്രാൻസിസിന്റെ അസാധാരണമായ ഈ വീഡിയോ കാണിക്കുകയുണ്ടായി. വീഡിയോ i phone ൽ രേഖപ്പെടുത്തിയിരുന്നു. പ്രാരംഭമായി പാൽമർ കണ്ണുതുറപ്പിക്കുന്ന ഒരു പ്രസംഗം നടത്തി. അദ്ദേഹം പറഞ്ഞത്: "നീതീകരണം എന്നത് അർത്ഥമാക്കുന്നത് ക്രിസ്തുതന്നെയാണ്, നമ്മുടെ നീതി എന്നാണ്. പിതാവിന്റെ സമ്മതത്തോടെ പരിശുദ്ധാത്മാവിലൂടെ നാം അതിന്റെ പങ്കുകാരാകുന്നു. നാം ഒന്നിച്ച് (കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ലൂഥറന്മാരും) ഇത് സമ്മതിക്കുന്നു. നമ്മുടെ യാതൊരു യോഗ്യതകൊണ്ടും

അല്ല, കൃപയാൽ മാത്രം, ക്രിസ്തുവിന്റെ രക്ഷിക്കുന്ന പ്രവൃത്തിയിലുള്ള വിശ്വാസത്താൽ നാം ദൈവത്താൽ അംഗീകരിക്കപ്പെടുകയും, ഹൃദയങ്ങളെ നവീകരിക്കുകയും സജ്ജമാക്കുകയും നല്ല പ്രവർത്തിക്കായി നമ്മെ വിളിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്യുന്നു.

ലൂഥറിന്റെ എതിർപ്പ് തീർന്നു. കത്തോലിക്കരും ലൂഥറന്മാരും 1999 ൽ ഒപ്പിട്ട ഒരു ഉടമ്പടി ഉണ്ടായിരുന്നു. നൂറ്റാണ്ടുകളായിട്ട് കത്തോലിക്കർ വിശ്വസിക്കുന്നത് പ്രവർത്തിയാലുള്ള രക്ഷയിലാണ്. ലൂഥറന്മാർ വിശ്വസിക്കുന്നത് കൃപയാലുള്ള രക്ഷയിലാണ്. എന്നാൽ ഈ രേഖയിൽ ഇവ രണ്ടും കൂടെ ഒന്നിച്ചിരിക്കുന്നു. കൃപയാൽ മാത്രമുള്ള രക്ഷ നമ്മെ നല്ല പ്രവൃത്തികളിലേക്ക് നയിക്കുന്നു.

ഈ സത്യവാങ്മൂലം കൊണ്ട് പ്രൊട്ടസ്റ്റന്റുകാർ ഇല്ലാതെയായി. കാരണം അവർക്ക് ഇനി എതിർക്കുവാൻ ഒന്നും ഇല്ല. എതിർപ്പ് ഇല്ലെങ്കിൽ പിന്നെ എങ്ങനെ പ്രൊട്ടസ്റ്റന്റു സഭ ഉണ്ടാകും? നമ്മൾ എല്ലാവരും ഇപ്പോൾ കത്തോലിക്കരാണ്. നാം ഇപ്പോൾ പ്രസംഗിക്കുന്നത് ഒരേ സുവിശേഷമാണ്".

"All under one Christ" para 14, on growth in agreement, 241-247.

## വീഡിയോയിലെ സന്ദേശം

രണ്ട് നിയമങ്ങൾ-ഒന്ന് എല്ലാറ്റിലും മേലായി ദൈവത്തെ സ്നേഹിക്കുക. മറ്റേത് മറ്റുള്ളവരെ സ്നേഹിക്കുക. കാരണം, അവർ നിന്റെ സഹോദരനോ സഹോദരിയോ ആണ്. ഈ രണ്ടു പ്രമാണങ്ങളുമായി നമുക്ക് മുൻപോട്ട് പോകാം. റ്റോണി പാൽമർ എന്റെ ബിഷപ്പ് സഹോദരനാണ്. വർഷങ്ങളായി ഞങ്ങൾ കൂട്ടുകാരാണ്.

അദ്ദേഹം നിങ്ങളുടെ യോഗത്തെക്കുറിച്ച് എന്നോട് പറഞ്ഞിരുന്നു. നിങ്ങളെ അഭിവാദ്യം ചെയ്യുന്നതിൽ എനിക്ക് സന്തോഷമുണ്ട് തിരിച്ചുവരണമെന്നുള്ള അത്യാസക്തിയോടും സന്തോഷത്തോടുംകൂടെ ഉള്ള അഭിവാദ്യം!. സന്തോഷത്തിനുകാരണം, ഏക കർത്താവായ യേശുക്രിസ്തുവിനെ ആരാധിക്കുവാൻ നിങ്ങൾ ഒത്തുചേർന്നതിലാണ്. പിതാവിനോട് പ്രാർത്ഥിക്കുവാനും, പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാനും ലോകം മുഴുവനും ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നമുക്ക് കാണാൻ കഴിയുന്നു എന്നത്





എനിക്ക് സന്തോഷം തരുന്നു. തിരിച്ചുവരണമെന്നുള്ള ആഗ്രഹത്തിനു കാരണം പക്ഷേ...... നമ്മുടെ നഗരപ്രാന്തത്തിൽ പരസ്പരം സ്നേഹിക്കുന്ന കുടുംബങ്ങളും സ്നേഹിക്കാത്ത കുടുംബങ്ങളും ഉണ്ട്. ഒന്നിച്ച് കൂടുന്ന കുടുംബങ്ങളും ഭിന്നിച്ചിരിക്കുന്ന കുടുംബങ്ങളും. നമ്മൾ ഒരുവിധം .. എന്നെ പറയാൻ അനുവദിച്ചാൽ ഭിന്നിച്ചിരി ക്കുകയാണ്.

ഭിന്നതക്കുകാരണം, പാപം നമ്മെ ഭിന്നിപ്പിച്ചു. നമ്മുടെയെല്ലാം പാപം ചരിത്രത്തിലുടനീളം ഉണ്ടായ തെറ്റിദ്ധാരണ. പാപത്തിന്റെ ആ നീണ്ട വഴികളിൽ നാം എല്ലാം പങ്കാളികളാണ്. ആരെ പഴിക്കണം? പഴി നമുക്ക് എല്ലാവർക്കും കൂടെ ആണ്. നമ്മൾ എല്ലാം പാപം ചെയ്തു. പാപമില്ലാത്ത ഒരാളെ ഉള്ളൂ. അത് കർത്താവാണ്. ഈ ഭിന്നിപ്പ് അവസാനിപ്പിച്ച് ആശയവിനിമയം ഉണ്ടാക്കണമെന്ന് ഞാൻ അത്യധികം ആഗ്രഹിക്കുന്നു. യോസേഫിന്റെ സഹോദരന്മാർ പട്ടിണികിടക്കാൻ തുടങ്ങിയപ്പോൾ വിശപ്പുകൊണ്ട്, ഭക്ഷണസാധനങ്ങൾ വാങ്ങാൻ ഈജിപ്റ്റിൽ പോയി. യോസേഫ് അവരെ ആലിംഗനം ചെയ്തു എന്ന് തിരുവചനം പറയുന്നു. ആ ആലിംഗനമാണ് വേണ്ടത്.

അവർ വാങ്ങാൻ പോയി. അവർക്ക് പണമുണ്ടായിരുന്നു. പക്ഷേ അവർക്ക് പണം തിന്മാൻ കഴിഞ്ഞില്ല. ഭക്ഷണത്തെക്കാൾ മെച്ചമായത് അവിടെ അവർക്ക് കിട്ടി. അവരുടെ സഹോദരനെ. നമ്മൾക്കെല്ലാം കറൻസി ഉണ്ട്. സംസ്ക്കാരത്തിന്റെ സമ്പത്തുണ്ട്. മതപരമായ സമ്പത്തുണ്ട്. നമുക്ക് വെവ്വേറെയായ പാരമ്പര്യവും ഉണ്ട്. എന്നാൽ നാം പരസ്പരം സഹോദങ്ങളായിട്ട് കണക്കാക്കണം. യോസേഫിനെപ്പോലെ നമുക്ക് ഒന്നിച്ച് കരയാം. ഈ കണ്ണുനീർ നമ്മെ ഒന്നിപ്പിക്കും. സ്നേഹത്തിന്റെ അശ്രുക്കൾ. ഞാൻ ഒരു സഹോദരനായിട്ട് നിങ്ങളോട് പറയുന്നു. ലളിതമായ രീതിയിൽ ഞാൻ നിങ്ങളോട് സംസാരിക്കുന്നു. സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ നമുക്ക് നമ്മുടെ പ്രതീക്ഷ വളരാൻ അനുവദിക്കണം. അത് പരസ്പരം കണ്ടെത്താനും ആലിംഗനം ചെയ്യുവാനും നമ്മെ പ്രേരിപ്പിക്കും. ചരിത്രത്തിന്റെ ഏക കർത്താവായ യേശുക്രിസ്തുവിനെ നമുക്ക് ഒന്നിച്ച് ആരാധിക്കുവാനും.

എന്നെ ശ്രദ്ധിച്ചതിന് ഞാൻ അവഗാഢമായി നന്ദി പറയുന്നു. ഹൃദയത്തിന്റെ ഭാഷയിൽ നിങ്ങളോട് സംസാരിക്കാൻ അനുവദിച്ചതിന് നന്ദി പറയുന്നു. ഞാൻ നിങ്ങളോട് സഹായം ചോദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കുക. കാരണം, എനിക്കു നിങ്ങളുടെ

പ്രാർത്ഥന ആവശ്യമാണ്. ഞാൻ നിങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കും. ഞാൻ അതു ചെയ്യും. പക്ഷേ എനിക്ക് നിങ്ങളുടെ പ്രാർത്ഥന ആവശ്യമാണ്. എല്ലാവരേയും ഒന്നിപ്പിക്കുന്ന കർത്താവിനോട് നമുക്ക് പ്രാർത്ഥിക്കാം. വരൂ, നമ്മൾ സഹോദരങ്ങൾ ആണ്. നമുക്ക് പരസ്പരം ഒരു ആത്മീക ആലിംഗനം കൊടുക്കാം. ദൈവം ആരംഭിച്ച ജോലി ദൈവം തന്നെ തീർക്കട്ടെ. ഇത് ഒരു അത്ഭുതം ആണ്. യോജിപ്പിന്റെ ഈ അത്ഭുതം തുടങ്ങികഴിഞ്ഞു. ദൈവം ഈ സംയോജനത്തിന്റെ അത്ഭുതം പൂർത്തീകരിക്കും. എന്നെ അനുഗ്രഹിക്കാൻ ഞാൻ നിങ്ങളോട് അവശ്യപ്പെടുന്നു. ഞാൻ നിങ്ങളെ അനുഗ്രഹിക്കുന്നു. ഒരു സഹോദരനിൽ നിന്ന് സഹോദരനിലേക്ക്. ഞാൻ നിങ്ങളെ ആലിംഗനം ചെയ്യുന്നു. എല്ലാവർക്കും നന്ദി.

ഈ വീഡിയോയിൽ, കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിലുള്ള ഭിന്നിപ്പ് അവസാനിപ്പിക്കണം എന്ന പോപ്പിന്റെ വാഞ്ച പ്രകടമാക്കിയിരിക്കുന്നു. യോസേഫിന്റെ കഥയിലെ യോസഫ് താൻ തന്നെ ആണെന്ന് സങ്കൽപ്പിച്ച് സഹോദരങ്ങളെ കണ്ടത്തി ആലിംഗനം ചെയ്യുവാൻ കാത്തിരിക്കുന്നു.

അവിടെ കൂടിയിരുന്ന സുവിശേഷകന്മാരുടെ പ്രതികരണം ഞെട്ടിക്കുന്നതായിരുന്നു. പോപ്പിന്റെ പ്രസംഗത്തിന് നിലനിൽക്കുന്ന ജയഘോഷമാണ് ലഭിച്ചത്. കെന്നത്ത് കോപ്ലൻഡും മുഴുവൻ സഭയും അന്യഭാഷയിൽ പോപ്പിനു വേണ്ടി പ്രാർത്ഥിച്ചശേഷം ഒരു വീഡിയോ ദൂത് മറുപടിയായി പാൽമറിന്റെ കയ്യിൽ കൊടുത്തുവിട്ടു. പാൽമർ, കോപ്ലൻഡിനെ വത്തിക്കാനിലേക്ക് ക്ഷണിച്ചു. അദ്ദേഹം ആ ക്ഷണം സ്വീകരിക്കുകയും ചെയ്തു. താഴെ പറയുന്ന വെബ്സൈറ്റ് പൂർണ്ണമായ വിവരം കൊടുക്കുന്നു. http:www.youtube.come/watch?v=ehfpe VGLYXS-

റ്റോണിപാൽമർ, വിശ്വാസവും പ്രവർത്തിയും ഒക്കെ കൂടെ കൂട്ടിക്കുഴച്ച് ഒരു വാചക കസർത്ത് നടത്തി. കത്തോലിക്കർ വിശ്വസിക്കുന്നത് പ്രവർത്തിയാലുള്ള രക്ഷയാണ്. 1545-ൽ നടന്ന ട്രെൻഡ് കൗൺസിലിൽ ആണ് കത്തോലിക്കരുടെ അടിസ്ഥാന ഉപദേശങ്ങൾ രൂപം കൊണ്ടത്. ആ കൗൺസിലിന്റെ കൃത്യമായ ഒരു ഉദ്ധരണി എഴുതട്ടെ! "പാപി നീതീകരിക്കപ്പെടുന്നത് വിശ്വാസത്താൽ മാത്രമാണെന്നോ, നീതീകരണത്തിനുള്ള കൃപലഭിക്കുവാൻ വേറെ





യാതൊന്നും ആവശ്യമില്ലെന്നോ പറയുന്നവർ സ്വന്ത തീരുമാനപ്രകാരം ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു".
http:www.theopedia.come/councilofTrent

ഈ നിലപാട് കത്തോലിക്കർ ഒരിക്കലും തിരുത്തിയിട്ടില്ല, പകരം പല വർഷങ്ങളിലും അത് വീണ്ടും ഉറപ്പിച്ച് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം മാറ്റാതെ യോജിപ്പിനെപ്പറ്റി പറയുന്നതിൽ യാതൊരു ആത്മാർത്ഥതയും ഇല്ല. വിശ്വാസത്താലുള്ള നീതീകരണം എന്ന വിഷയത്തിൽ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിലുള്ള യോജിപ്പ് കടലാസിൽ മാത്രമാണ്. ലൂഥറിന്റെ എതിർപ്പുകൾ വാസ്തവമായിതീർന്നോ? വിറ്റൽബർഗ്ഗിന്റെ കതകിൽ ലൂഥർ തറച്ചത് 95 എതിർബന്ധങ്ങൾ ആണ്. അവയിൽ പാപമോചനചീട്ട് വിൽക്കുന്നതു മാത്രമെ സഭ നിർത്തിയിട്ടുള്ളൂ. ബാക്കി 94 എണ്ണത്തിൽ എന്തു മാറ്റമാണ് കത്തോലിക്കാസഭ വരുത്തിയിട്ടുള്ളത്? ടോണി പാൽമർ, വിശ്വാസതത്വങ്ങൾ മാറ്റിവച്ചിട്ട് ഒന്നിക്കാം എന്നു പറഞ്ഞതിൽ അതിശയിക്കാനില്ല. "നാം മുകളിലത്തെ നിലയിൽ ചെല്ലുമ്പോൾ ദൈവം ഉപദേശങ്ങളെ തെരഞ്ഞെടുത്തുതരും. കരിസ്മാറ്റിക്കിന്റെ ആത്മാവ് നമ്മെ യോജിപ്പിക്കട്ടെ". എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ദൈവം താഴത്തെ നിലയിൽ തന്നെ ഉപദേശങ്ങൾ തന്നിട്ടുണ്ട്. അവയാണ് തീരുമാനങ്ങളുടെ അടിത്തറ. 2 തിമൊഥി. 3:16,17 – "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവവർത്തിക്കും വകപ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാകുന്നു". കൂടാതെ 1 തിമൊ. 4:16–ൽ വചനത്തിൽ ഉറച്ചുനിൽക്കുവാൻ ആവശ്യപ്പെടുന്നു. 1 യോഹ. 4:1 ൽ ഏത് ആത്മാവിനെയും ശോധന ചെയ്യുവാൻ പറയുന്നു.

പാപ്പാത്വത്തിന്റെ അപ്രമാദിത്വം (തെറ്റിക്കൂടായ്മ), പാപാപ്പാത്വ സമുന്നതത്വം, വിശുദ്ധന്മാരെയും അവരുടെ ശേഷിപ്പുകളെയും (അവരുടെ ശവം, എല്ല്, പല്ല്, തുണി ആദിയായവ) ആരാധിക്കുന്നത്, മരിച്ച് മൗനതിയിൽ ഇരിക്കുന്നവരെ സ്വർഗ്ഗത്തിൽ വിശുദ്ധരായി പ്രഖ്യാപിക്കുന്നത്, ദൈവത്തിനും മനുഷ്യനും ഇടയിലെ മാനുഷിക പൗരോഹിത്യം, ബ്രഹ്മചര്യം, പുരോഹിതന്മാരാൽ ഉള്ള പാപക്ഷമ, പാപശിക്ഷ ഇളവുചെയ്യൽ, പദാർത്ഥത്തെ മറ്റൊരു വസ്തുവായി മാറ്റുക,

നരകവും അനശ്വരത്വവും, നീതീകരണം, പ്രായശ്ചിത്തം, സ്വാഭാവിക നിയമത്തിന് ദിവ്യനിയമത്തേക്കാൾ പ്രാധാന്യം – ഇവ ഒന്നും തിരുവചനപ്രകാരം അല്ല. വചനത്തിൽ നിലനിൽക്കുവാൻ വി. പൗലോസ് പറയുമ്പോൾ അത് അനുസരിക്കുവാൻ ബാധ്യസ്ഥനായ ക്രിസ്ത്യാനി എങ്ങനെ ഇവ ഉൾക്കൊള്ളും? യേശു ഓരോ ശുശ്രൂഷയിലും ബലി അർപ്പിക്കപ്പെടുന്നു എന്ന തത്വം ഒരു പ്രൊട്ടസ്റ്റന്റ് വിശ്വാസിക്കോ കരിസ്മാറ്റിക് പെന്തക്കോസ്തുകാരനോ അംഗീകരിക്കുവാൻ കഴിയുമോ?

വിഗ്രഹങ്ങളുടെയും പടങ്ങളുടെയും മുൻപിൽ മുട്ടുകുത്തുവാൻ പെന്തക്കോസ്തുകാരൻ തയ്യാറാകുമോ? പോപ്പിന്റെ സർവ്വാധികാരം അംഗീകരിക്കുന്നത് ലോക പ്രൊട്ടസ്റ്റന്റുകാർക്ക് സുഖപ്രദം ആയിരിക്കുമോ? റോമൻ കത്തോലിക്കാ മജിസ്ട്രേറ്റ് നടത്തുന്ന വേദവ്യാഖ്യാനം പ്രൊട്ടസ്റ്റന്റ്കാർക്ക് അംഗീകരിക്കാൻ കഴിയുമോ? വിശുദ്ധ മറിയ ദൈവത്തിന്റെ അമ്മ ആണെന്നും അവർ പാപമില്ലാത്ത വിധം ജനിച്ചു എന്നും (അമലോത്ഭവം) ജീവിച്ചിരുന്നപ്പോൾ പാപം ഒന്നും ചെയ്തിട്ടില്ലെന്നും, ഇപ്പോൾ സ്വർഗ്ഗത്തിൽ ഇരുന്ന് പാപികൾക്കുവേണ്ടി മദ്ധ്യസ്ഥം പറയുന്നു എന്നും വിശ്വസിക്കാൻ ഒരു പ്രൊട്ടസ്റ്റന്റുകാരനോ, പെന്തിക്കൊസ്തുകാരനോ എളുപ്പമാകുമോ? ഇവയെല്ലാം അപ്രധാനമായ ഭിന്നാഭിപ്രായങ്ങൾ ആണോ? ഇവയെല്ലാം രക്ഷയുമായി ബന്ധപ്പെട്ട് പ്രാധാന്യം അർഹിക്കുന്നവയാണ്. വേദപുസ്തകം മാത്രമല്ല വിശ്വാസത്തിന് അടിസ്ഥാനം എന്നും നൂറ്റാണ്ടുകളിലൂടെ കൈമറിഞ്ഞു വന്ന പാരമ്പര്യത്തെ ആശ്രയിക്കാം എന്ന് ഒരുപ്രൊട്ടസ്റ്റന്റ് വിശ്വാസി എങ്ങനെ അംഗീകരിക്കും? നമ്മുടെ പാപങ്ങളെ യേശുക്രിസ്തു മുഴുവനായി കഴുകിക്കളയാത്തതുകൊണ്ട് ശുദ്ധീകരണ സ്ഥലത്തുപോയി അവിടത്തെ ദണ്ഡനങ്ങൾ ഏറ്റ് പൂർണ്ണ ശുദ്ധി വരുത്തണമെന്ന തത്വം അംഗീകരിക്കുവാൻ സത്യക്രിസ്ത്യാനി സമ്മതിക്കുമോ? ഇവയെല്ലാം ലോകപ്രകാരംഉള്ള വികാരങ്ങൾ ആണ്. നമ്മുടെ മാനദണ്ഡം ബൈബിൾ ആണ് വികാരങ്ങൾ അല്ല.

മേൽപ്പറഞ്ഞവ ഒന്നും അംഗീകരിക്കുവാനും, അനുസരിക്കുവാനും ഒരുക്കമല്ലെങ്കിലും നാലാം കല്പനയായ ഏഴാം ദിന ശബ്ബത്ത് മാറ്റി പകരം സ്ഥാപിച്ച ഞായറാഴ്ച ആചാരം എല്ലാവരും അംഗീകരിച്ച് അനുസരിച്ചുവരുന്നു. നാം ആരെ അനുസരിക്കുന്നുവോ അവർക്ക് ദാസന്മാർ ആണ്. ദൈവത്തെ അനുസരിച്ചാൽ ദൈവത്തിന്റെ മുദ്ര





നെറ്റിയിൽ വീണിരിക്കും. റോമർ 6:16, വെളിപ്പാട് 7:3.

ക്രിസ്തുവിനെ അനുസരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കും. അ.പ്ര. 5:32. “സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും....”. യോഹ. 16:13. സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കണം. വചനമാണ് സത്യം. അത് മാറ്റിവച്ചിട്ട് ആത്മാവിൽ ആരാധിക്കുവാൻ ആർക്കും സാധ്യമല്ല. കാരണം അനുസരിക്കുന്നവർക്കാണ് പരിശുദ്ധാത്മാവ് ഉള്ളത്. എഫേ. 2:2 ൽ പറയുന്നത് അനുസരിക്കാത്തവർക്കും ആത്മാവ് ഉണ്ടെന്നാണ്. അതുപക്ഷെ, പരിശുദ്ധാത്മാവല്ല.

സാത്താന്റെ പോരാട്ടം, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിച്ചിരിക്കുന്നവരോടു മാത്രമാണ്. വെളി. 12:17.

## ശിക്ഷ

കടുംചുവപ്പുള്ള വസ്ത്രം ധരിച്ച് അശുദ്ധി നിറഞ്ഞ സ്വർണ്ണപാത്രം കൈയ്യിൽ പിടിച്ച് പെരുവെള്ളത്തിന്മേൽ ഇരിക്കുന്ന സ്ത്രീക്ക് ശിക്ഷ ഉണ്ടെന്ന് വെളിപ്പാടു പുസ്തകം പറയുന്നു. ദുരുപദേശമാകുന്ന മദ്യം അവൾ സകല ജാതികളേയും കുടിപ്പിക്കും (വെളി. 18:3). അതാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. വചനത്തിൽ ഉറച്ചുനിൽക്കാത്തവരെല്ലാംഈ മദ്യം കുടിച്ച് മത്തരാകും. അങ്ങനെ മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്ക് ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും. ഈ ക്രോധമദ്യം അവസാനത്തെ ആറു ബാധകൾ ആണ്.

ദൈവത്തിന് ലോകത്തോടു പറയുവാനുള്ള ഏറ്റവും അവസാനത്തെ ദൂതാണ് വെളിപ്പാട് 18:4 ൽ കാണുന്നത്. “എന്റെ ജനമായുള്ളോരേ, (നിങ്ങൾ ഏത് തൊഴുത്തിൽ ഉൾപ്പെട്ട ആടുകൾ ആയാലും ശരി) അവളുടെ പാപങ്ങളിൽ കൂട്ടാളികൾ ആകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകതെയും ഇരിപ്പാൻ അവളെവിട്ടു പോരുവീൻ”.